# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSADTVM/ML/646/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/05/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

സർ,

വിഷയം : നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉ.പ.സ.)
2. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ)
3. ഡയറക്ടർ, നഗരകാര്യവകുപ്പ് (ഉ.പ.സ.)
4. കാര്യാലയ പകർപ്പ്

നമ്പർ: KSADTVM/ML/646/2023 തീയ്യതി: 23/05/2023

## തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 27-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-04-2023 | 27-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലക്ഷ്മി വി എസ് നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത.ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമിതി വെർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീതാ ജാസ്മിൻ ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുനിതാബാബു ബി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി.എസ്.ആർ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.കെ. രാജമോഹനൻ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. മണികണ്ഠൻ .ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ലോറൻസ്. എൻ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. ശശികുമാർ. പി.കെ. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ .എസ്.വി | പ്രോജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിഷ്ണുപ്രിയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി മിനി .എസ്.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-11-2021 | 31-03-2022 |
| ഡോ. ലിനി. എം.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. ഐഡ പേർളിൻ തങ്കം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ആർ.എസ്. മിനി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. വി. ശിവസെന്തിൽകുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. സുരേഷ് കുമാർ .എസ്.കെ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേരി സ്റ്റെല്ല | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ജിജു. ജെ.കെ. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. കെ.എം. അനിൽകുമാർ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2021 | 30-06-2021 |
| ശ്രീ. സജി .റ്റി | കൃഷി ഫീൽഡ് ഓഫീസർ | 01-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ജോയ് ജോൺസ് | പ്രിൻസിപ്പൽ ജി.ബി.എച്ച്.എസ്.എസ്, നെയ്യാറ്റിൻകര | 01-04-2021 | 31-03-2022 |
| ശ്രീ. വി. വിനോദ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ജയകുമാർ .എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കെ.എസ്. രാജി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | | |
| 2 | ബജറ്റ് | 1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-5 |
| 7 | ക്ഷേമപെൻഷനുകൾ | 1-6 |
| 8 | പെൻഷൻ വിതരണം-അപാകതകൾ | 1-6-1 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | തൊഴിൽരഹിതവേതന വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല,259920/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-10 |
| 13 | ഭീമമായ വാടക കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു. | 1-11 |
| 14 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല. | 1-12 |
| 15 | ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു. | 1-13 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കുന്നില്ല | 1-14 |
| 17 | കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല. | 1-14-1 |
| 18 | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കുന്നില്ല | 1-14-2 |
| 19 | അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നില്ല. | 1-14-3 |
| 20 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 21 | തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് | 1-15-1 |
| 22 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. | 1-15-2 |
| 23 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-15-3 |
| 24 | റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 1-15-4 |

| | | |
|---|---|---|
| 25 | ടാക്സ് പ്രാക്ടീഷണർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-15-5 |
| 26 | വൈദ്യശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം | 1-15-6 |
| 27 | ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-15-7 |
| 28 | കണ്ടിജന്റ് ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം യഥാസമയം ഒടുക്കുവരുത്തുന്നില്ല. | 1-16 |
| 29 | വിനിയോഗ രേഖകൾ ലഭ്യമായില്ല – ചെലവു തുക 19,95,525/- രൂപ തടസ്സം ചെയ്യുന്നു. | 1-17 |
| 30 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്ററൻഷൻ- നിക്ഷേപ പ്രവൃത്തികൾക്കായുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല – 70,00,000/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-18 |
| 31 | സ്ട്രീറ്റ് ലൈൻ എക്സ്ററൻഷൻ- വിനിയോഗ രേഖകൾ ലഭ്യമല്ല – 17,44,676/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-19 |
| 32 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാങ്ങിയതിൽ പുനരുപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവരം ലഭ്യമായില്ല - 4,74,011/- രൂപ തടസ്സം ചെയ്യുന്നു. | 1-20 |
| 33 | നിലവിലില്ലാത്ത വാട്ടർ കണക്ഷനുകൾക്കായി ഒടുക്കിയതുക – 4,65,101/- രൂപ തടസ്സം ചെയ്യുന്നു. | 1-21 |
| 34 | ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു. | 1-22 |
| 35 | 1.53 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു. | 1-23 |
| 36 | എം.എൽ.എ ഫണ്ടുപയോഗിച്ചുള്ള പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-24 |
| 37 | ചെലവഴിക്കാത്ത മുൻകൂർ തുക തിരികെ ഒടുക്കിയതിൽ കാലതാമസം - പിഴ ഈടാക്കിയില്ല | 1-25 |
| 38 | അനുമതി ഇല്ലാതെ ജിയോ ഫൈബർ കണക്ഷൻ പ്രവൃത്തികൾ നടപ്പാക്കി - വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-26 |
| 39 | അനധികൃത ചന്തകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 40 | ആസ്തി സംരക്ഷണം - ഊർജ്ജിതമാക്കേണ്ടതാണ് | 1-28 |
| 41 | ഷീലോഡ്ജ് പൂർത്തീകരണം പദ്ധതി - കരാറുകാരന് തുക അധികം നൽകി - 94,974/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-29 |
| 42 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-75618/-രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 43 | മരുന്ന് വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായില്ല - 2,08,159/- രൂപയുടെ | 1-31 |

| | | |
|---|---|---|
| | ചെലവ് തടസ്സം ചെയ്യുന്നു | |
| 44 | ജി.എസ് ടി റ്റി.ഡി എസ് ഈടാക്കിയിട്ടില്ല. | 1-32 |
| 45 | ദുരന്ത നിവാരണ ഫണ്ടുവിനിയോഗം- പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-33 |
| 46 | ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം | 1-33 (എ) |
| 47 | ജി.എസ്.ടി. സ്വീകരിച്ച് അടവാക്കുന്നതിലെ അപാകങ്ങൾ | 1-34 |
| 48 | തനതു ഫണ്ടിൽ നിന്നും ബാങ്ക് ചാർജ്ജസ് ഇനത്തിൽ തുക ഈടാക്കുന്നു. - നഷ്ടം 10,940/-രൂപ | 1-35 |
| 49 | ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ ക്രമമല്ല | 1-36 |
| 50 | മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഓണറേറിയം നൽകി - 180000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 51 | ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം നൽകി - 6900/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-38 |
| 52 | ബില്ലുകളിൽ നിന്ന് റ്റി.ഡി.എസ്.ഈടാക്കിയില്ല | 1-39 |
| 53 | നഗരസഭക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ | 1-39-1 |
| 54 | മുൻകൂർ വാങ്ങിയ തുകകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല-129000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |
| 55 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-41 |
| 56 | വാഹനങ്ങളുടെ പരിപാലനം -തൃപ്തികരമല്ല. | 1-41(a) |
| 57 | ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ നടത്തി - 3,56,308/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-42 |
| 58 | ഹരിതകർമസേനയുടെ പ്രവർത്തനങ്ങളിലെ അപാകതകൾ | 1-43 |
| 59 | ബയോ ഡൈജസ്ററർ ബിൻ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്താതെ ആവശ്യത്തിലധികം വാങ്ങി സൂക്ഷിച്ചിരിക്കുന്നു. | 1-44 |
| 60 | അഗതി രഹിത കേരളം പദ്ധതി - ഡവലപ്മെന്റ് ഫണ്ടിൽ നിന്നും പിൻവലിച്ച 10,00,000/- രൂപ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല. | 1-45 |
| 61 | ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ അധിക തുക നൽകി - 10500/-രൂപ നിരാകരിക്കുന്നു. | 1-46 |
| 62 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിച്ചിട്ടില്ല. | 1-47 |
| 63 | മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല- പിഴ 3172/-രൂപ ഈടാക്കിയിട്ടില്ല | 1-48 |
| 64 | മാനുവൽ ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന ടെണ്ടർ നിരക്കുകളിൽ (ടെണ്ടർ ഷെഡ്യൂളിൽ ) നിബന്ധനകൾ പാലിക്കാതെ തിരുത്തലുകൾ വരുത്തുന്നു. | 1-49 |

| | | |
|---|---|---|
| 65 | റിവൈസ്ഡ് എസ്റ്റിമേറ്റ് , ചെലവുവിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല- 4,50,000 /-രൂപ തടസ്സപ്പെടുത്തുന്നു. | 1-50 |
| 66 | കിണർ റീചാർജിംഗ് പദ്ധതിയിൽ അനിവാര്യമായ ഇനങ്ങൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കി , പദ്ധതി പൂർത്തിയാക്കിയില്ല – 7,28,831/- രൂപ തടസ്സപ്പെടുത്തുന്നു. | 1-51 |
| 67 | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവുചെയ്യാതെ കരാറുകാരന് തുക നൽകി- 2086/- രൂപ ഈടാക്കേണ്ടതാണ്. | 1-52 |
| 68 | പനങ്ങാട്ടുകരി വാർഡ് വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗും ഇന്റർലോക്കിംഗും - കരാറുകാരന് അധിക തുക നൽകി | 1-53 |
| 69 | റോഡ് ടാറിംഗ് പ്രവൃത്തികളി**ൽ** ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല. | 1-54 |
| 70 | മരാമത്ത് ബില്ലിൽ നിന്നും ടെണ്ടർ കുറവ് ചെയ്തിട്ടില്ല- 2,499/-രൂപ തിരികെ ഒടുക്കി | 1-55 |
| 71 | ഇ-ടെണ്ടർ ഫോറവിലയിനത്തിലെ തുക ലഭ്യമായിട്ടില്ല. | 1-56 |
| 72 | പൊതുമരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിലെ അപാകതകൾ | 1-57 |
| 73 | ജി.എസ്.ടി കോംപൻസേഷൻ - കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഹാജരാക്കുന്നില്ല | 1-58 |
| 74 | ചെലവുപത്രിക പ്രകാരമുള്ള പ്രോജക്ട് ചെലവും ബാങ്ക് അക്കൌണ്ട് മുഖേനയുള്ള ചെലവും (ധനകാര്യകമ്മിഷൻ ഗ്രാന്റ്) പൊരുത്തപ്പെടുന്നില്ല | 1-59 |
| 75 | ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ പ്രവൃത്തികൾ - അപാകങ്ങൾ 12,73,278/-രൂപതടസ്സപ്പെടുത്തുന്നു | 1-60 |
| 76 | റോഡ് ടാറിംഗ് പ്രവൃത്തികളിലെ അപാകങ്ങൾ - 24,93,840/-രൂപ തടസ്സപ്പെടുത്തുന്നു. | 1-61 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ അധിക തുക നൽകി - 10500/- രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | ഷീലോഡ്ജ് പൂർത്തീകരണം പദ്ധതി - കരാറുകാരന് തുക അധികം നൽകി - 94,974/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-2 |
| 3 | ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം നൽകി - 6900/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് മുന്നിരുപ്പ് 75303404/-, വരവ് 1032530000/-, ചെലവ് 1063527000/-, ബജറ്റ് നീക്കിയിരുപ്പ് 44306404/-. മേൽ പ്രകാരമുള്ള ബജറ്റ് ഭരണസമിതി അംഗീകരിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. ഈകാലയളവിലെ മിനിട്സ് ബുക്ക് കാണ്മാനില്ലായെന്നും അറിയിച്ചിരുന്നു.

1-1-1 വരവ് ചെലവുകൾ തമ്മിൽ വലിയ അന്തരം

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ്, വാർഷിക കണക്കുകൾ പ്രകാരമുള്ള വരവു ചെലവുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വരവ് | 1032530000 | 332716570 |
| ചെലവ് | 1063527000 | 311201920 |

ഇൻകം&എക്സ്പന്റിച്ചർ പ്രകാരമുള്ള വരവു, ചെലവുകളുടെ 200% ലുമധികമാണ് ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ. ബജറ്റ്, വാർഷിക കണക്കുകൾ പ്രകാരമുള്ള വലിയ അന്തരത്തിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-2 ബജറ്റ് തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 285, 286പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല

ബജറ്റ് തയ്യാറാക്കുന്നതിനു സ്റ്റാന്റിംഗ് കമ്മിറ്റികൾ ശുപാർശകൾ നൽകിയിട്ടില്ല. ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നതിനു ചുമതലപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച അജണ്ട രേഖപ്പെടുത്തി ചർച്ചകൾ നടത്തിയിട്ടില്ല.

1-1-3 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്. നഗരസഭ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പുതുക്കിയതായി അറിയിച്ചുവെങ്കിലും റിവൈസ്ഡ് ബജറ്റ് ഭരണസമിതി അംഗീകരിച്ചതിനുള്ള രേഖകൾ ലഭ്യമായില്ല. ലഭ്യമാക്കിയ റിവൈസ്ഡ് ബജറ്റിലും അധികമാണ് നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ്.

എ) ബജറ്റിലധികമായി ചെലവു ചെയ്തതു സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | 2021-22 ബജറ്റ് പ്രകാരമുള്ള തുക | 2021-22 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2103001 റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് | 500000 | 11681199 |
| 2103002 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് | 1500000 | 12095688 |
| 2208002 ഉത്സവങ്ങൾ/മേളകൾ ചെലവുകൾ | 200000 | 361310 |
| 2208099 പലവക ഭരണ | 1000000 | 1690410 |

| ചെലവുകൾ | | |
|---|---|---|

ബി) വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, തുക ചെലവഴിക്കാതിരിക്കുകയോ, വകയിരുത്തിയതിലും വളരെ കുറച്ച് ചെലവഴിക്കുകയോ ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ

| ഹെഡ് | 2021-22 ബജറ്റ് പ്രകാരമുള്ള തുക | 2021-22 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2201001 വാടക | 700000 | 22875 |
| 2201003 നികുതികൾ | 200000 | 18691 |
| 2201101 ഓഫീസ് വൈദ്യുതി ചെലവുകൾ | 1200000<br>1000000 | 11016 |
| 2201202 പോസ്റ്റേജ് ചെലവുകൾ | 300000 | 0 |

ബജറ്റ് തയ്യാറാക്കിയതിലും, ബജറ്റ് നിയന്ത്രണത്തിലുമുള്ള അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങളിൽ (നം. 24/18.04.2023, 27/19.04.2023) ആദ്യത്തേതിന് അപാകങ്ങൾ പരിഹരിച്ച് ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതാണെന്ന മറുപടി നൽകി. ബജറ്റ്, റിവൈസ്ഡ് ബജറ്റ് തുടങ്ങിയവയ്ക്ക് സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി അംഗീകാരം നൽകിയതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. ബജറ്റ്, റിവൈസ്ഡ് ബജറ്റുകൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 05.08.2022 | - | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) ബി14 – Stock In Hand (Inventories) ൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

3) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പ്, വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വാർഷിക കണക്കുകളിൽ രണ്ടു വർഷത്തെ തുകകൾ ലഭ്യമാക്കി, താരതമ്യ പഠനം സാധ്യമാക്കിയിട്ടില്ല.

5) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

6) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി1 പ്രകാരമുള്ള തുകകൾ ലാൻസ്കേപ്പ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ജനറൽ ഫണ്ട് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

| ബാലൻസ് ഷീറ്റ് ബി1 പ്രകാരം | മുന്നിരുപ്പ് | നീക്കിയിരുപ്പ് |
|---|---|---|
| 310100100 ജനറൽ ഫണ്ട് | (33565234.93) | (59986584.93) |
| 310900100 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ | (26421350) | 18740637 |

| | | |
|---|---|---|
| 310900200 സസ്പൻസ് | 232902 | 254108 |

| ബാലൻസ് ഷീറ്റ് ലാൻസ്കേപ്പ് ഷെഡ്യൂൾ പ്രകാരം | മുന്നിരുപ്പ് | നീക്കിയിരുപ്പ് |
|---|---|---|
| 310100100 ജനറൽ ഫണ്ട് | (147964250.07) | 14796425.07 |
| 310900100 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പന്റിച്ചർ | 87977665.14 | 106718302.14 |
| 310900200 സസ്പൻസ് | 262980 | 262980 |

7) ബി7 ഷെഡ്യൂൾ പ്രകാരമുള്ള നിക്ഷേപങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ തുകകൾ പൊരുത്തപ്പെടുത്താനായില്ല.

8) ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭ തൻവർഷം 5,48,91,905/- രൂപയുടെ ആസ്തികൾ (തൻ വർഷ ബി11 454832137 - മുൻ വർഷ ബി11 399940232) ആർജ്ജിച്ചിട്ടുണ്ട്. എന്നാൽ റസീറ്റ്സ് & പേമെന്റ്സ് ആർ.പി.31 പ്രകാരമുള്ള തൻവർഷ ആസ്തികൾ 3,23,03,014/- മാത്രമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

9) നഗരസഭയുടെ ആസ്തികൾക്ക് തൻവർഷം 22365779/- രൂപ (ഐ17(എ)) ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡിപ്രിസിയേഷൻ തിട്ടപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പരിശോധനക്ക ലഭ്യമാക്കിയില്ല.

10) പ്രീമൺസൂൺ പ്രവർത്തികൾക്കായി 24.03.2022 തീയതിയിൽ ലഭിച്ച 4,40,000/- രൂപ വരവ്, ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ പരിശോധനക്ക ലഭ്യമായില്ല. ആയതിനാൽ ഈ യിനങ്ങളിലെ തുകകൾ പൊരുത്തപ്പെടുത്താനായില്ല

12) വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയും, വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി(കറന്റ്) | 21835967 | 16376975+7595 | 5725332 |
| വസ്തുനികുതി (അരിയർ) | 1625207.79 | 7228209 | 1550745.79 |

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി(കറന്റ്) | 29224755 | 23604880 | 15163219 |
| വസ്തുനികുതി (അരിയർ) | 43254813 | 9442639 | 33948310 |

13) ബി 4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി. ഗ്രാന്റിനത്തിൽ 1,78,18,270/- രൂപ (320200111, 320200112 ഹെഡുകളിൽ) തനതു അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബി 17 ബാങ്ക് ബാലൻസ് ഷെഡ്യൂളിൽ 450210140 സി.എഫ്.സി ഹെഡിൽ 4,32,18,576/- രൂപ നീക്കിയിരുപ്പ് ഉള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. സി.എഫ്.സി. ഫണ്ടിന്റെ നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

14) റസീറ്റ്സ്& പേമെന്റ്സ് ആർ.പി. 24 പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിലെ തൻവർഷ വരവ് 3,50,864/- രൂപയാണ്. ഗുണഭോക്തൃവിഹിതമിനത്തിലെ വരവു സംബന്ധിച്ച വിശദാംശം ലഭ്യമായില്ല.

15) പ്രോജക്ട് നം. 55/22 ലൂടെ ഗുണഭോക്തൃവിഹിതമിനത്തിൽ 48000/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവ് ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം ഹെഡ് 320801000

ഉണഭോക്തൃവിഹിതമിനത്തിലെ മുന്നിരുപ്പ് 12050/- രൂപയും, വരവ് 3,50,864/- രൂപയും, നീക്കിയിരുപ്പ് 3,62,914/- രൂപയുമാണ്.

16) ബി20 മിസലേനിയസ് എക്സ്പന്റിച്ചർ (ടു ദി എക്സ്റ്റന്റ് നോട്ട് റൈറ്റ് ഓഫ്) ഷെഡ്യൂൾ 480300100 അദേഴ്സ് 6,000/- രൂപ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക ലഭ്യമായില്ല.

17) ബി 21 പ്രൊവിഷൻസ് ഷെഡ്യൂളിൽ -20,63,660/- രൂപ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ, രേഖകൾ ലഭ്യമായില്ല.

18) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) | 7534857 | 7345757 | 0 |

19) പദ്ധതി തുകയുടെ ചെലവു വിശദാംശങ്ങൾ വാർഷികകണക്കുകളും, സുലേഖ ചെലവു പത്രികയും, എസിആർ ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | വാർഷിക കണക്കുകൾ (വാർഷിക ധനകാര്യ പത്രിക പ്രകാരം) | സുലേഖ പ്രകാരം | എസിആർ പ്രകാരം |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 55499381 | 72870515 | 55666881 |
| വികസന ഫണ്ട് എസ്.സി.പി | 23284009 | 23657342 | 23284009 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7462631 | 7908299 | 8507314 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 22695734 | 23642067 | 22793046 |

20) ദുരിതാശ്വാസ നിധിയുടെ തൻവർഷ വരവ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 32,000/- രൂപയാണ്. വാർഷിക കണക്കുകളിൽ വരവു തുക (ആർ.പി. 24) 19000/- രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു.

21) ദുരിതാശ്വാസ നിധിയുടെ നീക്കിയിരിപ്പ് RP 40(b) പ്രകാരം 252019/-രൂപയാണ്. പ്രസ്തുത നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ബി2 ൽ 2,39,019/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

22) ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല

| അക്കൗണ്ട് | 31.03.2022 ലെ നീക്കിയിരിപ്പ് |
|---|---|
| 450250100 ട്രഷറി എം.എഫ് 1 | 246239 |
| 450250900 ട്രഷറി (പഞ്ചായത്ത് ഫണ്ട്) | 493025 |

23) 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരുപ്പിലെത്തേണ്ടതാണ്. നഗരസഭ അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ പൊരുത്തപ്പെടുത്തൽ സ്റ്റേറ്റ്മെന്റ് ക്രമമല്ല. (വിശദാംശങ്ങൾക്ക് ഖണ്ഡിക 1-36 കാണുക)

| അക്കൗണ്ട് | 31.03.2022 ലെ നീക്കിയിരിപ്പ് | | വ്യത്യാസം |
|---|---|---|---|
| | എ.എഫ്.എസ്. പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | |
| 450210110 എസ്.ബി.ഐ. ഇപേമെന്റ് | 2247803 | 2194582.92 | 53221 |
| 450230700 കാനറാ ബാങ്ക് തനത് | 6347270 | 5573584 | 773686 |
| 450210140 ഐ.സി.ഐ.സി.ഐ. സി.എഫ്.സി. | 43218576 | 50106292 | 6887716 |

24) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ്, ചെലവു വിശദാംശം വാർഷിക കണക്കുകളും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ക്യാഷ്ബുക്ക് പ്രകാരം | 519448 | 15092724 | 15612172 | 10445890 | 5205158 |
| വാർഷിക കണക്കുകൾ പ്രകാരം | 519448 | 19306665 | 19826113 | 10407014 | 5205158 |

25) ഇ ടെണ്ടർ ഫീ ഇനത്തിൽ നഗരസഭക്ക ലഭ്യമാകേണ്ട തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത തുക നഗരസഭക്ക ലഭിച്ചിട്ടില്ല. ലഭ്യമാകേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

26) ജി.എസ്.ടി. തുകയുടെ വരവ്, ചെലവു വിശദാംശങ്ങൾ വാർഷിക കണക്കുകളും, നഗരസഭയുടെ റിട്ടേണുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-34 കാണുക

27) വാർഷിക കണക്കുകൾ ആർ. പി. 6,24 ഷെഡ്യൂളുകൾ പ്രകാരം കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് ഇനത്തിലെ വരവ് 9,63,69,454/- രൂപയും, സുലേഖ പ്രകാരമുള്ള ചെലവ് 5,38,32,677/- രൂപയുമാണ്. എന്നാൽ പ്രസ്തുത ഫണ്ടിന്റെ നീക്കിയിരുപ്പ് ആർ.പി. 40(ബി) പ്രകാരം 52,05,158/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

28) വിവിധ ക്ഷേമപദ്ധതികൾക്കായി അനുവദിച്ച തുകകൾ വാർഷിക കണക്കുകളും ഡി.ബി.റ്റി. സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| പെൻഷൻ | വിതരണം ചെയ്ത തുക | |
|---|---|---|
| | വാർഷിക കണക്കുകൾ പ്രകാരം | ഡി.ബി.റ്റി. സ്റ്റേറ്റ്മെന്റ് പ്രകാരം |
| കർഷക തൊഴിലാളി പെൻഷൻ | 17434000 | 14720400 |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 99744200 | 82849400 |
| ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16675100 | 13872700 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2341600 | 1966000 |
| ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 49407600 | 41079200 |

29) ഡി.ബി.റ്റി. സംവിധാനത്തിലൂടെ വിതരണം ചെയ്യപ്പെടുന്ന ക്ഷേമപെൻഷൻ ഇനങ്ങളിൽ ഇൻകം & എക്സ്പെന്റിച്ചർ (ഐ6) പ്രകാരമുള്ള വരവും, ഐ14 പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| | ഐ6 പ്രകാരം | ഐ14 പ്രകാരം |
|---|---|---|
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 99744200 | 99745700 |

30) വസ്തു നികുതിയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ സഞ്ചയ ഇ പോർട്ടൽ മുഖാന്തിരം നഗരസഭക്ക ലഭിച്ച തുക 28,23,347/- രൂപയാണ്. എന്നാൽ ഇ പേമെന്റ്(450210110 എസ്.ബി.ഐ ഇപേമെന്റ്) അക്കൌണ്ടിലെ തൻവർഷ വരവ് 11,32,729/- (ആർ.പി.40(ബി) - ആർ.പി.40(എ)) രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

31) ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി എം.എൽ.എ. എസ്.ഡി.എഫ് ൽ നിന്നും 10,54,221/- രൂപ നഗരസഭക്ക ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വരവ്, ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ബിൽ റഫറൻസ് നം. | ഇടപാട് തീയതി | ചെലവു തുക | ചെലവു വിവരം |
|---|---|---|---|
| 21020247017200140742 | 24.06.2021 | 177663 | പുത്തൻകട കുമിളി റോഡ് പുനരുദ്ധാരണം |

| | | | |
|---|---|---|---|
| 21020247017200141685 | 24.06.2021 | 499253 | നെടിയകാല വടക്കോട്ടിൽകുളം റോഡ് കോൺക്രീറ്റിംഗ് |
| 21020247017200584916 | 03.11.2021 | 218000 | ഓപ്പൺ ഫിറ്റ്നസ് സെന്റർ |
| 21020247017200796547 | 23.12.2021 | 159305 | ഓലത്താന്നി പാതിരിശ്ശേരി റോഡ് ഇന്റർലോക്ക് |
| ആകെ | | 10,54,221 | |

32) ചുവടെ ചേർക്കുന്ന പ്രവൃത്തിക്കായി സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നും 7,74,616/- രൂപ നഗരസഭക്ക ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വരവ്, ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ബിൽ റഫറൻസ് നം. | ഇടപാട് തീയതി | ചെലവു തുക | ചെലവു വിവരം |
|---|---|---|---|
| 21020247017201276579 | 10.03.2022 | 774616 | റോഡ് വർക്ക് വഴൂർ |

33) ലൈസൻസ്, പ്രൊഫഷൺ ടാക്സ്, വാടക, ലേലം തുടങ്ങിയ വിവിധ വരവുകളുടെ രജിസ്റ്ററിൽ തൻ വർഷ ഡിമാന്റ്, വരവ്, ബാലൻസ് തുകകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ്, വരവ്, ബാലൻസ് തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

34) നഗരസഭക്ക് പരസ്യനികുതി ഇനത്തിൽ വരവില്ല. എന്നാൽ 110110100 പരസ്യ നികുതി ഹെഡിൽ 32,660/-രൂപ വരവു ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

വാർഷിക കണക്കിലെ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.32/17.04.2023, 36/19.04.2023, 63/25.04.2023, 67/26.04.2023, 68/26.04.2023) മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 56094866 | | 72870515 | -16775649 | 130 |
| വികസനഫണ്ട് എസ്.സി.പി. | 0 | 27293667 | | 23657342 | 3636325 | 87 |
| സി.എഫ്.സി. ടൈഡ് | 0 | 99096414 | | 28216423 | 70879991 | 28 |
| സി.എഫ്.സി. അൺടൈഡ് | 0 | 36105740 | | 25616254 | 10489486 | 71 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9868000 | | 7908299 | 1959701 | 80 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 39485499 | | 23642067 | 15843432 | 60 |
| കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് | 0 | 0 | 0 | 2173075 | -2173075 | |

1-3-1 വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ , അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ നഗരസഭക്ക് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക നഗരസഭ പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് ചെലവു രേഖപ്പെടുത്തിയെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയില്ല. തൻ നിമിത്തം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിലുമധികം ചെലവു രേഖപ്പെടുത്തിയിരിക്കുന്നു.

1-3-2 സർക്കാർ ഉത്തരവു പ്രകാരമുള്ള എല്ലാ അലോട്ട്മെന്റുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്ത അലോട്ട്മെന്റിന്റെ വിവരം ചുവടെ.

| സർക്കാർ ഉത്തരവ് നം./തീയതി | ഫണ്ടിനം | അനുവദിച്ച തുക |
|---|---|---|
| GO(Rt) No.2617/2022/fin Dtd 31.03.2022 | വികസനഫണ്ട് പൊതുവിഭാഗം | 7247499 |
| GO(Rt) No.2617/2022/fin Dtd 31.03.2022 | വികസന ഫണ്ട് (എസ്.സി.പി.) | 2846409 |

1-3-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിശദാംശങ്ങൾ എ.സി.ആർ ഉം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 72870515 | 55666881 | 55499381 |
| വികസനഫണ്ട് (എസ്.സി.പി) | 23657342 | 23284009 | 23284009 |
| സി.എഫ്.സി ടൈഡ് | 28216423 | 29026237 | |
| മെയിന്റനൻസ് റോഡിതരം | 23642067 | 22793046 | 22695734 |
| മെയിന്റനൻസ് റോഡ് | 7908299 | 8507314 | 7462631 |

1-3-4കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/18.04.2023) സുലേഖ സോഫ്റ്റ് വെയറിലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ആധികാരികമല്ലായെന്നും, ആയതിൽ നഗരസഭക്ക് ഭേദഗതി വരുത്താൻ കഴിയാത്തതിലെ അപാകങ്ങളാണ് നിലനിൽക്കുന്നതെന്നും മറുപടി നൽകി. സോഫ്റ്റ് വെയറിലെ അപാകങ്ങൾ റിപ്പോർട്ട് ചെയ്ത് ഈ വിഷയത്തിൽ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2021-22 ൽ മുനിസിപ്പാലിറ്റിയിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതിഅടങ്കൽ തുക (മറ്റുള്ളവഒഴികെ) | പദ്ധതി ചെലവ്(രൂ) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മുൻസിപ്പൽ എഞ്ചിനീയർ | 16 | 7 | 35577835 | 10492066 | 44 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 246 | 115 | 140987847 | 56518755 | 46 |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് | 2 | 0 | 2412000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ഫിഷറീസ് | | | | | |
| 4 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 4550000 | 4545000 | 100 |
| 5 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 5 | 5 | 2138700 | 2132226 | 100 |
| 6 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 1005000 | 0 | 0 |
| 7 | കൃഷി ഓഫീസർ | 10 | 8 | 7611988 | 3756792 | 80 |
| 8 | സെക്രട്ടറി | 28 | 21 | 43058070 | 38486640 | 75 |
| 9 | വെറ്റിനറി സർജൻ | 3 | 3 | 3000000 | 1640335 | 100 |
| 10 | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 1 | 1 | 2500000 | 1364769 | 100 |
| 11 | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര നിർമാർജ്ജന സെൽ | 3 | 3 | 21300000 | 20989130 | 100 |
| 12 | പട്ടികജാതി വികസന ഓഫീസർ | 12 | 9 | 27632706 | 20392340 | 75 |
| 13 | ഹെൽത്ത് ഓഫീസർ | 27 | 11 | 54408875 | 8595090 | 40 |
| 14 | ഐസിഡിഎസ് സൂപ്പർവൈസർ | 9 | 5 | 14468400 | 10292872 | 55 |
| 15 | പ്രിൻസിപ്പാൾ ഗവ.ഹയർ സെക്കൻഡറി സ്കൂൾ | 14 | 14 | 6835000 | 6359755 | 100 |
| 16 | മെഡിക്കൽ ഓഫീസർ-(പി.എച്ച്.സി) | 4 | 3 | 3850000 | 939529 | 75 |
| ആകെ | | 388 | 211 | 371336421 | 186505299 | 54 |

1) ആകെ വകയിരുത്തിയ ഫണ്ടിന്റെ 54 % ചെലവഴിച്ചിരിക്കുന്നു.

2) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 131 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയില്ല.

3) തൻ വർഷം സ്പിൽ ഓവർ ആയി അംഗീകാരം വാങ്ങിയ 45 പദ്ധതികൾ നടപ്പിലാക്കിയില്ല.

4) ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർ അംഗീകാരം വാങ്ങിയ പദ്ധതികൾ നടപ്പിലാക്കിയില്ല.

5) ഹെൽത്ത് ഓഫീസർ വകയിരുത്തിയ ഫണ്ടിന്റെ 15% മാത്രമാണ് ചെലവഴിച്ചത്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-04-2023 തീയതിയിൽ 2.45 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 56138/-(അമ്പത്താറായിരത്തി ഒരുന്നൂറ്റി മുപ്പത്തി എട്ട്)രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ക്ഷേമപെൻഷനുകൾ

| പെൻഷൻ തരം | എ.എഫ്.എസ്. പ്രകാരം |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 17434000 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 99745700 |
| ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 16675100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2341600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 49407600 |
| തൊഴിൽ രഹിത വേതനം | 259920 |
| വിവാഹ ധനസഹായം | 90000 |
| ഇന്റർകാസ്റ്റ് മാര്യേജ് ധനസഹായം | 180000 |

വിവിധ ക്ഷേമപെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് സേവന ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും എ.എഫ്.എസ്. ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. ടി അപാകത ഖണ്ഡിക 1-2-29- ൽ വിശദമാക്കിയിട്ടുണ്ട്.

## 1-6-1 പെൻഷൻ വിതരണം-അപാകതകൾ

2021-22 വർഷം ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ അനുവദിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ആവശ്യമായ രേഖകൾ ഇല്ലാതെ തന്നെ പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | | |
|---|---|---|---|
| | പെൻഷണറുടെ പേര് | വാർഡ് | ലഭ്യമാക്കാത്ത രേഖ |
| I | ഉഷകുമാരി ബി. | പ്ലാവിള | പുനർവിവാഹിതയല്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം |
| 2 | തുളസി ഒ. | 11 | പുനർവിവാഹിതയല്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം |
| 3 | വിജയ കെ.ജി. | മുട്ടയ്ക്കാട് | വരുമാന സർട്ടിഫിക്കറ്റ് |
| 4 | ജ്യോതി എൻ. | 2 | പുനർവിവാഹിതയല്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം |
| 5 | പൊന്നമ്മ പി. | 36 | പുനർവിവാഹിതയല്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം |
| 6 | നിഷ പി.വി. | 18 | പുനർവിവാഹിതയല്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം |
| 7 | സി.സുധ | 31 | ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25.06.2002 ലെ ജി.ഒ.(പി) നം.105/2002/ത.സ്വ.ഭ.വ ഉത്തരവ്, പെൻഷൻ വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി എല്ലാ പ്രാദേശിക സർക്കാരുകളും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ PAN/2021/2019-DBT1(DP) നമ്പർ സർക്കുലറിലെ ഖണ്ഡിക 2 ലെ നിർദ്ദേശം എന്നിവ പ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം അപേക്ഷയിന്മേൽ തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ 2021-22 ൽ നെയ്യാറ്റിൻകര നഗരസഭയിൽ ലഭിച്ച ക്ഷേമപെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടു.അത്തരത്തിലുള്ള ചില അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | പെൻഷൻ തരം | അപേക്ഷ ലഭിച്ച തീയതി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ റിപ്പോർട്ട് നൽകിയ | കൗൺസിൽ അംഗീകരിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തീയതി | |
| വിജയ കെ.ജി. | ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ | 19.11.2019 | 22.10.2021 | 22.10.2021 |
| സബൂറ ബീവി | ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ | 19.07.2021 | 25.09.2021 | 22.10.2021 |

2021-22 വർഷത്തിലെ ആധാർ നമ്പർ രേഖപ്പെടുത്തിയ 15 മരണ രജിസ്റ്റർ ആപ്ലിക്കേഷനുകൾ പരിശോധിച്ചതിൽ സേവന സോഫ്റ്റ് വെയർ പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിനുശേഷവും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിരിക്കുന്നു. ആയതിന് കാരണം വിശദമാക്കേണ്ടതാണ്.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ്. | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | തങ്കപ്പൻപിള്ള | 102890102318 | കർഷക തൊഴിലാളി | 23.01.2023 | ആക്ടീവ് | 02/2023 | 1600 |
| 2 | വസന്തകുമാരി എൻ. | 101750202983 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.01.2023 | ആക്ടീവ് | - | - |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (58/25.4.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സമൂഹത്തിന്റെ താഴെത്തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന ധന സഹായമാണ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ. ആയത് അർഹതപ്പെട്ടവർക്ക് സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യതയോടെ രേഖപ്പെടുത്തി വാർഷിക ധനകാര്യ പത്രികയിൽ ബന്ധപ്പെട്ട ഹെഡുകളിൽ ഉൾപ്പെടുത്തുന്നതിൽ അപാകതകൾ നിലനിൽക്കുന്നു. അതിനാൽ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല

ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ സമയപരിധിക്കുള്ളിൽ പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നില്ല. ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടർന്ന് വരുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ട്.

വാടക കുടിശ്ശിക പിരിച്ചെടുക്കാത്തതിനാലും, മെഷീൻ ഫീസ് ഈടാക്കാതെയും ലൈസൻസ് ഇല്ലാതെയും വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാലും, മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിനാലും തനതു വരവിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വസ്തു, തൊഴിൽ നികുതികൾ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു

വിവിധ ആവശ്യങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങൾ/ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം നേരിടുന്നു.നിയമാനുസൃതമായി ജി.എസ്.റ്റി റ്റി.ഡി.എസ്. തുകകൾ ഈടാക്കുന്നതിലും, ഒടുക്ക് വരുത്തുന്നതിലും അപാകങ്ങൾ നിലനിൽക്കുന്നു.

നഗരസഭാ പരിധിയിലെ എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് മാലിന്യ നിർമ്മാർജ്ജനം വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ് (1-43).

മരാമത്ത് പ്രവൃത്തികൾക്ക് ലഭിക്കുന്ന മാന്വൽ ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന ടെണ്ടർ നിരക്കുകൾ, നിബന്ധനകൾ പാലിക്കാതെ തിരുത്തലുകൾ വരുത്തുന്നു.

കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനം കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു.

അനധികൃത നിർമ്മാണങ്ങൾ വർദ്ധിച്ച് വരുന്നത് തടയുന്നതിലും അത്തരം പ്രവണതകൾ ഇല്ലായ്മ ചെയ്യുന്നതിലും പോരായ്മകൾ നിലനിൽക്കുന്നു.

വികസന ഫണ്ട് വിനിയോഗിച്ച് പൊതുജനങ്ങളുടെ ക്ഷേമത്തിനായി നിർമ്മിച്ചിട്ടുള്ളതും നഗരസഭയുടെ അധീനതയിലുള്ളതുമായ ആസ്തികൾ അത്തരം ആവശ്യങ്ങൾക്ക് ഉപയോഗപ്രദമായി പരിപാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾക്കും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കും മുൻ വർഷങ്ങളിൽ വാട്ടർ അതോരിറ്റിയിൽ ഒടുക്കിയ തുക കൃത്യ സമയത്ത് വിനിയോഗിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

നഗരസഭയുടെ ഉത്തരവാദിത്തത്തിൽ ഉൾപ്പെട്ടിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുന്നതിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥലങ്ങളിലെ കൈയ്യേറ്റം തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. സൈറ്റ് നേരിട്ട് സന്ദർശിക്കാതെയും ആവശ്യകത വിലയിരുത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവണത നിലനിൽക്കുന്നു.

## 1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 519448 | 19306665 | 19826113 | 10407014 | 5205158 |

മേൽ വിശദാംശങ്ങൾ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-2-24 കാണുക

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 23.01.2020 | 2013-14 മുതൽ 2018-19 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2020 | 2017-18, 2018-19 |

## 1-10 തൊഴിൽരഹിതവേതന വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല,259920/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ 2021-22 വർഷത്തെ ചെലവ് ചുവടെ ചേർക്കുന്നു.

| ബിൽ റെഫറൻസ് നം. | തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 210202470172003491 66 | 26/8/2021 | 141720/- | 120 |
| 2102024701720040472 0 | 14/9/2021 | 3600/- | 3 |
| 2102024701720038197 4 | 7/9/2021 | 7080/- | 6 |
| 2102024701720146368 8 | 18/3/2022 | 107520/- | 128 |
| ആകെ | | 259920/- | |

സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ

സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 21.08.2020 ലെ DEE-TVM/668/2020-S2നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാടുള്ളൂ എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ രഹിത വേതനത്തിനുള്ള അർഹത മാനദണ്ഡപ്രകാരം കുടുംബവാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും അധികമാകാൻ പാടില്ല. സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/18.4.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ, മുൻസിപ്പാലിറ്റിയിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽ രഹിതവേതനം നൽകിയ ഒരു വ്യക്തിയിൽ നിന്ന് പോലും വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. കുടുംബവാർഷിക വരുമാനം 12000/- രൂപയിൽ കൂടരുത് എന്ന സർക്കാർ മാനദണ്ഡം പാലിക്കാതെ വിതരണം ചെയ്ത് തൊഴിൽ രഹിത വേതനമിനത്തിലെ 259920/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-11 ഭീമമായ വാടക കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു.

മുൻസിപ്പാലിറ്റിയിലെ വിവിധ കടമുറികൾ, സ്റ്റാളുകൾ എന്നിവയിൽ നിന്നുള്ള വാടക കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | അക്ഷയ കോംപ്ലക്സ് നെയ്യാറ്റിൻകര | | |
|---|---|---|---|
| നം. | കടമുറി നം. | വാടകയ്ക്ക് നൽകിയ വ്യക്തിയുടെ പേര് | വാടക കുടിശ്ശിക |
| 1 | BF-A9 | എഡ്വിൻരാജ്, ചിത്രാഞ്ജലി | 105663/- |
| 2 | BF-A10[A] | ബിനു കുമാർ, കീഴ്ക്കൊല്ല | 35763/- |
| 3 | BF-A[13] | എ. ടിങ്കു, മാനേജിംഗ് പാർട്ണർ | 378040/- |
| 4 | BF-B[1] | മെഹബൂബ, ഷറഫ് നിവാസ് | 2935/- |
| 5 | BF-B[4] | കല, സരസ്വതി നിവാസ് | 1749/- |
| 6 | BF-B[9] | മെഹബൂബ, ഷറഫ് നിവാസ് | 2465/- |
| 7 | BF-B[14] | ശശി, കിളിമവിള വീട് | 5913/- |
| 8 | BF-B[15]A | സി. ബോസ്, കല മൻസിൽ | 8870/- |
| 9 | BF-B[16] | സി. ബോസ്, കല മൻസിൽ | 38818/- |
| 10 | BF-C[2] | ഷാജി, പനവിള | 20064/- |
| 11 | BF-C[3] | കലാദേവി, കല ഭവൻ | 30732/- |
| 12 | BF-C[4]1 | ജിനൻ | 2070/- |
| 13 | BF-C[5] | സി. മോഹനൻ | 105000/- |
| 14 | BF-C[9] | പ്രദീപ് കുമാർ | 6072/- |
| 15 | BF-C[14] | ബിനുകുമാർ | 3036/- |
| 16 | BF-C[15] | രമേഷ് | 5362/- |
| 17 | BF-B[5]1, BF-B[9]1 | | 2197/- |
| 18 | GF-A[2] | അനിൽ കുമാർ, അനിൽ ഭവൻ | 225685/- |
| 19 | GF-A[6]1 | മാനേജർ, ആക്സിസ് ബാങ്ക് | 325230/- |
| 20 | GF-A[6]2 | K.Sഅനു, K S സദനം | 64395/- |
| 21 | GF-A[8] | ഷേക്സ്പിയർ | 614000/- |
| 22 | GF-A[9] | ഷേക്സ്പിയർ | 60228/- |
| 23 | GF-A[10]2 | അർച്ചന | 49464/- |

| | | | |
|---|---|---|---|
| 24 | GF-A[11]1 | ഷാജി, പനവിള | 31815/- |
| 25 | GF-A[11]2 | ഹരിദാസ്, കൃഷ്ണപുരം | 13008/- |
| 26 | GF-A[11]7 | സജിലാൽ | 137160/- |
| 27 | GF-A[12]1 | ഷേക്സ്പിയർ | 108876/- |
| 28 | GF-A[13] | ഷേക്സ്പിയര് | 179358/- |
| 29 | GF-A[19] | ഷാജി, മഠത്തിൽ | 48536/- |
| 30 | GF-A[21] | ട്രഷറർ, സി.എസ്.ഐ | 2896/- |
| 31 | GF-C[3] | ഷേക്സ്പിയർ | 25360/- |
| 32 | GF-C[4] | ഷേക്സ്പിയർ | 39984/- |
| 33 | GF-C[11] | കെ.അജയൻ | 4398/- |
| 34 | SF-[04] | അജിത്ത് ലാൽ | 53240/- |
| 35 | SF-[08] | രാജഗോപാൽ | 7680/- |
| | ഠൌൺ മാർക്കറ്റ് | | |
| 36 | Room No.1 | നസ്സറുദ്ദീൻ | 21915/- |
| 37 | Room No.3 | സലീം | 15468/- |
| 38 | Stall No.14 | സുധീർ | 1842/- |
| 39 | Stall No.15 | സുധീർ | 6084/- |
| 40 | Stall No. 19 | ജമാലുദ്ദീൻ | 2138/- |
| 41 | Stall No. 26 | അൻസാരി | 2707/- |
| 42 | Stall No. 28 | ഒസ്സൽഖാൻ | 3603/- |
| 43 | Stall No. 30 | നവാസ് | 3352/- |
| 44 | Stall No. 40 | ഷാജഹാൻ | 8024/- |
| 45 | Stall No. 41 | പൌളി | 8024/- |
| | പെരുമ്പഴുതൂർ ചന്ത – കടമുറികൾ | | |
| 46 | Room No. 2 | ജോർജ്ജ്, പെരിങ്ങോട്ട്കോണം | 23336/- |
| | ഇ.എം.എസ് സാസ്കാരിക നിലയം – അമരവിള | | |
| 47 | NMC/XVII 179B | ഗോപാലകൃഷ്ണൻ നായർ | 45000/- |

വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/20.4.2023), വാടക കുടിശ്ശിക അടവാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ചു വരുന്ന തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

## 1-12 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

2011ലെ കേരള മുൻസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം-14(1) [ഫാക്ടറികളും യന്ത്ര സാമഗ്രികളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിനുള്ള ഫീസ് ], 15[ യന്ത്ര സാമഗ്രികൾക്കുള്ള ലൈസൻസ് പുതുക്കൽ ] എന്നിവ പ്രകാരം ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലി സ്ഥലമോ യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഒരു പുരയിടത്തിലോ കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുവാൻ അനുവദിച്ചു കൊണ്ടുള്ള ഏതൊരു ലൈസൻസിയും മൂന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീ ചുമത്തേണ്ടതും , കാലാവധി അവസാനിക്കുന്നതിന് മുൻപ് പുതുക്കേണ്ടതുമാണ്.

39, 40,41,42,44 എന്നീ വാർഡുകളിലെ സ്ഥാപനങ്ങളിലെ ലൈസൻസ് അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ്/കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം | ഈടാക്കിയിട്ടുള്ള ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| 39/21 | സിസ്റ്റർ മൈഥിലി | പേപ്പർ മാനുഫാക്ചറിംഗ് യൂണിറ്റ് | 5000/- |
| 39/164 | രവീന്ദ്രൻ | ഓയിൽ & ഫ്ലോർ മിൽ | 500/- |
| 40/1017 | ഉദയ ചന്ദ്രൻ നായർ | പ്രിൻ്റിംഗ് പ്രസ്സ് | 1000/- |
| 40/1053 | സുരലാൽ | പ്രസ്സ് | 500/- |
| 41/143 | രാധാകൃഷ്ണൻ | ഫ്ലോർ മിൽ | 1000/- |
| 41/323 | അജിത്ത് കുമാർ | അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്സ് | 1000/- |
| 42/333,334 | കാർത്തികേയൻ ആചാരി | ഇഞ്ചിനീയറിംഗ് വർക്ക്സ് | 1000/- |
| 43/388(3) | സുജ. ജെ | ഫ്ലോർ മിൽ | 1000/- |
| 43/89 | ഉണ്ണി | ഫ്ലോർ മിൽ | 500/- |
| 43/151 | സജി | അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്സ് | 1000/- |
| 43/326 | വേണു കുമാർ | ഫർണ്ണിച്ചർ വർക്ക്സ് | 500/- |
| 44/144 | സുരേഷ് കുമാർ | അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്സ് | 1000/- |
| 44/431 | മുഹമ്മദ് യൂസഫ് | അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്സ് | 500/- |
| 44/475,476 | റഹ്മാൻ | സാ മിൽ | 1000/- |

മേൽ അപാകതകൾക്ക് കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/19.4.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചട്ടങ്ങൾ പ്രകാരം യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഒരു പുരയിടത്തിലോ കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് ഫീയോടൊപ്പം മെഷീൻ ഫീസ് ഈടാക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു.

1994 ലെ കേരള മുൻസിപ്പാലിറ്റി (വ്യാവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) രാജ് ആക്ട് വകുപ്പ് 442, 448, 469 പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് നഗരസഭ നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം (സഞ്ചയ പ്രകാരം) |
|---|---|---|

| | | |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 4606 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 437 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 42 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 287 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, | 9 |
| 6 | ഓഫീസ് ആവശ്യത്തിനുള്ളവ | 494 |
| 7 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 99 |
| | ആകെ | 5974 |

2021-22 സാമ്പത്തിക വർഷത്തിൽ മുൻസിപ്പാലിറ്റിയിൽ 1972 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കിയുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/20.4.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും മുൻസിപ്പാലിറ്റിയുടെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് മുൻസിപ്പാലിറ്റിയുടെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. മുൻസിപ്പാലിറ്റി പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കുന്നില്ല

A)സഞ്ചയ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആകെ 26 മൊബൈൽ ടവറുകളിൽ താഴെപ്പറയുന്ന ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം./ ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് |
|---|---|---|
| 1 | 4/260/1(UA) India Telecom Infra Ltd | 2011-12 മുതൽ 2021-22 |
| 2 | 11/150/1 ATC Telecom Infrastructure Pvt Ltd | 2021-22 |
| 3 | 16/14/1 Tower Vision India Ltd | 2011-12 മുതൽ 2021-22 |
| 4 | 29/74/1 Indus Tower Ltd | 2016-17 മുതൽ 2021-22 |
| 5 | 36/109/1 Reliance Infra Ltd | 2021-22 |
| 6 | 37/496/1 ATC Telecom Infrastructure Pvt Ltd | 2011-12 മുതൽ 2021-22 |
| 7 | 40/50 Bharathi Infracted Airtel Tower | 2013-14 മുതൽ 2021-22 |

| | | |
|---|---|---|
| 8 | 43/476/1 (UA) Idea Mobile Communications Ltd | 2015-16 മുതൽ 2021-22 |

B)സഞ്ചയ പ്രകാരം മൊബൈൽ ടവർ ആയി രേഖപ്പെടുത്തിയിരിക്കുന്ന എന്നാൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല .വിശദാംശങ്ങൾ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം./ ഉടമയുടെ പേര് |
|---|---|
| 1 | 16/45/1(UA) BSNL Telecom |
| 2 | 16/45/2(UA) MS Idea Mobile Communications |
| 3 | 16/45/4 (UA) India Telecom Infra Ltd |
| 4 | 29/74/125 The Indus Tower Ltd |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30, 19/04/2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14-1 കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല.

ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരം വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിൽ നിന്നും നഗരസഭയ്ക്ക് സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്. [(2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം - 30] നഗരസഭാപരിധിയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള റെയിൽവേ സ്റ്റേഷൻ കെട്ടിടങ്ങൾ, പോസ്റ്റ് ഓഫീസ് കെട്ടിടങ്ങൾ, ബി.എസ്.എൻ.എൽ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (77/29.04.2023) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാപരിധിയിൽ സ്ഥിതി ചെയ്യുന്ന ഇത്തരം കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14-2 വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കുന്നില്ല

സഞ്ചയ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർഷങ്ങളായി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 9/437/ | B F M L P S | 2013-14 മുതൽ 2021-22 വരെ |
| 13/195/ | Mannam Memmorial School Perumpazhuthoor | 2021-22 |
| 25/563/ | Managing Trust, Viswabharathi Educational Charitable Trust | 2013-14മുതൽ 2021-22 വരെ |
| 26/282/ | Viswabharathy School | 2013-14മുതൽ 2021-22 വരെ |
| 30/134/ | N I TTI | 2016-17മുതൽ 2021-22 വരെ |
| 30/135/ | N I TTI | 2016-17മുതൽ 2021-22 വരെ |
| 30/169/ | L M S L P S | 2013-14മുതൽ 2021-22 വരെ |
| 30/284/ | Wills Resilant,Sulochana | 2021-22 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (83, 29/04/2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14-3 അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നില്ല.

A)1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, സെക്ഷൻ 242 പ്രകാരം അനധികൃതമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ ആയ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുകയോ സെക്ഷൻ 233 (2) പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നതു മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയിനത്തിൽ നഗരസഭക്ക് ഈടാക്കാവുന്നതാണ്. എന്നാൽ നഗരസഭയിലെ ഒരു അനധികൃത കെട്ടിടങ്ങളും സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് അനധികൃത നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല. അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B)മൊബൈൽ ടവറുകൾ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ അസസ്സ്മെൻറ് വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കെട്ടിടങ്ങൾ അനധികൃത നിർമ്മാണങ്ങൾ ആയി തുടരുന്നു

1/579/1(UA) 3/414/1(UA)4

4/260/1(UA) 16/41/1(UA)

16/45/1(UA) 16/45/2(UA)

16/45/4(UA) 43/476/1(UA)

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (80, 29/04/2023) മറുപടി ലഭ്യമാക്കിയില്ല. അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതുമാണ്

## 1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | വാർഡ് | അർദ്ധവർഷം |
|---|---|---|---|
| 1 | കൃഷി ഭവൻ | 1 | I & II |
| 2 | SC/ST പ്രീമെട്രിക് ഹോസ്റ്റൽ | 4 | I & II |
| 3 | വിഷ്ണുപുരം വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 12 | I & II |
| 4 | സബ് ഗ്രൂപ്പ് ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ് കുട്ടപ്പന | 17 | I & II |
| 5 | എൽ എം എസ് എൽപിഎസ് കൊല്ല വാംവിള | 18 | I |
| 6 | ജനറൽ ആശുപത്രി കോപ്പറേറ്റീവ് സൊസൈറ്റി | 24 | I & II |
| 7 | അസിസ്റ്റൻറ് കമ്മീഷണർ ഓഫീസ് , നെയ്യാറ്റിൻകര | 24 | I & II |
| 8 | വാസൻ ഐ കെയർ ഹോസ്പിറ്റൽ നെയ്യാറ്റിൻകര | 26 | I & II |
| 9 | എൻ ഐ ഐ ടി അമരവിള | 30 | I & II |
| 10 | ക്ഷീരോല്പാദക സഹകരണ സംഘം | 37 | I & II |
| 11 | ശ്രീവിദ്യാധിരാജ വിദ്യാനിലയം ഹയർ സെക്കൻഡറി സ്കൂൾ | 40 | I & II |

| | | | |
|---|---|---|---|
| 12 | എൽഎംഎസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 40 | I |
| 13 | ഫുഡ് സേഫ്റ്റി ഓഫീസ് ,നെയ്യാറ്റിൻകര | 40 | I & II |
| 14 | ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്, നെയ്യാറ്റിൻകര | 40 | I |
| 15 | ഡിഇഒ ഓഫീസ്, നെയ്യാറ്റിൻകര | 40 | I & II |
| 16 | ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെയ്യാറ്റിൻകര | 40 | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/17.04.2023) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15-1 തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

I)നഗരസഭയുടെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ താഴെപറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു. (2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടത്തിലെ ചട്ടം 3)

| ക്രമ നം | ജീവനക്കാരന്റെ പേര് | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | അർദ്ധ വർഷം |
|---|---|---|---|---|---|---|---|
| 1 | ജോർജ് സി, പി ടി സി എം | ഗവൺമെൻറ് എൽ പി എസ് വെൺ കുഴി | 129210 | 750 | 1250 | 500 | I |
| 2 | ജോർജ് സി, പി ടി സി എം | ഗവൺമെൻറ് എൽ പി എസ് വെൺ കുഴി | 127050 | 750 | 1250 | 500 | II |
| 3 | ശാന്തകുമാരി എസ് ,പി ടി എസ് | അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോർട്ട് നെയ്യാറ്റിൻകര | 121788 | 750 | 1000 | 250 | I |
| 4 | അരുൺ ശ്യാം എസ്, കണ്ടക്ടർ II | കെഎസ്ആർടിസി, NTA | 129438 | 1000 | 1250 | 250 | I |
| 5 | രാജേഷ് ആർ, കണ്ടക്ടർ II | കെഎസ്ആർടിസി, NTA | 129438 | 1000 | 1250 | 250 | I |
| 6 | ശിവകുമാർ ടെക്നീഷ്യൻ | ഇ വി എം മോട്ടോഴ്സ് | 77696 | 600 | 750 | 150 | II |
| 7 | ചന്ദ്രിക. എ പി ടി എസ് | പിഡബ്ല്യുഡി ബിൽഡിംഗ് സെക്ഷൻ നെയ്യാറ്റിൻകര | 128290 | 1000 | 1250 | 250 | II |
| 8 | പ്രമീഷ് , എ.ബി.എം | മധുര മൈക്രോ ഫിനാൻസ് ലിമിറ്റഡ് | 104238 | 750 | 1000 | 250 | II |
| 9 | സിബി.എസ്. എൽ, ബി.എം. | മധുര മൈക്രോ ഫിനാൻസ് ലിമിറ്റഡ് | 147804 | 1000 | 1250 | 250 | II |

II)2021-22 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം (ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുന്നത്) പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനത്തിന് ഒപ്പം ബോണസ്/ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്താതിരുന്നതിനാൽ ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവ് സംഭവിച്ചതായി കാണുന്നു . വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ജീവനക്കാരന്റെ പേര് | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം (ഹാജരാക്കിയ സ്റ്റേറ്റ്മെൻറ് പ്രകാരം ) | ഈടാക്കിയ നികുതി | അർദ്ധ വാർഷിക വരുമാനം ഫെസ്റ്റിവൽ അലവൻസായ 2750 രൂപ ഉൾപ്പെടെ | ഈടാക്കേണ്ട നികുതി | കുറവ് | അർദ്ധ വർഷം |
|---|---|---|---|---|---|---|---|---|
| 1 | ശാലിനി കൃഷ്ണൻ ആർ, ക്ലാർക്ക് 837546 | താലൂക്ക് ഓഫീസ് നെയ്യാറ്റിൻകര | 124199 | 1000 | 126949 | 1250 | 250 | I |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/19.04.2023) ജീവനക്കാരിൽ നിന്നും ബാക്കി തുക ഈടാക്കി നഗരസഭയിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ കുറവു വന്ന തുകയായ 2900/-രൂപ ഈടാക്കി അറിയിക്കേണ്ടതാണ്

## 1-15-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും ഓരോ അർദ്ധ വർഷവും 1250/-രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരിൽ 2021-22 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് നടത്തി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | വി.രാധാകൃഷ്ണൻനായർ |
| 2 | പുഷ്പാംഗദൻ ബി |
| 3 | അനിൽ ആർ |
| 4 | മധു ജെ |
| 5 | സുരേഷ് കുമാർ പി |
| 6 | ബലരാജ് സി |
| 7 | ഷിജു മോൻ എസ് എസ് |
| 8 | വിനോദ് റ്റി |
| 9 | ബെൻ ഹാം പ്രസാദ് |
| 10 | അജിത് കുമാർ ടി |
| 11 | എസ് റോബിൻസൺ |
| 12 | ജിജോ പോൾ |
| 13 | സജു എസ് എൽ |
| 14 | ജയകുമാർ ഡി |
| 15 | സജിനി എസ് എസ് |
| 16 | ഇസ്രായേൽ |
| 17 | ഡി സ്റ്റീഫൻ |
| 18 | ശശാങ്കൻ കെബി |
| 19 | രാജൻ ഐ |
| 20 | സി രഘു |
| 21 | അഭിഷേക് ജെ |
| 22 | വിജയൻ വി |
| 23 | അജേഷ് എ |
| 24 | ത്യാഗരാജൻ |
| 25 | സജി സി |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30, 19/04/2023)കരാറുകാർക്ക് തൊഴിൽ നികുതി ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്.2021-22 വർഷം നഗരസഭയിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15-3 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം 2021-22 വർഷം 307 വ്യക്തികൾ അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ ആരും തന്നെ 2021-22 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 40/24.04.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അഭിഭാഷകർ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് കൈപ്പറ്റുകയോ അടയ്ക്കുകയോ ചെയ്യുന്നില്ലായെന്ന് അറിയിച്ചിരിക്കുന്നു. നഗരസഭ പരിധിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-4 റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764 /2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 41 റേഷൻകടകളിൽ പിരായുംമൂട് വാർഡിലെ ഒരു റേഷൻകട ഒഴികെ മറ്റുള്ളവയൊന്നും തൊഴിൽ നികുതി ഒടുക്കുന്നില്ലായെന്ന് ഓഡിറ്റ് അന്വേഷണം 40/24.04.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിരിക്കുന്നു. റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 1-15-5 ടാക്സ് പ്രാക്ടീഷണർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ് . എന്നാൽ നഗരസഭാ പ്രദേശത്തുള്ള ടാക്സ് പ്രാക്ടീഷണർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം 2021-22 വർഷം താഴെ പറയുന്ന വ്യക്തികൾ ടാക്സ് പ്രാക്ടീഷണർമാർ ആയി പ്രവർത്തിക്കുന്നു.

1. Gireesh Kumar
2. Balarajan
3.Radhamohanan
4. V.P.Madhavan
5.Rajasekharan Nair
6. John Vargheese
7. Unni Krishnan
8. Nandhakumar
9. Rajesh S.J
10. Ramachandran Nair

ശ്രീ. ഗിരീഷ്കുമാർ ഒഴികെ മറ്റാരും ഡിമാന്റ് നോട്ടീസ് നല്കിയിട്ടും തൊഴിൽ നികുതി അടയ്ക്കുന്നില്ലായെന്നാണ് ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 40/24.04.2023 ന് മറുപടി ലഭ്യമാക്കിയത്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടാക്സ് പ്രാക്ടീഷണർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-6 വൈദ്യശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം

1)2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2 മുതൽ 11 വരെ) പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നഗരസഭ പരിധിയിലെ വിവിധ മേഖലകളിലെ തൊഴിൽ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നഗരസഭ ഹാജരാക്കിയ ലിസ്റ്റ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. Dr.K.Raghavan
2. Dr. Justin Bazel
3. Dr. K. Suresh Kumar

തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 41/20.04.2023)

## 1-15-7 ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | M.K.Auditorium | I & II |
| 2 | Sreeragam Auditorium | II |
| 3 | Rasheedha Auditorium | II |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 41/20.04.2023) നികുതി ഒടുക്കുന്നതിന് നോട്ടീസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 കണ്ടിജന്റ് ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം യഥാസമയം ഒടുക്കുവരുത്തുന്നില്ല.

കണ്ടിജന്റ് ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം നഗരസഭ യഥാസമയം ഒടുക്കുവരുത്തിയിട്ടില്ല. ഓരോ മാസത്തെയും വിഹിതം തൊട്ടടുത്ത മാസം തന്നെ ഒടുക്കുവരുത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം 2019 വർഷത്തെ തുകയാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. കൂടാതെ 2014-15 ,2015-16 കാലയളവിലുള്ള തുകകൾ പൂർണമായും ഒടുക്കുവരുത്തിയിട്ടില്ല. 4/2022 മുതൽ കോൺട്രിബ്യൂട്ടറി പെൻഷൻ വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാർ സർവീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ശ്രീ.മണിയൻ.പി,ശ്രീ. ഉദയകുമാർ, ശ്രീ.ശശിധരൻ, എന്നിവർ ഏപ്രിൽ/2022, മെയ് /2022 കാലയളവിൽ സർവീസിൽ നിന്നും വിരമിച്ചുവെങ്കിലും നാളിതുവരെ പെൻഷൻ ലഭ്യമായിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ തുക പൂർണമായും ഒടുക്കുവരുത്താത്തതിനാലാണ് പ്രസ്തുത ജീവനക്കാർക്ക് നാളിതുവരെ പെൻഷൻ ലഭ്യമാകാത്തതെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത് . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 79 തിയതി:29/04/2023) മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണമായും ഒടുക്കുവരുത്തുന്നതിനും പെൻഷനായ ജീവനക്കാർക്ക് പെൻഷൻ ലഭ്യമാകുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വിനിയോഗ രേഖകൾ ലഭ്യമായില്ല - ചെലവ് തുക 19,95,525/- രൂപ തടസ്സം ചെയ്യുന്നു.

ചുവടെ ചേർക്കുന്ന പദ്ധതിചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗ രേഖകൾ ലഭ്യമായില്ല.

| പ്രോജക്ട് നം., പേര് | ചെലവ് തുക | ബിൽ നം., തീയതി | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|

| | | | |
|---|---|---|---|
| 12/22 ഐ.കെ.എം. ന് അടയ്ക്കേണ്ട വിഹിതം | 495525 | 17/29.10.2021 | ഐ.കെ.എം |
| 11/22 ജില്ലാ ആസൂത്രണ സമിതി മന്ദിരം | 1500000 | 11/16.08.2021 | ജില്ലാ ആസൂത്രണ സമിതി |
| ആകെ | 1995525 | | |

വിനിയോഗ രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/13.04.2023) ജില്ലാ ആസൂത്രണ സമിതി കാര്യാലയത്തിൽ നിന്നും വിനിയോഗ രേഖകൾ ലഭ്യമായില്ലായെന്ന് മറുപടി നൽകി. ഐ.കെ.എം. ലഭ്യമാക്കിയിട്ടുള്ള കത്തിൽ (തീയതി 09.03.2023) 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭ 62,842/- രൂപ അധികമായി ഒടുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം. ന്റെ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതുവരെ 19,95,525/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-18 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്ററൻഷൻ- നിക്ഷേപ പ്രവൃത്തികൾക്കായുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല – 70,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോ. നം. 454/22 നഗരസഭയിലെ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

ഫണ്ടിനം - സി.എഫ്.സി. ടൈഡ്

അടങ്കൽ തുക - 70,00,000/-

ചെലവ് തുക - 70,00,000/-

ബിൽ നം./തീയതി - 29/07.02.2022 - 12,33,000/-

33/24.03.2022 - 270000/-

34/25.03.2022 -54,97,000/-

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം പുല്ലാമല, നാരായണപുരം, കട്ടപ്പന വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ (എസ്റ്റിമേറ്റ് നം. 2201/4501, 2020/25077, 2021/4050) 12,33,000/- രൂപയും, കൃഷ്ണപുരം വാർഡിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കായി (എസ്റ്റിമേറ്റ് നം. 5572/22) 2,70,000/- രൂപയും നിക്ഷേപിച്ച നൽകി. തുടർന്ന് പ്രവൃത്തികൾ ഏതെന്ന ഉറപ്പാക്കാതെയും, വാട്ടർ അതോറിറ്റിയിൽ നിന്നും സാങ്കേതികാനുമതിയോട് കൂടിയ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും സാമ്പത്തിക വർഷാവസാനത്തിൽ 54,97,000/- രൂപയും നിക്ഷേപിച്ച നൽകി. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ.

എ) നിക്ഷേപ പ്രവൃത്തിക്കായി വാട്ടർ അതോറിറ്റി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി ലഭ്യമായ ശേഷം, നഗരസഭ പ്രസ്തുത സ്ഥാപനവുമായി പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്, തുക അധികം/കുറവായി നിക്ഷേപിച്ച നൽകിയാൽ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ തുടങ്ങിയവ രേഖപ്പെടുത്തി കരാറിലേർപ്പെടേണ്ടതുണ്ട്. കരാറിലേർപ്പെട്ട ശേഷം മാത്രമാണ് തുക വാട്ടർ അതോറിറ്റിക്ക് കൈമാറാവുന്നത്. നഗരസഭ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാതെയാണ് മുൻകൂർ ആയി തുക നിക്ഷേപിച്ച നൽകിയിട്ടുള്ളത്.

ബി) സർക്കുലർ നം. ഡി.എ.1/881/2018/തസ്വഭവ തീയതി 28.12.2018 പ്രകാരം കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ, നിക്ഷേപ പ്രവൃത്തികൾക്കായുള്ള തുക കൈമാറാവൂ എന്ന നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിക്കായി വകയിരുത്തിയതിൽ ബാക്കിയുണ്ടായിരുന്ന 54,97,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് തുടങ്ങിയ യാതൊരു രേഖകളും ലഭ്യമാക്കാതെ നിക്ഷേപിച്ച നൽകിയത് തുക വിനിയോഗിക്കുന്നതിലേക്ക വേണ്ടി മാത്രമാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. ഇത സർക്കാരിന്റെ ധന വിനിയോഗ മാർഗരേഖകൾക്കു വിരുദ്ധമാണ്.

ഡി) പദ്ധതി പ്രകാരം നിക്ഷേപിച്ച നൽകിയ70,00,000/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുള്ള രേഖകൾ, പ്രവൃത്തികളുടെ ഫൈനൽ ബിൽ തുടങ്ങിയവ ലഭ്യമായിട്ടില്ല.

ഇ) വാട്ടർ അതോറിറ്റിയുടെ 10.12.2021 ലെ KWA/WSD/NTA/DB2/4501/2021 നം. കത്തിലൂടെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ മുൻ നിക്ഷേപ തുകയിൽ 3,50,000/- രൂപ അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇത് ഏതൊക്കെ പദ്ധതികൾക്കായി, ഏതൊക്കെ വർഷങ്ങളിൽ നിക്ഷേപിച്ച നൽകിയതിലെ നീക്കിയിരുപ്പാണ് എന്നത് വ്യക്തമല്ല. പ്രസ്തുത തുക നഗരസഭക്ക തിരികെ ലഭ്യമായതായും രേഖകളില്ല.

എഫ്) സ.ഉ.(സാധാ) നം. 1069/2018/തസ്വഭവ തീയതി 16.04.2018 പ്രകാരം വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ്, പ്ലാൻ

എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്നതല്ല. എന്നാൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% നിരക്കിലാണ് സെന്റേജ് ചാർജ് ഈടാക്കിയിരിക്കുന്നത്.

ജി) നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.11/13.04.2023, 14/17.04.2023) സെന്റേജ് ചാർജ്ജിനത്തിൽ തുക കൈപ്പറ്റിയതു സംബന്ധിച്ച വിഷയത്തിൽ വാട്ടർ അതോറിറ്റിക്കു കത്തു നൽകുന്നതാണെന്നും, മറ്റു അപാകങ്ങൾക്ക്, പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്കു നിക്ഷേപിച്ചു നൽകിയിട്ടുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയ ശേഷം വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര തുക നിക്ഷേപിച്ചു നൽകിയെന്നതു സംബന്ധിച്ചോ, നിക്ഷേപിച്ചു നൽകിയതിൽ എത്ര പ്രവൃത്തികൾ പൂർത്തിയായി, എത്ര പ്രവൃത്തികളുടെ ഫൈനൽ ബിൽ ലഭ്യമാക്കി ക്ലെയിം സെറ്റിൽ ചെയ്തിട്ടുണ്ട് എന്നതു സംബന്ധിച്ചോ നഗരസഭക്കു കണക്കില്ല. ഇതിലേക്കായി യാതൊരു രേഖയും നഗരസഭ സൂക്ഷിക്കുന്നില്ല.

മേൽ പ്രകാരമുള്ള അപാകങ്ങൾ സംബന്ധിച്ച മുൻ റിപ്പോർട്ടുകളിൽ (ഉദാ - 2019-20 ഓ.റി. ഖണ്ഡിക 1-43, 2020-21 ഓ.റി. ഖണ്ഡിക 1-26) ആവർത്തിച്ചു പരാമർശിച്ചിട്ടുണ്ട്. നഗരസഭയുടെ വിവിധ ഭരണസമിതിയോഗങ്ങളിൽ (ഉദാ- 12.07.2021, 20.09.2021)പ്രസ്തുത വിഷയം ചർച്ച ചെയ്തിട്ടുമുണ്ട്. ആവർത്തിച്ചു ശ്രദ്ധയിൽപ്പെടുത്തിയിട്ടും, അപാകങ്ങൾ തുടരുന്നത് സർക്കാർ നിർദ്ദേശങ്ങളോടുള്ള അവഗണനയും പദ്ധതി ഫണ്ടിന്റെ ക്രമവിരുദ്ധമായ വിനിയോഗമായും വിലയിരുത്തുന്നു. തൻ വർഷം ചെലവു ചെയ്ത തുകയുടെ ഫൈനൽ ബിൽ ഉൾപ്പെടെയുള്ള വിനിയോഗ രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. 70,00,000/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ രേഖകൾ ലഭ്യമല്ല – 17,44,676/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

പ്രോ. നം. 455/22 നഗരസഭയിലെ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ

ഫണ്ടിനം - സി.എഫ്.സി. അൺ ടൈഡ്

അടങ്കൽ തുക - 17,44,676/-

ചെലവു തുക - 17,44,676/-

ബിൽ നം./തീയതി - C032209583792/07.03.2022 - 1,32,529/-

C032233976615/15.03.2022 - 60,379/-

C032233976616/15.03.2022 - 54,878/-

C032233976617/15.03.2022 - 1,89,207/-

C032290574391/01.04.2022 - 2,80,146/-

C032290574392/01.04.2022 - 27,537/- C032290574390/01.04.2022 - 10,00,000/-

നിർവഹണാധികാരി - സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 17,44,676/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

എ) പദ്ധതി പ്രകാരം നിക്ഷേപിച്ചു നൽകിയ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, അന്തിമ ബിൽ, പെർഫോമൻസ് റിപ്പോർട്ട് തുടങ്ങിയവ ലഭ്യമായിട്ടില്ല.

ബി) നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സി) പദ്ധതിക്കായി വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി, സ്ഥാപനവുമായി കരാറിലേർപ്പെട്ട ശേഷം മാത്രമാണ് തുക കൈമാറേണ്ടത്. എന്നാൽ നഗരസഭ കെ.എസ്.ഇ. ബി. യിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും, കരാറിലേർപ്പെടാതെയുമാണ് തുക കൈമാറിയിട്ടുള്ളത്.

ഡി) ഇ2/2828/2021 തീയതി 22.09.2022 കത്തിലൂടെ നഗരസഭയിലെ കൃഷ്ണപുരം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിലേക്കായി നിക്ഷേപിച്ചു നൽകിയ 1,32,529/- രൂപ പൂർണ്ണമായി ഉപയോഗിക്കേണ്ടി വരാത്തതായും, പ്രസ്തുത തുക ഉപയോഗിച്ച് പുതിയ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സെക്രട്ടറി, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. ആദ്യ പ്രവൃത്തിയുടെയും, പിന്നീട് ഏറ്റെടുത്ത് നിർവഹിച്ച പ്രവൃത്തിയുടെയും ഫൈനൽ ബിൽ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമായില്ല.

അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/17.04.2023) വിനിയോഗ സാക്ഷ്യപത്രം

കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, നിക്ഷേപങ്ങൾ അനുവദിക്കുന്നതും, വിനിയോഗ രേഖകൾ ലഭ്യമാകുന്നതും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ പ്രകാരം നിക്ഷേപിച്ച നൽകിയിട്ടുള്ള തുകകളുടെ അന്തിമ ബിൽ ഉൾപ്പെടെയുള്ള വിനിയോഗ രേഖകൾ ലഭ്യമാക്കും വരെ ചെലവു തുക 17,44,676/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാങ്ങിയതിൽ പുനരുപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവരം ലഭ്യമായില്ല - 4,74,011/- രൂപ തടസ്സം ചെയ്യുന്നു.

പ്രോ. നം. 246/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (സി.എഫ്.എൽ.റ്റി.സി. പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ)

ഫണ്ടിനം - വികസന ഫണ്ട് (പൊതുവിഭാഗം)

അടങ്കൽ തുക - 35,00,000/-

ചെലവു തുക - 26,85,481/-

ബിൽ നം./തീയതി - 1/10.06.2021 - 6,44,550/-

4/25.06.2021 - 6,87,493/-

5/16.07.2021 - 1,27,635/-

6/28.07.2021 - 81,943/-

12/16.08.2021 - 3,70,065/-

13/19.08.2021 - 3,34,600/-

14/22.09.2021 - 85,755/-

15/06.10.2021 - 50,500/-

16/29.10.2021 - 76,500/-

22/15.12.2021 - 2,26,440/-

നിർവഹണാധികാരി - സെക്രട്ടറി

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

എ) കോവിഡ് പ്രതിരോധത്തിനായി തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്തയിനത്തിൽ, ബിൽ നം.1/10.06.2021 പ്രകാരം 6,44,550/- രൂപ തനതു ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവു രേഖകൾ (തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ചത്) ലഭ്യമായില്ല.

ബി) പദ്ധതി പ്രകാരം വാങ്ങിയ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.

| ഉപകരണത്തിന്റെ വിവരം | ഉപകരണം ലഭ്യമാക്കിയ സ്ഥാപനം | ഉപകരണത്തിന്റെ വില | ബിൽ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| Steel Cot 18G Material Legs 6x2.5ft, 2mm Bed – 75 എണ്ണം | ആർട്ട്കോ | 376125 | 392068 | 4/25.06.2021 |
| Laptop ACER 14Z2-485 (I3, 4GB, 1TB, 14", W10H) Unefinisi071/1255526 – 1 എണ്ണം | എയ്റോസോഫ്റ്റ്, നെയ്യാറ്റിൻകര | 36500 | 81943 | 6/28.07.2021 |
| Printer CANON MF 241D – 1എണ്ണം | | 21500 | | |
| KAMCO BRUSH Cutter – KBC 300 – എണ്ണം | റെയ്ഡ്കോ | 54000 | 91500 | ചെലവ് 2022-23 സാമ്പത്തിക വർഷത്തിൽ |

പുനരുപയോഗപ്രദമായ മേൽ ഉപകരണങ്ങൾ നിലവിൽ എവിടെയൊക്കെ ഉപയോഗിക്കുന്നു, എവിടെയൊക്കെ സൂക്ഷിച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമല്ല.

വിശദാംശങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.04.2023) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് വിവരങ്ങൾ, മറുപടി എന്നിവയുടെ അഭാവത്തിൽ മേൽ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തുകയായ 4,74,011/- (392068+81943) രൂപ തടസ്സം ചെയ്യുന്നു.

## 1-21 നിലവിലില്ലാത്ത വാട്ടർ കണക്ഷനുകൾക്കായി ഒടുക്കിയതുക – 4,65,101/- രൂപ തടസ്സം ചെയ്യുന്നു.

പ്രോ. നം. 15/22 കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലഫോൺ ചാർജ്ജ്

ഫണ്ടിനം - മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

അടങ്കൽ തുക - 25,00,000/-

ചെലവ് തുക - 16,47,939/-

ബിൽ നം./തീയതി - 8/03.08.2021 - 2,66,728/-

21/10.11.2021 - 3,63,789/-

25/28.01.2022 - 2,95,995/-

35/27.03.2022 - 7,21,427/-

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലഫോൺ ചാർജ്ജ് ഇനങ്ങളിൽ 4/2021 മുതൽ 3/2022 വരെയുള്ള കാലയളവിലേക്കായി 16,47,939/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ബിൽ നം 35/27.03.2022 പ്രകാരം 7,21,427/- രൂപ ഒടുക്കിയതിൽ 4,65,101/- രൂപ മുനിസിപ്പൽ വാട്ടർ കണക്ഷനുകളുടെ കുടിശ്ശികയിനത്തിൽ ഒടുക്കിയതായി ബോധ്യപ്പെട്ടു.

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ഫയൽ (ഇ3/17096/21) പരിശോധിച്ചതിൽ, ടൗൺ മാർക്കറ്റിലെ വാട്ടർ കണക്ഷന്റെയും (കൺസ്യൂമർ നം. NTA/660/N)യും, മുനിസിപ്പൽ സ്റ്റോറിലെ വാട്ടർ കണക്ഷന്റെയും (കൺസ്യൂമർ നം. NTA/6497/N) കുടിശ്ശികയിനത്തിൽ, വാട്ടർ അതോറിറ്റി ആകെ 16,94,140/- രൂപ ഡിമാന്റ് ചെയ്തതിനാൽ ടി കണക്ഷനുകളുടെ സ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിന് റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. നിലവിൽ ടൗൺ മാർക്കറ്റിൽ ഒരിടത്തും തന്നെ പൈപ്പ് കണക്ഷൻ ഇല്ലായെന്നും, മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷനിൽ ബോർവെല്ലിൽ നിന്നുമുള്ള വെള്ളമാണ് ഉപയോഗിക്കുന്നത് എന്നും, മുനിസിപ്പൽ സ്റ്റോറിൽ പൈപ്പ് കണക്ഷൻ ഇല്ലായെന്നും, വെള്ളം ഉപയോഗിക്കുന്നില്ലായെന്നും റവന്യൂ ഇൻസ്പെക്ടർ 29.10.2021 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിഗണിച്ച് നഗരസഭ വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഒടുക്കുവാൻ നിർവാഹമില്ലായെന്ന് കത്ത് നൽകിയെങ്കിലും, കുടിശ്ശികയിനത്തിൽ ഒറ്റതവണ തീർപ്പാക്കലിലൂടെ 4,65,101/- രൂപ ഒടുക്കിയാൽ മതിയെന്ന് വാട്ടർ അതോറിറ്റി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത തുക ഒടുക്കുന്നതിനുള്ള അനുമതിക്കായി സെക്രട്ടറി ചെയർമാന്റെ നിർദ്ദേശം ആരായുകയും, അടിയന്തിര സാഹചര്യമായതിനാലും, തനത് ഫണ്ടിൽ തുക ഇല്ലാത്തതിനാലും പദ്ധതി തുക വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി ഫയൽ സമർപ്പിച്ചതിൽ 16.03.2022 തീയതിയിലെ 21-ാം നമ്പർ ഭരണസമിതി തീരുമാനത്തിലൂടെ 4,65,101/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ഒടുക്കുന്നതിനു തീരുമാനിച്ച് നടപ്പാക്കുകയുണ്ടായി.

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾക്കായി ആവിഷ്കരിച്ച്, അംഗീകാരം നേടിയ പദ്ധതിയിൽ നിന്നും നഗരസഭയുടെ ചെലവുകൾക്ക് തുക വിനിയോഗിച്ചത് ക്രമമല്ല. നിലവിൽ കണക്ഷൻ ഇല്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടും, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നിജസ്ഥിതി ബോധ്യപ്പെടാതെയും, സംയുക്ത പരിശോധന നടത്താതെയും വർഷങ്ങളുടെ കുടിശ്ശിക തുക ഒടുക്കുവാനുണ്ടായ സാഹചര്യം ബോധ്യമാകുന്നില്ല.

നിലവിലില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള മേൽ കണക്ഷനുകളുടെ വാട്ടർ ചാർജ്ജിനത്തിൽ തുടർന്നുള്ള സാമ്പത്തിക വർഷത്തിലും നഗരസഭ തുക ഒടുക്കിയിട്ടുണ്ട്. വിശദാംശം ചുവടെ

കൺസ്യൂമർ നം. NTA/660/N - 19,966/-

കൺസ്യൂമർ നം. NTA/6497/N - 33,615/-

മേൽ കണക്ഷനുകളുടേതുൾപ്പെടെയുള്ള കുടിശ്ശിക യിനത്തിൽ 10,49,913/- രൂപ ചെക്ക് നം. 616788/31.03.2023 പ്രകാരം നഗരസഭ ഒടുക്കിയിട്ടുണ്ട് (2022-23 സാമ്പത്തിക വർഷത്തിൽ).

വാട്ടർ ചാർജ്ജ് കുടിശ്ശിക അതതു സമയം ഡിമാന്റ് ചെയ്ത് ഈടാക്കണമെന്നിരിക്കേ, 2010 മുതലുള്ള വാട്ടർ ചാർജ്ജിനത്തിലെ കുടിശ്ശികക്കായി, ഒരുമിച്ച് പിഴ സഹിതം ഡിമാന്റ് നോട്ടീസ് ലഭിച്ചപ്പോൾ, പ്രസ്തുത കണക്ഷനുകൾ

നിലവിലില്ലായെന്ന റിപ്പോർട്ട് ലഭിച്ചിട്ടും, തുക ഒടുക്കിയത് ക്രമവിരുദ്ധമാണ്. നിലവിലില്ലാത്ത NTA/660/N, NTA/6497/N എന്നീ കൺസ്യൂമർ നമ്പറുകളിലേക്കായി ഒടുക്കിയ തുകയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയതിനാൽ മുനിസിപ്പൽ വാട്ടർ കണക്ഷനുകളുടെ കുടിശ്ശികയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒടുക്കിയ 4,65,101/- രൂപ തടസ്സം ചെയ്യുന്നു. പ്രസ്തുത തുക ചെലവിനു അംഗീകാരം നൽകിയ ഭരണസമിതിയുടെയും, നഗരസഭാ സെക്രട്ടറിയുടെയും ബാധ്യതയായി നിർണ്ണയിക്കുന്നു. പരാമർശത്തിനു രണ്ടു മാസത്തിനകം മറുപടി/രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം നഷ്ടതുക ഈടാക്കുന്നതിനു 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-22 ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക കണക്കുകളിലെ ബി9 ഷെഡ്യൂൾ പ്രകാരം സർക്കാർ/ഇതര സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ, ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. വിശദാംശം ചുവടെ.

| ഹെഡ് | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|
| 350300400 Vat Payable | 148164 |
| 350300100 Library Cess Payable | 5905413 |
| 350300820 Flood Cess Payable | 39922 |

മേൽ തുകകൾ ഒടുക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/19.04.2023) മറുപടി ലഭ്യമാക്കിയില്ല. ബാധ്യതയായ തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടിയന്തിരമായി ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 1.53 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

വാർഷിക കണക്കുകൾ ബി 18 ലോൺസ്, അഡ്വാൻസസ് ആന്റ് ഡെപ്പോസിറ്റ്സ് ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഹെഡ് | 31.03.2022 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|
| 460100400 ഫെസ്റ്റിവൽ അഡ്വാൻസ് ടു എംപ്ലോയീസ് | 63000 |
| 460100700 മിസലേനിയസ് അഡ്വാൻസ് | 1287498 |
| 460100800 മാര്യേജ് ലോൺ | 215900 |
| 460500201 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്- മുനിസിപ്പൽ ഫണ്ട് | 13716507 |
| ആകെ | 1,52,82,905/- |

ഇതിൽ 63000/- രൂപ ഓണം അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച ശേഷം തിരികെ ഈടാക്കാത്തതും,

13716507/- രൂപ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച ശേഷം പ്രവൃത്തി പൂർത്തിയാക്കി ക്രമീകരിക്കാത്തവയുമാണ്. 460100700 മിസലേനിയസ് അഡ്വാൻസ്, 460100800 മാര്യേജ് ലോൺ എന്നീ ഹെഡുകളിലായി അനുവദിച്ചിട്ടുള്ള മുൻകൂറുകൾ ഏത് ഇനത്തിൽ ഏത് ഉദ്യോഗസ്ഥന നൽകിയതാണെന്ന വ്യക്തമല്ല. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ളതാണെന്ന് വ്യക്തമല്ല. പ്രവൃത്തികളുടെ വിശദാംശം, നിക്ഷേപിച്ച നൽകിയതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശം, വിനിയോഗ സാക്ഷ്യപത്രം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല. തുക ക്രമീകരിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/19.04.2023) മറുപടി ലഭ്യമാക്കിയില്ല.

ഓണം അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും അടിയന്തിരമായി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. 460100700 മിസലേനിയസ് അഡ്വാൻസ്, 460100800 മാര്യേജ് ലോൺ എന്നീ ഹെഡുകളിലായി അനുവദിച്ചിട്ടുള്ള മുൻകൂറുകൾ സംബന്ധിച്ചും, അവ ക്രമീകരിച്ചതു സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി നിക്ഷേപിച്ച നൽകിയ ശേഷം ദീർഘകാലമായി പ്രവൃത്തി പൂർത്തീകരിക്കാത്തതും, പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ചെലവു തുക ക്രമീകരിക്കാത്തതും പദ്ധതി തുകയുടെ ദുർവിനിയോഗമായി തന്നെ വിലയിരുത്താവുന്നതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി ഒരു കോടിയിലധികം തുക വിവിധ ഏജൻസികളിൽ നിലനിർത്തിയിരിക്കുന്നതും, പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതും ഭരണ വകുപ്പ് മുഖാന്തിരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് തുക ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ക്രമപ്പെടുത്തിയ വിശദാംശം (പ്രവൃത്തിയുടെ പേര്, നിക്ഷേപിച്ച തുക, വിനിയോഗിച്ച തുക, നീക്കിയിരുപ്പ് തുക തുടങ്ങിയവയുൾപ്പെടെ) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 എം.എൽ.എ ഫണ്ടുപയോഗിച്ചുള്ള പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ

സാമ്പത്തിക വർഷത്തിൽ എം.എൽ.എ ഫണ്ടുപയോഗിച്ച നഗരസഭ നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നം. | ഇടപാട് തീയതി | ചെലവു തുക | ചെലവു വിവരം |
|---|---|---|---|
| 21020247017200140742 | 24.06.2021 | 177663 | പുത്തൻകട കുമിളി റോഡ് പുനരുദ്ധാരണം |
| 21020247017200141685 | 24.06.2021 | 499253 | നെടിയകാല വടക്കോട്ടിൽകുളം റോഡ് കോൺക്രീറ്റിംഗ് |
| 21020247017200584916 | 03.11.2021 | 218000 | ഓപ്പൺ ഫിറ്റ്നസ് സെന്റർ |
| 21020247017200796547 | 23.12.2021 | 159305 | ഓലത്താന്നി പാതിരിശ്ശേരി റോഡ് ഇന്റർലോക്ക് |
| ആകെ | | 10,54,221 | |

മേൽ പദ്ധതികളുടെ നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഓപ്പൺ ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിലേക്കായി എം.എൽ.എ. എസ്.ഡി.എഫ് ൽ നിന്നും 2,18,000/- രൂപ നഗരസഭ വിനിയോഗിച്ചിട്ടുണ്ട്. സ.ഉ. (പി)നം. 161/17/ധന തീയതി 29.12.2017 ഉത്തരവു പ്രകാരം എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള ചെലവുകൾക്കു ടെണ്ടർ/ഇടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ, സ.ഉ (പി) നം. 3/2013/എസ്.പി.ഡി. തീയതി 21.06.2013 പ്രകാരം ഒരു ലക്ഷത്തിലധികം മൂല്യമുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ 3 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ മാത്രം ലഭ്യമാക്കി ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുകയാണ് ചെയ്തത്. 3 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബോഡി പ്ലസ് എന്ന സ്ഥാപനത്തിന്റെ 2,18,000/- രൂപയുടെ ക്വട്ടേഷൻ 20.01.2021 ലെ കൗൺസിൽ (തീരുമാനം 16) അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി ടി സ്ഥാപനത്തിനു നഗരസഭ 20.02.2021 നു സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 26.02.2021 ൽ ടി സ്ഥാപനം നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സാധനങ്ങൾ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്തതിനുള്ള ബില്ലുകൾ (നികുതികൾ ഉൾപ്പെടുന്നത്) ലഭ്യമാക്കിയിട്ടില്ല. ബില്ലുകൾ ലഭ്യമാക്കാതെയും ബന്ധപ്പെട്ട നികുതികൾ ഒടുക്കപ്പെടുന്നുണ്ടെന്ന ഉറപ്പുവരുത്താതെയും ഉപകരണങ്ങളുടെ വില എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി നഗരസഭ നടപടികൾ സ്വീകരിച്ചു.

2) എം.എൽഎ. ഫണ്ട് ഉപയോഗിച്ച നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖാന്തിരം

നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ചെലവു തുക | കൺവീനറുടെ പേര് | എം ബുക്ക് നം | ഫയലിൽ ലഭ്യമായ ചെലവു രേഖകളുടെ മൂല്യം |
|---|---|---|---|---|
| പുത്തൻകട കമിളി റോഡ് പുനരുദ്ധാരണം | 177663 | വിൽസൺ എസ്.ആർ | 206/19-20 | 74800 |
| നെടിയകാല വടക്കോട്ടിൽകുളം റോഡ് കോൺക്രീറ്റിംഗ് | 499253 | റിച്ചാർഡ് ദാസ് ഐ | 6/2020-21 | 514100 |
| ഓലത്താന്നി പാതിരിശ്ശേരി റോഡ് ഇന്റർലോക്കിംഗ് | 159305 | രാജഗോപാൽ റ്റി | 23/2020-21 | 0 |

എ) ഗുണഭോക്തൃ സമിതി നിർവഹിക്കുന്ന പ്രവൃത്തികളുടെ തുക കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ടിലേക്കാണ് തുക അനുവദിക്കേണ്ടതെങ്കിലും കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

ബി) ഗുണഭോക്തൃ സമിതികൾ യോഗം കൂടി പ്രവൃത്തികളുടെ അവലോകനം നടത്തിയിട്ടില്ല.

സി) ഗുണഭോക്തൃ സമിതിക്കുണ്ടായ ചെലവുകളുടെ രേഖകൾ പൂർണ്ണമായും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഗുണഭോക്തൃസമിതിക്കുണ്ടായ യഥാർത്ഥ ചെലവോ, ബിൽ തുകയോ ഏതാണോ കുറവ് പ്രസ്തുത തുകയാണ് ഗുണഭോക്തൃ സമിതിക്ക് അനുവദിക്കേണ്ടത്. ഗുണഭോക്തൃ സമിതിക്കുണ്ടായ ചെലവിന്റെ രേഖകൾ പൂർണ്ണമായും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടുള്ളത് ക്രമപ്രകാരമാണോ എന്നു വിലയിരുത്താനാകുന്നില്ല.

മേൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.68/26.04.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശിത അപാകങ്ങൾക്ക് മറുപടി, ബന്ധപ്പെട്ട രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-25 ചെലവഴിക്കാത്ത മുൻകൂർ തുക തിരികെ ഒടുക്കിയതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

മണലൂർ വാർഡിൽ അയണിയറത്തലയിൽ നഗരസഭാറോഡ് കൈയ്യേറി ശ്രീ. വിപിൻ, അയണിയറത്തല പുത്തൻ വീട്, മണലൂർ എന്ന വ്യക്തി അനധികൃതമായി നിർമ്മിച്ച മതിൽ പൊളിച്ച് മാറ്റുന്നതിന് പ്രദേശ നിവാസികൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയതു നടപ്പാക്കുന്നതിന് ശ്രീമതി മിനി. L.A PWD III യുടെ പേർക്ക് 17.9.2021 ൽ Cheque No 480458 പ്രകാരം 5000/- രൂപ നൽകിയിരിക്കുന്നു. വസ്തുവിന്റെ ഉടമസ്ഥൻ സ്വന്തം ചെലവിൽ ചുറ്റുമതിൽ പൊളിച്ചു മാറ്റിയതിനാൽ മുൻകൂർ ചെലവഴിക്കേണ്ടി വന്നിട്ടില്ലാത്തതാണ്. എന്നാൽ അഡ്വാൻസ് തുക 24.01.2023 ൽ മാത്രമാണ് രസീത് നം 113574 പ്രകാരം തിരികെ ഒടുക്കിയിരിക്കുന്നത്. ചെലവഴിക്കാത്ത തുക തിരികെ ഒടുക്കാൻ കാലതാമസം വന്നതിനും, കാലതാമസം നേരിട്ട കാലയളവിൽ 18% നിരക്കിൽ പിഴ ഈടാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നം. 76/23, തീയതി :27.04.2023) മറുപടി ലഭ്യമാക്കിയില്ല.

ജി ഒ പ്രകാരം മുൻകൂർ തിരികെ ഒടുക്കുന്നതിന് താമസം നേരിട്ട കാലയളവിൽ 18% നിരക്കിൽ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 അനുമതി ഇല്ലാതെ ജിയോ ഫൈബർ കണക്ഷൻ പ്രവൃത്തികൾ നടപ്പാക്കി - വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

മുനിസിപ്പൽ കൗൺസിലിന്റെ 22.06.2021 ലെ യോഗ മിനിറ്റ്സ് പ്രകാരം നഗരസഭയുടെ അനുമതി ഇല്ലാതെ ജിയോ ഫൈബർ കണക്ഷന് വേണ്ടി പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നിർത്തി വച്ചതായും ആയതിനുള്ള ഫീസ് ഈടാക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയും തീരുമാനം ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിനും ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് 10.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/23 ന് മറുപടിയും ഫയലും ലഭ്യമാക്കിയില്ല. നഗരസഭയുടെ അനുമതി ഇല്ലാതെ അനധികൃതമായി നടത്തിയ പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകളും, ഫയലും ഹാജരാക്കേണ്ടതും മറ്റ് തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 അനധികൃത ചന്തകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭാ കൗൺസിലിന്റെ 22.06.2021 തീയതിയിലെ യോഗത്തിൽ അമരവിള വാർഡിൽ താന്നിമൂട് സ്കൂളിന് സമീപം നഗരസഭ പുതുതായി ഇന്റർലോക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് സ്ഥിരമായി അനധികൃത മത്സ്യ ചന്ത നടത്തി വരുന്നതായും ആയത് കാരണം ടി പ്രദേശം മാലിന്യം നിറഞ്ഞ് ദുർഗന്ധം വമിക്കുന്നതായും ആയത് അടിയന്തിരമായി അവിടെ നിന്നും മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അമരവിള വാർഡ് കൌൺസിലർ ആവശ്യപ്പെട്ടതിനെ തുടർന്ന് ടി അനധികൃത ചന്ത അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തി. തുടർ നടപടി അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 2/23,തീയതി : 10.04.2023) ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. ദേശീയ പാതയിൽ അമരവിള ജംഗ്ഷൻ, താന്നിമൂട്, മുനിസിപ്പൽ സ്റ്റേഡിയത്തിന് മുൻഭാഗം എന്നിവിടങ്ങളിൽ അനധികൃത മാർക്കറ്റുകൾ പ്രവർത്തിക്കുന്നതായും ആയതു നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പി.ഡബ്ല്യു.ഡി എഇ കത്ത് നൽകിയിട്ടുള്ളതിനാൽ, ആയതു ഒഴിപ്പിക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയ ശുപാർശ കൌൺസിൽ അംഗീകരിക്കുകയും ശ്രീ.മധുകുമാർ ഹെൽത്ത് ഇൻസ്പെക്ടർ രണ്ടാം ഗ്രേഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അമരവിള ടോൾ ജംഗ്ഷന് സമീപത്തുള്ള അനധികൃത മൽസ്യക്കച്ചവടം ഒഴിപ്പിക്കുന്നതിന് ഹെൽത്ത് വിഭാഗം ജീവനക്കാർ പോലീസ് സഹായം തേടുകയും മൽസ്യബന്ധനം നിരോധിച്ചിരിക്കുന്നു എന്ന ബാനർ എഴുതി പ്രദർശിപ്പിക്കുകയും ചെയ്തിരിക്കുന്നു. താന്നിമൂട് സ്കൂളിന് സമീപം നഗരസഭ പുതുതായി ഇന്റർലോക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് അനധികൃത മത്സ്യ ചന്ത നിർത്തലാക്കി എന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ നഗരസഭയുടെ മറ്റ് പ്രദേശങ്ങളിൽ നടക്കുന്ന അനധികൃത ചന്തകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അനധികൃത മൽസ്യചന്തയുമായി ബന്ധപ്പെട്ട് ബഹു. ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചതിൻ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് ഹെൽത്ത് വിഭാഗത്തിന് ചുമതല നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. തുടർ നടപടികൾ രേഖപ്പെടുത്തിയിട്ടില്ല. അനധികൃത ചന്തകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ആസ്തി സംരക്ഷണം - ഊർജ്ജിതമാക്കേണ്ടതാണ്

നഗരസഭാതിർത്തിയിലുള്ള പല കുളങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട അളവ് ഇല്ലാത്ത അവസ്ഥയിൽ പലരും കൈയേറിയ സ്ഥിതിയിലാണെന്നും ആയത് സംരക്ഷിക്കപ്പെടേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തം ആണെന്നും ആയതിനാൽ എല്ലാ കുളങ്ങളിലേയും പുറമ്പോക്ക് സ്ഥലം പരിശോധിച്ച് കണ്ടെത്തി മേൽ നടപടി സ്വീകരിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയർക്ക് ചുമതല നൽകി കൌൺസിൽ തീരുമാനം എടുത്തിരിക്കുന്നു. കൂടാതെ മുട്ടയ്ക്കാട് വാർഡിൽ കല്ലരിക്കോണം കുളം 28 സെൻറ് വസ്തു 2010 ലെ കൌൺസിൽ അളന്ന് തിട്ടപ്പെടുത്തി ടി കുളം ഒരു സ്വകാര്യ വ്യക്തിയിൽ നിന്നും പിടിച്ചെടുക്കുകയും തുടർന്ന് നവീകരണ പ്രവർത്തനങ്ങൾ നടക്കാതെ വീണ്ടും ആ വസ്തു അന്യാധീനപ്പെടുന്ന അവസ്ഥയിലാണെന്നും ടി സ്ഥലത്ത് നിന്ന ആഞ്ഞിൽ മരങ്ങൾ ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചു കൊണ്ടു പോകുന്ന അവസ്ഥയിലാണെന്നും ആയത് അടിയന്തിര പ്രാധാന്യം കണക്കാക്കി ടി കുളം അളന്ന് തിട്ടപ്പെടുത്തി വരുന്ന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി കുളം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തീരുമാനം എടുത്തിട്ടുണ്ട്. 2021-22 ൽ കല്ലരിക്കോണം കുളം നവീകരിക്കുന്നതിനും അളന്ന് തിട്ടപ്പെടുത്തുന്നതിനും പദ്ധതി നടപ്പാക്കിയിട്ടില്ല. കുളങ്ങളിലെ പുറമ്പോക്ക് ഭൂമി കൈയേറുന്ന പ്രവണത എല്ലാ വാർഡുകളിലും ഉണ്ടെന്നും ആയത് എല്ലാ കുളങ്ങളിലേയും പുറമ്പോക്ക് സ്ഥലം പരിശോധിച്ച് കണ്ടെത്തി മേൽ നടപടി സ്വീകരിക്കുന്നതിനുമാണ് മുനിസിപ്പൽ എഞ്ചിനീയർക്ക് ചുമതല നൽകിയിരുന്നത്. എന്നാൽ ഇതു സംബന്ധിച്ച് പരിശോധന നടത്തി ആസ്തിയിൽ ഉൾപ്പെട്ട ഭൂമി പൂർണ്ണമായും വേർതിരിച്ച് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഭരണസമിതി ഈ വിഷയം പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ആസ്തി സംരക്ഷണത്തിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ പൂർണ്ണമാക്കി ഡിജിറ്റലൈസ് ചെയ്ത് തുടർ പരിപാലനം ഉറപ്പാക്കേണ്ടതുമാണ്.

## 1-29 ഷീലോഡ്ജ് പൂർത്തീകരണം പദ്ധതി - കരാറുകാരന് തുക അധികം നൽകി - 94,974/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഷീലോഡ്ജ് നിർമ്മാണം പൂർത്തീകരണം (183/22) |
| അടങ്കൽ തുക | 42,00,000/- (സി എഫ് സി ഗ്രാന്റ്) |
| ചെലവ് തുക | 24,59,933/- |
| ബിൽ നം. തീയതി | 309/04.03.2022( ACR) |

| | |
|---|---|
| എം ബുക്ക് നം | 34/21-22, 35/21-22 |
| കരാറുകാരൻ | ശ്രീ. റോബിൻസൺ S |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ്കുമാർ എസ്. കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മറ്റ് സ്ഥലങ്ങളിൽ നിന്നും വന്ന് നഗരസഭാ മേഖലയിൽ ജോലി ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതമായ താമസസൌകര്യം ഒരുക്കുന്നതിനായി ഷീലോഡ്ജ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് മേൽ പട്ടിക പ്രകാരമുള്ള പദ്ധതി നടപ്പാക്കി. ചെലവ് തുക നൽകുന്നതിന് ബിൽ തയ്യാറാക്കിയ വേളയിൽ കരാറുകാരൻ ക്വാട്ട് ചെയ്തിനേക്കാളും, റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമാതിലും കൂടിയ നിരക്ക് രേഖപ്പെടുത്തുകയും അധികം തുക അനുവദിക്കുകയും ചെയ്തു.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഭാഗം I ൽ Building, ഭാഗം 2 ൽ Water Supply And Sanitary, ഭാഗം 3 ൽToilet, ഭാഗം 4 ൽ Ground Levelling, Extra Item 2 എന്നിങ്ങനെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഭാഗം 2 ൽ Water Supply And Sanitary പ്രവൃത്തിയുടെ ഭാഗമായി Item No. 24 – Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering – All Works Up To Plinth Level 1:4:8 എന്ന ഇനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 35.46 M3ന് 6176.71 രൂപ നിരക്കിൽ 219026.14 രൂപ വകയിരുത്തി. കരാറുകാരൻ ഈ ഇനത്തിന് M3ന് 5250.210 രൂപ ക്വാട്ട് ചെയ്തിരിക്കുന്നു. എന്നാൽ എം ബുക്ക് (35/21-22, പേജ് നം 57), KPW FORM 22 എന്നിവ പ്രകാരം പ്രസ്തുത ഇനത്തിന് 28.266 M3 ന് 8250.21 രൂപ നിരക്കിൽ 233200.43 രൂപ നൽകിയിരിക്കുന്നു. 5250.210 രൂപ നിരക്കിൽ 148402.43 രൂപ നൽകേണ്ടതിനു പകരം 233200.43 രൂപ നൽകിയതിനാൽ 84,798/- രൂപ അധികം കണക്കാക്കി ജി എസ് റ്റി കോമ്പൻസേഷൻ 12% ഉൾപ്പെടെ 94,974/- രൂപ (84,798 + GST 12% 10176/-) അധികം നൽകി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 19.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/23 ന് മറുപടി ലഭ്യമാക്കിയില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യത ആകുന്നതാണ്.

## 1-30 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-75618/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്-കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നമ്പർ- S0164/22

നിർവ്വഹണ ഉദ്യോഗസ്ഥൻ- സീനിയർ വെറ്റിനറി സർജൻ

2021-22 സാമ്പത്തിക വർഷത്തിൽ 'കന്നുക്കുട്ടി പരിപാലന പദ്ധതി' (S0164/22)-എന്ന പ്രോജക്ടിനായി, Bill No.1/21-22 Dtd 29.11.2022പ്രകാരം 1250000/- എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത തുകയിൽ 1174382രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായിട്ടുള്ളത്.ശേഷിക്കുന്ന 75618രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 23 ന്റെ മറുപടിയിൽ,പൂർണ്ണമായി തുക ചെലവഴിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 മരുന്ന് വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായില്ല - 2,08,159/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

1.പ്രോജക്ടിന്റെ പേര്-പുന്നയ്ക്കാട് ആയുർവേദ സബ്സെന്ററിലേയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-S0017/22

അടങ്കൽ തുക-350000/-രൂപ

ചെലവ് തുക-350000 (Bill No.1/21-22 Dtd 4.10.21 )

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ആയുർവേദം)

2.പ്രോജക്ടിന്റെ പേര്- ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-S0019/22

അടങ്കൽ തുക-2300000/-രൂപ

ചെലവ് തുക- 2300000/-രൂപ (Bill No.3/21-22 4.10.21)

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ആയുർവേദം)

രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നല്കുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നതിനായിട്ടാണ് മേൽ പ്രോജക്ടുകൾ വിഭാവനം ചെയ്തത്. പ്രസ്തുത പദ്ധതികൾക്കായി യഥാക്രമം 2300000/-രൂപ,350000/-രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ,കൈമാറിയ മുഴുവൻ തുകയിൽ മരുന്ന് ലഭ്യമായത് 2150419/-രൂപയ്ക്കും, 291422/-രൂപയ്ക്കുമാണ്. ശേഷിക്കുന്ന 208159/- (149581+58578=208159)രൂപയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ/ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ച എൻക്വയറി നമ്പർ 66 ന് മറുപടി ലഭ്യമാക്കിയില്ല. ശേഷിക്കുന്ന തുകയ്ക്ക് മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മരുന്ന് ലഭ്യമായതിനുള്ള രേഖകൾ ലഭ്യമാക്കും വരെ 2,08,159/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-32 ജി.എസ് ടി റ്റി.ഡി എസ് ഈടാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്-ആയുർവേദ ആശുപത്രിക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ- SO141/22

ചെലവ് തുക- 795000 (Bill No.5/21-22 Dtd 15.12.21)

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ ആയുർവേദ ആശുപത്രിക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കൽ 'എന്ന പദ്ധതി (SO141/22) പ്രകാരം 795000/- രൂപ Brothers Traders എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.പ്രസ്തുത സ്ഥാപനവുമായി ടെണ്ടറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ചെലവ് തുകയിൽ നിന്നും ജി. എസ് ടി റ്റി.ഡി.എസ് (Taxable Amt-673729 ,GST -TDS-2%-13474.58) ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് കൈമാറി.

2017 ലെ CGSTAct/SGST Act Sn 51(1) പ്രകാരം മേൽ പറയുന്ന സ്ഥാപനങ്ങൾ ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്തുവാൻ ബാധ്യസ്ഥരാണ്

CGST Act 2017ലെ Sn 51(1) ൽ വിതരണത്തിൽ ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act 2017 ലെ സെക്ഷൻ 51(1) ലും സമാനമായ വ്യവസ്ഥയുണ്ട്.ആയതിനാൽ CGST,SGST ഇനത്തിൽ ഒരു ശതമാനം 1% വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 59 ന് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-33 ദുരന്ത നിവാരണ ഫണ്ടുവിനിയോഗം- പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

വഴുതൂർ റോഡ് പ്രവൃത്തിക്കായി സംസ്ഥാന സർക്കാരിന്റെ ദുരന്തനിവാരണ ഫണ്ടിൽനിന്നും 7,74,616/- രൂപ നഗരസഭ വിനിയോഗിച്ചിട്ടുണ്ട്. 8 ലക്ഷം രൂപ അടങ്കലിൽ നടപ്പാക്കിയ പ്രവൃത്തിക്കായി റീടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായതായും, 26.06.2020 ലെ തീരുമാനം 10(14) ലൂടെ സിംഗിൾ ടെണ്ടർ (അനിൽ ആർ) അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിക്കായി ടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിന്റെയും, ടെണ്ടർ പരസ്യം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതിനുമുള്ള രേഖകൾ, ഇ ടെണ്ടർ സൈറ്റിൽ നിന്നുമുള്ള BOQ കംപാരറ്റീവ് സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയവ ലഭ്യമാക്കിയില്ല.

രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.68/26.04.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട പരാമർശിത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 (എ) ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2)ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5)ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (15/17.04.2023) മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 ജി.എസ്.ടി. സ്വീകരിച്ച് അടവാക്കുന്നതിലെ അപാകങ്ങൾ

നഗരസഭയുടെ സി.ജി.എസ്.റ്റി, എസ്.ജി.എസ്.റ്റി ഹെഡുകളിൽ നികുതി സ്വീകരിച്ച്, അതതുമാസങ്ങളിൽ ഒടുക്കു വരുത്തി റിട്ടേണുകൾ സമർപ്പിക്കുന്നുണ്ടെങ്കിലും, വാർഷിക കണക്കുകൾ പ്രകാരമുള്ള ജി.എസ്.ടി. യിനത്തിലെ വരവും, ചെലവും ഇതുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരമുള്ള നികുതി വരവ്, ചെലവ് വിവരവും മറ്റു അപാകങ്ങളും ചുവടെ.

| ഹെഡ് | മുന്നിരിപ്പ് തുക | തൻ വർഷ വരവ് | തൻവർഷം ഒടുക്കിയ തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 350300700 സി.ജി.എസ്.റ്റി | 229844 | 966865 | 1054005 | 142704 |
| 350300800 എസ്.ജി.എസ്.റ്റി | 229845 | 966845 | 1054005 | 142685 |

എ) മേൽ പട്ടികയിലെ നീക്കിയിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല.

ബി) മുന്നിരിപ്പ് തുകയിൽ 1,71,474/- രൂപ വീതം രണ്ടു ഹെഡിലും 20.04.2021 തീയതിയിൽ ഒടുക്കിയിട്ടുണ്ട്. 2021മാർച്ചിൽ ഒടുക്കാനവശേഷിച്ചിരുന്ന തുക പൂർണ്ണമായി ഒടുക്കാതെ 58,370/- രൂപ കുറവായി ഒടുക്കിയതിനുള്ള കാരണം വ്യക്തമല്ല.

സി) ജി.എസ്.ടി.ആർ-3ബി റിട്ടേണുകൾ പ്രകാരം 9,81,470/- രൂപ വീതം നഗരസഭ ഒരോ ഹെഡിലുമായി തൻവർഷം ഒടുക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ 10,54,005/- രൂപ വീതം ഒടുക്കിയതായി കാണിച്ചിരിക്കുന്നു.

ഡി) ലഡ്ജർ പ്രകാരമുള്ള നീക്കിയിരുപ്പ് തുകയല്ല നഗരസഭ ഒടുക്കു വരുത്തുന്നത്. ഉദാഹരണത്തിന് ലഡ്ജർ പ്രകാരം 28.02.2022 ൽ ഒടുക്കുവാനവശേഷിക്കുന്ന നികുതിയുടെ വിവരം ചുവടെ.

| ഹെഡ് | 28.02.2022 ൽ ഒടുക്കുവാനവശേഷിക്കുന്ന തുക |
|---|---|
| 350300700 സി.ജി.എസ്.റ്റി | 157890 |
| 350300800 എസ്.ജി.എസ്.റ്റി | 222728 |

എന്നാൽ 1,68,611/- രൂപ വീതമാണ് ഫെബ്രുവരി മാസത്തെ നികുതി വരവിനത്തിൽ ഒടുക്കിയിട്ടുള്ളത്.

ഇ) സി.ജി.എസ്.റ്റി, എസ്.ജി.എസ്.റ്റി എന്നിവ ഒരേ നിരക്കിലാണ് നഗരസഭ സ്വീകരിക്കുന്നതെങ്കിലും വാർഷിക കണക്കിലെ നീക്കിയിരിപ്പിൽ വ്യത്യസ്ത തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

എഫ്) നഗരസഭ സ്രോതസ്സിൽ നിന്നും കുറവു ചെയ്യുന്ന ജി.എസ്.ടി. തുകകളുടെ വിശദാംശം രേഖപ്പെടുത്തുന്നതിനു പ്രത്യേകം ഹെഡുകൾ ഉപയോഗിക്കുന്നില്ല. ജി.എസ്.റ്റി. റ്റി.ഡി.എസ്. രജിസ്ട്രേഷൻ സ്വീകരിച്ചിട്ടില്ല. റിട്ടേണുകളും ഫയൽ ചെയ്യുന്നില്ല.

ജി.എസ്.ടി. ഒടുക്കുന്നതിലെ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.70/27.04.2023) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി. ഒടുക്കുന്നതിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 തനതു ഫണ്ടിൽ നിന്നും ബാങ്ക് ചാർജ്ജസ് ഇനത്തിൽ തുക ഈടാക്കുന്നു. - നഷ്ടം 10,940/-രൂപ

നഗരസഭയുടെ തനതു അക്കൗണ്ടായ കാനറാ ബാങ്കിലെ അക്കൗണ്ടിൽ (നം.0716101060053) നിന്നും വിവിധ ചെക്കുകളുടെ തുക മാറി നൽകുന്നതോടൊപ്പം ബാങ്ക് ചാർജ്ജസ് ഇനത്തിൽ തുക ഈടാക്കി പോരുന്നു. 01.04.2021 മുതൽ 11.02.2022 വരെയുള്ള കാലയളവിലേക്ക് മാത്രമായി ഇപ്രകാരം 10,940/- രൂപ ഈടാക്കിയിട്ടുണ്ട്. ബാങ്ക് ചാർജ്ജസ് ഇനത്തിൽ തുക നഷ്ടമായത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 78/27.04.2023) മറുപടി

ലഭ്യമാക്കിയില്ല. ചെക്ക് ഇടപാടുകൾക്കൊപ്പം ബാങ്ക് ചാർജ്ജസ് ഇനത്തിൽ നഗരസഭയുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ നഷ്ടമായ തുക തിട്ടപ്പെടുത്തേണ്ടതും, തുക തിരികെ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-36 ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ ക്രമമല്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരുപ്പിലെത്തേണ്ടതാണ്. നഗരസഭ അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് നീക്കിയിരുപ്പുകൾ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. ബാങ്ക് അക്കൗണ്ടുകൾ റീകൺസിലിയേഷൻ ചെയ്തു ലഭ്യമാക്കുന്നതിലേക്കായി ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്നു ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ മാർച്ച് 2022 മാസത്തെ റീകൺസിലിയേഷൻ ലഭ്യമാക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) തനതു അക്കൗണ്ടായ കാനറാ ബാങ്കിലെ അക്കൗണ്ടിൽ (നം.0716101060053) 31.03.2022 തീയതി വരെ, നഗരസഭക്കു ലഭിച്ചതിൽ 16,69,163/- രൂപയുടെ ചെക്കുകൾ പണമാകാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ പിന്നീട് പണമായി ലഭിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല. കൂടാതെ ടി ചെക്കുകളുടെ വിശദാംശം പരിശോധിക്കുന്നതിനു ചെക്ക് റിസീവ്ഡ് രജിസ്റ്റർ ഉടങ്ങിയവയും ലഭ്യമായില്ല.

| വൗച്ചർ നം | വൗച്ചർ തീയതി | ചെക്ക് നം | ചെക്ക് തീയതി | തുക |
|---|---|---|---|---|
| 121160500212 | 22.02.2022 | 1391276 | 22.02.2022 | 26250 |
| 120320900025 | 23.03.2022 | 3 | 23.03.2021 | 33752 |
| 120320900027 | 23.03.2021 | 3 | 23.03.2021 | 3540 |
| 120070900022 | 25.03.2021 | U000 | 23.3.2021 | 535696 |
| 120320900026 | 23.03.2021 | 3 | 23.03.2021 | 27704 |
| 120320900023 | 20.03.2021 | 2 | 19.03.2021 | 27704 |
| 31900197 | 24.10.2019 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | 1000 |
| 11816040061 | 25.02.2019 | 437987 | 30.01.2019 | 9350 |
| 118160500246 | 08.02.2019 | 161727 | 06.02.2019 | 16250 |
| 118160400056 | 13.02.2019 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | 1000 |
| 120160500179 | 12.01.2021 | 362172 | 12.01.2021 | 122908 |
| 120320900022 | 20.03.2021 | 2 | 19.03.2021 | 33752 |
| 120160400134 | 31.03.2022 | 067512 | 29.03.2021 | 1325 |
| 120320900024 | 20.03.2021 | 2 | 19.03.2021 | 3540 |

മേൽ ചെക്കുകളുമായി ബന്ധപ്പെട്ട ചെക്ക് റിസീവ്ഡ് രജിസ്റ്റർ, പണം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടതു സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ്, വരവിനം ഉടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 3 മാസത്തിലുമധികമായ ചെക്കുകൾ പണമായി ലഭിക്കാതിരുന്നിട്ടും, ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) മേൽ അക്കൗണ്ടിൽ നിന്നും അനുവദിച്ച 8,95,477/- രൂപയുടെ വിവിധ ചെക്കുകൾ പണമായി പിൻവലിച്ചിട്ടില്ലാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കാലാവധി കഴിഞ്ഞ അനേകം ചെക്കുകൾ ഇപ്രകാരം മാറാനുള്ളതായി രേഖപ്പെടുത്തി റീകൺസിൽ ചെയ്തിരിക്കുന്നു. 3 മാസം കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
ചുവടെ ചേർക്കുന്ന ചെക്കുകളുമായി ബന്ധപ്പെട്ട തുക നഗരസഭയുടെ അക്കൗണ്ടിൽ നിന്നും പണമായി പിൻവലിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ചെലവുവിശദാംശങ്ങൾ, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ പരിശോധനക്കു ലഭ്യമായില്ല.

| വൗച്ചർ നം | വൗച്ചർ തീയതി | ചെക്ക് നം | ചെക്ക് തീയതി | തുക |
|---|---|---|---|---|
| 22101261 | 14.03.2022 | 111274 | 14.03.2022 | 100000 |
| 22100956 | 01.01.2022 | 905875 | 23.12.2021 | 4920 |
| 22100957 | 01.01.2022 | 905876 | 23.12.2021 | 42000 |

| | | | | |
|---|---|---|---|---|
| 22100565 | 06.09.2022 | 480432 | 06.09.2021 | 293412 |
| 22000827 | 08.10.2020 | 616189 | 08.10.2020 | 3000 |
| 22000828 | 08.10.2020 | 616189 | 08.10.2020 | 750 |
| 22000431 | 06.07.2020 | 616055 | 06.07.2020 | 10000 |
| 22000221 | 27.05.2020 | 615981 | 27.05.2020 | 6079 |
| 21901465 | 10.02.2020 | 615785 | 10.02.2020 | 2500 |
| 22100151 | 06.05.2021 | 480137 | 06.05.2021 | 1200 |
| 22100191 | 17.05.2021 | 480162 | 17.05.2021 | 8687 |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 78/27.04.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിന്ന മറുപടി ലഭ്യമാക്കേണ്ടതും, റീകൺസിലിയേഷനുകൾ ക്രമപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

## 1-37 മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഓണറേറിയം നൽകി - 180000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 040/22 |
| പ്രോജക്ടിന്റെ പേര് | പ്രീപ്രൈമറി ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം |
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പൽ |
| അടങ്കൽ തുക | 210000/- |
| ചെലവായ തുക | 180000/- |
| ബിൽ നം./ തീയതി | 02/21-22 തീ. 08.11.21 |

2021-22 അദ്ധ്യയന വർഷം നഗരസഭയ്ക്ക് കീഴിലുള്ള 9 സ്കൂളുകളിലെ പ്രീപ്രൈമറി വിഭാഗങ്ങളിലായി 14 പ്രീപ്രൈമറി ടീച്ചർമാർക്കും 9 ആയമാർക്കും , സ്കൂളുകളിൽ ജോലി ചെയ്തു വരുന്നുവെന്ന പ്രഥമാധ്യാപകന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടീച്ചർമാർക്ക് 9000/- വീതവും ആയമാർക്ക് 6000/- രൂപ വീതവും ഓണറേറിയം നൽകി ആകെ 180000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ. കൈ. നം.22/2018/തസ്വഭവ തീ.14.02.18 ഖ.8 - 10 പ്രകാരം പദ്ധതികളിൽ വകയിരുത്തി ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശത്തിനുവിരുദ്ധമായി പദ്ധതിയിൽ വകയിരുത്തി ഓണറേറിയം നൽകിയതിന് വിശദീകരണവും ടീച്ചർമാരുടേയും ആയമാരുടേയും നിയമനവുമായി ബന്ധപ്പെട്ട ഫയൽ, Attendance Register, പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികളുടെ Attendance Register, പ്രസ്തുത ജിവനക്കാർക്ക് വേതനമോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 56/23 തീ. 24.04.23) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-38 ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം നൽകി - 6900/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

നഗരസഭയ്ക്ക് കീഴിലുള്ള എൽ.പി. സ്കൂളുകളിൽ സ്മാർട്ട് റൂം ഒരുക്കുന്ന പ്രിൻസിപ്പൽ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളുടെ ഭാഗമായി ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക (493200/-) ക്വാട്ട് ചെയ്ത RBH Business Enterprises- ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ മാറി നൽകിയപ്പോൾ ക്വാട്ട് ചെയ്തതിനേക്കാൾ അധികം തുക നൽകിയിരിക്കുന്നു. ക്വാട്ട് ചെയ്തതിനേക്കാൾ അധികം തുക നൽകിയിരിക്കുന്നു. വിശദവിവരം 3-3-ൽ ചേർത്തിട്ടുണ്ട്.

## 1-39 ബില്ലുകളിൽ നിന്ന് റ്റി.ഡി.എസ്.ഈടാക്കിയില്ല

പ്രിൻസിപ്പൽ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള ചുവടെ പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ബില്ലുകളിൽ നിന്ന് ജി.എസ്.റ്റി, റ്റി.ഡി.എസ്.ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവായ തുക | ബിൽ നം./ തീയതി | ബിൽ തുക | ഈടാക്കേണ്ടുന്ന TDS |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 356/22 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | 500000 | 497668 | 3/21-22 17.12.21 | 421753 | 8435/- |
| 2 | 160/22 | നെയ്യാറ്റിൻകര ജെ.ബി.എസ്- സ്മാർട്ട് ക്ലാസ് | 500000 | 495500 | 10/21-22 03.03.22 | 419915 | 8398/- |
| 3 | 486/22 | ഊരുട്ടുകാല ഗവ.എം.റ്റി.എച്ച്.എസ്-ൽ സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ | 500000 | 498000 | 17/21-22 31.03.22 | 422338 | 8447/- |
| 4 | 157/22 | അമരവിള ജെ.ബി.എസ്-ൽ സ്മാർട്ട് ക്ലാസ് റൂം | 500000 | 495500 | 8/21-22 03.03.22 | 419915 | 8398/- |
| 5 | 159/22 | എൽ.പി.എസ് വേങ്കഴിയിൽ സ്മാർട്ട് ക്ലാസ് റൂം. | 500000 | 495500 | 9/21-22 03.03.22 | 419915 | 8398/- |
| 6 | 162/22 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | 500000 | 499800 | 14/21-22 23.03.22 | 423561 | 8471/- |
| | | | | | ആകെ | | 50547/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.55/23 തീ. 24.04.23) മറുപടി ലഭ്യമാക്കിയില്ല. ടി.ഡി.എസ്. ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39-1 നഗരസഭക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ

പ്രോ. നം. 39/22 നഗരസഭക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ

ഫണ്ടിനം - കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 770045/-

ചെലവു തുക - 607333/-

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഉപകരണം | വാങ്ങിയ എണ്ണം | ലഭ്യമാക്കിയ സ്ഥാപനം | ബിൽ തുക | ഉപകരണങ്ങളുടെ മൂല്യം+ജി.എസ്.ടി |
|---|---|---|---|---|
| ലാപ് ടോപ്പ് ACER E215-54 11TH GEN/4GB /15.6/FHD /WIN11 SSD512GB | 10 | എയ്റോ സോഫ്റ്റ്, നെയ്യാറ്റിൻകര | 450450 | 381737+ 68713 |
| പ്രിന്റർ CANON LBP 6230DN | 10 | ശർമ എൻർപ്രൈസസ്, ജയ്പൂർ | 156883 | 132952+ 23931 |

Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5 ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. പദ്ധതി പ്രകാരമുള്ള മേൽ

വാങ്ങലിനു എയ്റോ സോഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കാതെയാണ് ബിൽ തുക അനുവദിച്ചത്.

കൂടാതെ, നേരിട്ടുള്ള പരിശോധനയിൽ ബിൽ പ്രകാരം ലഭ്യമായ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ കണ്ടെത്താനായില്ല.

| ഉപകരണം | സീരിയൽ നം |
|---|---|
| പ്രിന്റർ CANON LBP 6230DN | 919143b00592aa21ntsa205224<br>919143b00592aa21ntsa205703 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/13.04.2023) എയ്റോ സോഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നു മറുപടി നൽകി. 10 പ്രിന്ററുകളും ലഭ്യമായതായും, ബർത്ത് & ഡെത്ത്, റവന്യൂ സെക്ഷനുകളിലെ പ്രിന്ററുകളിലെ സീരിയൽ നം. ബില്ലിലെ സീരിയൽ നമ്പറുകളുമായി പൊരുത്തപ്പെടാത്തതാണെന്നും, പ്രിന്ററുകൾ ലഭ്യമായപ്പോൾ തെറ്റായ സീരിയൽ നം രേഖപ്പെടുത്തിയ ഉപകരണങ്ങൾ ലഭ്യമായത് സ്റ്റോക്ക് വെരിഫൈ ചെയ്തതിൽ വന്ന പിശകാണെന്നും, നിലവിൽ എല്ലാ പ്രിന്ററുകളും പ്രവർത്തിക്കുന്നതായും മറുപടി നൽകി. ജി.എസ്.ടി. ടി.ഡി.എസ്. ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 മുൻകൂർ വാങ്ങിയ തുകകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല-129000/- രൂപ തടസ്സപ്പെടുത്തുന്നു.

മുൻകർ രജിസ്റ്റർ പ്രകാരം മുൻകൂറായി കൊടുത്തിരിക്കുന്ന ചുവടെപ്പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

| ക്രമ നം | അഡ്വാൻസ് തുക | വൌച്ചർ.നം/ തീയതി | ചെക്ക് നം. | അഡ്വാൻസ് സ്വീകരിച്ച വ്യക്തി | ഫയൽ നം. |
|---|---|---|---|---|---|
| 1 | 15000/- | 50/14.6.2021 | 480195 | ശശി കുമാർ P.K, (HS) | H1/1858/20 |
| 2 | 6000/- | 76/17.9.2021 | 480201 | മിനി L.A, PWO III | E1/E2/4333/21 |
| 3 | 5000/- | 42/6.12.2021 | 14340 | അശ്വതി കൃഷ്ണൻരാധ,JH1 II | H1/10086/21 |
| 4 | 8000/- | 113/23.12.2021 | 905874 | ക്രിസ്റ്റഫർ രാജ്, PW II | E5/22089/21 |
| 5 | 5000/- | 88/25.1.2022 | 379433 | രമ്യശ്രീ, JH1 II | H1/18313/21 |
| 6 | 90000/- | 96/21.32022 | 024525 | ശശി കുമാർ P.K, (HS) | H1/10839/21 |
| ആകെ | 129000/- | | | | |

മേൽപ്പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (62/25.04.2023) ക്രമ നം. 1, 3 ലെ ഫയലുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. ലഭ്യമാക്കിയ ഫയലുകളിൽ ചെലവായ തുകയുടെ മുഴുവൻ രേഖകൾ ഉണ്ടെങ്കിലും, ടി തുക ഭരണ സമിതി അഡ്ജസ്റ്റ് ചെയ്ത് നൽകിയിട്ടില്ല. ടി അപാകത ചൂണ്ടി കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (72/27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കണ്ടിജന്റ് എക്സ്പെൻഡീച്ചറുകൾക്ക് മുൻകൂറായി അനുവദിക്കുന്ന തുകകൾ(KFC Art 99 Vol I) അവസാന ചെലവ് രേഖയുടെ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ അഡ്ജസ്റ്റ് ചെയ്യാത്ത പക്ഷം 18%പിഴപ്പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവിൽ ( G.O(p)N0.419/11 Fin, Dt:4.10.2011) നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ തുകകളുടെ ചെലവ് രേഖകൾ ഉൾപ്പെടുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തിനാലും, മേൽ തുകകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്യാത്തതിനാലും സർക്കാർ പണം ദുർവിനിയോഗം ചെയ്തിട്ടില്ലാ എന്ന് ഓഡിറ്റിന് ഉറപ്പാക്കാനായിട്ടില്ല. ആയതിനാൽ മേൽ തുകകൾ അഡ്ജസ്റ്റ് ചെയ്ത് ചെലവ് രേഖകൾ ഉൾപ്പെടെയുള്ള ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ മുൻകൂർ ഇനത്തിൽ ചെലവാക്കിയ ആകെ തുകയായ 129000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-41 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി

പാലിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| നം. | വാഹന നം | ലഭ്യമാക്കാത്ത വിവരങ്ങൾ |
|---|---|---|
| 1 | KL 20R 0085 | ഇന്ധനം നിറച്ചതിന്റെ മാസാന്ത്യ സംക്ഷിപ്തം, അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 2 | KL 20D 7790 | അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ, ഇന്ധനക്ഷമത പരിശോധിച്ചതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 3 | KL 20D 5321 | ഇന്ധനം നിറച്ചതിന്റെ മാസാന്ത്യ സംക്ഷിപ്തം, അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 4 | KL 20C5714 | അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ.ഇന്ധനം നിറച്ചതിന്റെ മാസാന്ത്യ സംക്ഷിപ്തം, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 5 | KL 20E626 | ഇന്ധനം നിറച്ചതിന്റെ മാസാന്ത്യ സംക്ഷിപ്തം, അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ, ഇന്ധനക്ഷമത പരിശോധിച്ചതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 6 | KL 20G 7963 | അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ, ഇന്ധനക്ഷമത പരിശോധിച്ചതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 7 | KL 20H 3271 | അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |
| 8 | KL 20C 5714 | ഇന്ധനം നിറച്ചതിന്റെ മാസാന്ത്യ സംക്ഷിപ്തം, ഇൻഷ്വൂറൻസ് പുതുക്കിയതിന്റെ വിവരങ്ങൾ |

വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-41(a) വാഹനങ്ങളുടെ പരിപാലനം -തൃപ്തികരമല്ല.

2000ത്തിലെ കേരള മുനിസിപ്പലാറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലവും )ചട്ടങ്ങളിലെ ചട്ടം 4(1) അനുസരിച്ച് ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകളും റെക്കാർഡുകളും സൂക്ഷിക്കേണ്ടതാണ്.

1) ലോഗ് ബുക്ക്

2)പെട്രോൾ,ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്

3) ഡി.സി.ബി.രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ.)

4)റിപ്പയർ രജിസ്റ്റർ
5) സ്റ്റോക്ക് രജിസ്റ്റർ.
എന്നാൽ നഗരസഭയിൽ ലോഗ് ബുക്ക് ഒഴികെ മറ്റൊരു രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

2. ലോഗ് ബുക്ക് യഥാ വിധി എഴുതി സൂക്ഷിച്ചിട്ടില്ല.
ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധനാ വിധേയമാക്കുകയുണ്ടായി. ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ താഴെ ചേർക്കുന്നു.
1) 2000ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7(2) അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസർ ഇടക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെടേണ്ടതും വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. നഗരസഭയുടെ ഒരു വാഹനത്തിന്റെയും ലോഗ് ബുക്കിൽ ഇപ്രകാരം പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. നഗരസഭയുടെ വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിട്ടില്ല.
3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നില്ല.
2000ത്തിലെ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിലെ ചട്ടം 4(2) അനുസരിച്ച് ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ഓരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ചും അതിൽ നിന്നും വാടക ഇനത്തിൽ ലഭിച്ച തുകയെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് നിർദ്ദിഷ്ട മാതൃകയിൽ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.
4. പുക പരിശോധന നടത്തുന്നില്ല.
1989ലെ സെൻട്രൽ മോട്ടോർ വെഹിക്കിൾസ് ചട്ടങ്ങളിലെ ചട്ടം 115(7) അനുസരിച്ച് ഓരോ മോട്ടോർ വാഹനത്തിനും ആറു മാസത്തിലൊരിക്കൽ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഏജൻസിയിൽ നിന്ന് പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതും പ്രസ്തുത സാക്ഷ്യ പത്രം വാഹനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.എന്നാൽ നഗരസഭയിലെ ഒരു വാഹനത്തിനും പുകപരിശോധന നടത്തിയതുമായി ബന്ധപ്പെട്ട് രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5. മൈലേജ് ടെസ്റ്റ് ശരിയായ സമയത്ത് നടത്തുന്നില്ല
2000 ലെ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
6.ഗ്യാരേജ് സൗകര്യം ഇല്ല.
ചട്ടം 8(4) അനുസരിച്ച് ഓരോ വാഹനവും മുനിസിപ്പാലിറ്റിയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അതിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതുമാണ്. നഗരസഭയിൽ വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി ഗ്യാരേജ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.
7. ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുന്നില്ല.
ചട്ടം9 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (53024.04.2023) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിലെ 14 വാഹനങ്ങളും നിയമാനുസൃതം പരിപാലിക്കുവാൻ അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-42 ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ നടത്തി - 3,56,308/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

എ) പ്രോ. നം. 173/22മാമ്പഴക്കര കമ്മ്യൂണിറ്റി സെന്ററിന് ഫർണിച്ചർ വാങ്ങൽ

ഫണ്ടിനം - കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 350000/-

ചെലവു തുക - 348891/-

ട്രാൻസാക്ഷൻ ഐഡി - C032250248336

നിർവഹണാധികാരി - സെക്രട്ടറി

ബി) പ്രോ. നം. 266/22 പെരുമ്പഴുതൂർ കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ വാങ്ങൽ

ഫണ്ടിനം - കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്

അടങ്കൽ തുക - 100000/-

ചെലവു തുക - 99835/-

ട്രാൻസാക്ഷൻ ഐഡി - C032251478625

നിർവഹണാധികാരി - സെക്രട്ടറി

മേൽ പദ്ധതികളിലൂടെ മാമ്പഴക്കര കമ്മ്യൂണിറ്റി സെന്റർ, പെരുമ്പഴുതൂർ കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയ്ക്ക് ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ ടെണ്ടർ കൂടാതെ ആർട്കോ യിൽ നിന്നുമാണ് വാങ്ങി നൽകിയിട്ടുള്ളത്. സ.ഉ. (സാധാ) നം.1/2021/എസ്.പി.ഡി. തീയതി 05.01.2021 പ്രകാരം ആർട്കോ ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെ വാങ്ങലിന് സ്റ്റോർ പർച്ചേസ് മാന്വൽ പാരാ 9.23 പ്രകാരമുള്ള ടെണ്ടർനടപടികളിൽ നിന്നും ഒഴിവാക്കി സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ.(ആർ.ടി) നം.4/2018/എസ്.പി.ഡി. തീയതി 02.02.2018 പ്രകാരം ആർട്കോ യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഉപകരണങ്ങളുടെ പട്ടികയും നിരക്കും സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങൾ പ്രസ്തുത നിരക്കിൽ വാങ്ങൽ നടത്തുന്നതിനു മാത്രമാണ് മേൽ ഉത്തരവുകളിലൂടെ അനുമതി ലഭ്യമാക്കിയിട്ടുള്ളത്.

എന്നാൽ, പദ്ധതി പ്രകാരം മേൽ ഉത്തരവു പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടാത്തതായ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങളുടെ വിവരം ചുവടെ.

| ഉപകരണം | നിരക്ക് | വാങ്ങിയ എണ്ണം | ചെലവു തുക |
|---|---|---|---|
| ARM12- ARM CHAIR (Family Plastic, Lindah) | 716+18%GST | 391 | 330348 |
| NEYY1- Steel Table With Novopan Topof Size 150x60x75 Cm With Out Drawer (20G) | 5500+18%GST | 4 | 25960 |
| ആകെ തുക | | | 356308 |

സർക്കാർ ഉത്തരവിലൂടെ ഇളവു ലഭ്യമായിട്ടില്ലാത്ത മേൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്നും വാങ്ങിയതിനു വിശദീകരണം ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/13.04.2023) ജില്ലാ ആസൂത്രണ സമിതിയുടെയും, വെറ്റിംഗ് ഓഫീസറുടെയും, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും അനുമതിയോടു കൂടിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്നു മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവു പ്രകാരമുള്ള പട്ടികയിൽ പ്രസ്താവിച്ചിട്ടില്ലാത്ത ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. കൂടാതെ, പ്രസ്തുത ടെണ്ടറിൽ ആർട്കോയ്ക്കും പങ്കെടുത്ത് ബിഡുകൾ സമർപ്പിക്കാവുന്നതുമായിരുന്നു. ടെണ്ടർ നടപടികളിൽ കൂടി വാങ്ങേണ്ടിയിരുന്ന മേൽ ഉപകരണങ്ങൾ ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ നടത്തിയത് അംഗീകരിക്കുന്നില്ല. പദ്ധതി പ്രകാരമുള്ള മേൽ വാങ്ങലിന് സർക്കാർ സാധൂകരണം നേടേണ്ടതാണ്. ചെലവു തുക3,56,308/- രൂപ തടസ്സം ചെയ്യുന്നു.

## 1-43 ഹരിതകർമസേനയുടെ പ്രവർത്തനങ്ങളിലെ അപാകതകൾ

കേരളം നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളിലൊന്നാണ് മാലിന്യ സംസ്കരണം. പൊതു ജനപങ്കാളിത്തത്തോടെ അജൈവ മാലിന്യ സംസ്കരണം ശരിയായി നിർവഹിക്കപ്പെടുന്നതിനാണ് ഹരിത കർമസേന രൂപീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. നഗരസഭയുടെ പരിധിയിൽ വരുന്ന എല്ലാ വീടുകളും വ്യാപാര സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും ഈ പ്രവർത്തനത്തിൽ പങ്കാളികളാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ട ചുമതല നഗരസഭയ്ക്കുണ്ട്.

2021-22 സാമ്പത്തിക വർഷത്തെ ഹരിതകർമസേനയുടെ പ്രവർത്തനങ്ങളുടെ വിവരണം ചുവടെ ചേർക്കുന്നു.

1) ഹരിതകർമസേന യൂസർ ഫീ കളക്ഷന് ഉപയോഗിക്കുന്ന രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഹരിതകർമസേന അംഗങ്ങൾക്ക് രസീതുബുക്കുകൾ വിതരണം ചെയ്ത രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. 2020ൽ പ്രിന്റ് ചെയ്ത 500 രസീതു ബുക്കിന്റെ വിവരം മാത്രമാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് . വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നവയുടെ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2500/- രസീതു ബുക്കുകൾ 2021-22 ൽ പ്രിന്റ് ചെയ്തിരുന്നു. പ്രസ്തുത ബുക്കുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

2) യൂസർഫീ ഇനത്തിൽ പിരിക്കുന്ന തുകയുടെ കൃത്യത നിർവഹണോദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ കളക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഓരോ വാർഡിലും എത്ര വീടുകൾ / വ്യാപാരസ്ഥാപനങ്ങൾ യൂസർഫീ നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല. ഓഡിറ്റിനു ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്ററിൽ 7/21 മുതലുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ വാർഡിൽ നിന്നും ലഭ്യമായ ആകെ തുക മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ചില വാർഡുകളിൽ യൂസർഫീ ഇനത്തിൽ തുക പിരിച്ചിട്ടില്ല. കളക്ഷൻ തുക Nil എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് യൂസർഫീ വളരെ കുറവായ തുകയാണ് ലഭ്യമായതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് . തുക ലഭ്യമാകാത്തതാണോ, ഹരിതകർമസേന അംഗങ്ങൾ രസീതു നൽകാതെ തുക ഈടാക്കുന്നുണ്ടോ, ഈടാക്കിയ തുക പൂർണമായും അക്കൗണ്ടിൽ അടവാക്കുന്നുണ്ടോ മുതലായ വിവരങ്ങൾ കൺസോർഷ്യം സെക്രട്ടറിയോ നിർവഹണോദ്യോഗസ്ഥനോ പരിശോധിച്ചിട്ടില്ല. യൂസർഫീ ലഭ്യമാകുന്നില്ല എന്നതിൽ നിന്നും എല്ലാ വീടുകളും / സ്ഥാപനങ്ങളും മാലിന്യ നിർമാർജന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നില്ലായെന്ന വസ്തുത വ്യക്തമാണ്.

3) ഹരിതകർമസേനയുടെ മീറ്റിംഗ് മിനിട്ട്സിൽ വിവരങ്ങൾ ഒന്നും ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. മീറ്റിംഗിൽ പങ്കെടുത്തവരുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യൂസർഫീ കളക്ഷൻ, അജൈവമാലിന്യം കളക്ട് ചെയ്യുന്നതിൽ ഹരിതകർമസേന നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ , ഒന്നും തന്നെ മീറ്റിംഗിൽ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

4)നിലവിൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിതമിത്രം എന്ന മൊബൈൽ ആപ്പ് കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഹരിതമിത്രം ആപ്ലിക്കേഷനിൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാത്ത വ്യക്തികളുടെ വിവരങ്ങൾ രേഖപ്പെടുത്താൻ സംവിധാനമുണ്ടെങ്കിലും ആയതിൻമേൽ നടപടി സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ നിർവഹണോദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നില്ല.

5) നഗരസഭയുടെ 44 വാർഡുകളിലായി 88 അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിക്കുന്നുണ്ട്. ഹെൽത്ത് സൂപ്പർവൈസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹെൽത്ത് വിഭാഗമാണ് ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഹരിതമിത്രം ആപ്ലിക്കേഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 50% വീടുകളിൽ പോലും ഹരിതകർമസേന അംഗങ്ങൾ എത്തിച്ചേരുന്നില്ലായെന്ന് വ്യക്തമാണ് . യൂസർഫീ കളക്ഷൻ പരിശോധിച്ചാലും ആയത് വ്യക്തമാണ്. ആയതിനാൽ തന്നെ അജൈവമാലിന്യ നിർമാർജനം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ അജൈവമാലിന്യം ഹരിതകർമസേനയ്ക്കു നൽകാതെ വഴിയോരത്തും റോഡിലും വലിച്ചെറിയുന്ന വീടുകളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും എണ്ണം കൂടി വരുന്നതിനാലാണ് മാലിന്യ നിർമാർജനം ശരിയായ രീതിയിൽ നടപ്പിലാക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നത്. AMAS ന്റെ സേവനം നഗരസഭയ്ക്ക് ലഭ്യമാകുന്നുണ്ട്. ആയത് കൂടുതൽ പ്രയോജനപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ജനങ്ങൾക്ക് / വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ ബോധവത്ക്കരണം നൽകേണ്ടതാണ്.
മാലിന്യം പൊതു സ്ഥലത്ത് വലിച്ചെറിയുന്നവരെ കണ്ടെത്തി പിഴ ഈടാക്കുന്നതിനും ഓരോ വാർഡിലും കൗൺസിലർമാരുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോടെ കർമനിരതമായ ഒരു ടീം രൂപീകരിച്ച് മാലിന്യ നിർമാർജനം പൂർണമായും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ബയോ ഡൈജസ്ററർ ബിൻ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്താതെ ആവശ്യത്തിലധികം വാങ്ങി സൂക്ഷിച്ചിരിക്കുന്നു.

A) പ്രോജക്ട് നം : 26/22

അടങ്കൽ : 1,27,00,000/-

ചെലവു തുക : 25,40,000/-

നിർവഹണം :ഹെൽത്ത് ഓഫീസർ

B) പ്രോജക്ട് നം : 363/22

അടങ്കൽ : 1,24,99,200/-

ചെലവു തുക : 18,74,880/-

നിർവ്വഹണം :ഹെൽത്ത് ഓഫീസർ

ജൈവമാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനായി ബയോഡൈജസ്റ്റർ ബിന്നുകൾ വാങ്ങി നഗരസഭയിലെ വീടുകളിൽ വിതരണം ചെയ്യാനാണ് മേൽ പ്രോജക്ടുകളിൽ വിഭാവനം ചെയ്തിരുന്നത്. ആയതിൻ പ്രകാരം സോഷ്യോ എക്കോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) നമായി 07/09/2021 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ഒരു യൂണിറ്റിന് 1800/- രൂപ നിരക്കാണ് ബയോഡൈജസ്റ്റർ ബിന്നുകൾക്ക് നിശ്ചയിച്ചിരുന്നത്. 2021-22 സാമ്പത്തിക വർഷം രണ്ടു

പ്രോജക്ടുകളിലുമായി 44,14,880/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നം 26/22പ്രകാരം 2021-22 സാമ്പത്തിക വർഷം 25,40,000/- രൂപ ചെലവഴിച്ചിരുന്നുവെങ്കിലും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവു തുക 0 (പൂജ്യം) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 15000 ഗാർഹിക ഉപഭോക്താക്കൾക്ക് ബയോഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്യാനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ആവശ്യക്കാരായ ഉപഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ആവശ്യക്കാരുടെ എണ്ണം കണക്കാക്കിയിട്ടില്ല. 2021-22, 2022-23 വർഷങ്ങളിലായി അടങ്കൽ തുക പൂർണമായും ചെലവഴിച്ച് ബയോഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. ആയത് നഗരസഭാ പരിസരത്ത് പല സ്ഥലങ്ങളിലായി സൂക്ഷിച്ചിരിക്കുന്നു. 2021-22 ൽ വാങ്ങിയവയും പൂർണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആവശ്യക്കാരുടെ എണ്ണം കണക്കാക്കാതെ ഇത്രയും ഭീമമായ തുക ചെലവഴിച്ച ബയോഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയത് ഉചിതമായ നടപടിയല്ല. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കുമ്പോൾ പൊതുപണം പാഴാകുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും ആവശ്യത്തിനു മാത്രം പണം ചെലവഴിക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

## 1-45 അഗതി രഹിത കേരളം പദ്ധതി - ഡവലപ്മെന്റ് ഫണ്ടിൽ നിന്നും പിൻവലിച്ച 10,00,000/- രൂപ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല.

പ്രോജക്ട് നം : 2/22

ചെലവു തുക : 10,00,000/- രൂപ

നിർവഹണം : പ്രോജക്ട് ഓഫീസർ

അഗതി രഹിത കേരളം പദ്ധതിയുടെ നടത്തിപ്പിനായി 18/12/2021 ൽ പ്രോജക്ട് ഓഫീസർ ബിൽ നം : 21020247085700807438 പ്രകാരം 10.00.000/- രൂപ ഡവലപ്മെന്റ് ഫണ്ടിൽ നിന്നും കുടുംബശ്രീയുടെ അക്കൗണ്ടിൽ (യൂണിയൻ ബാങ്ക് അക്കൗണ്ട് നം : 520101267861241) ക്രഡിറ്റ് ചെയ്തിരുന്നു. വെബ് സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം തുക കുടുംബശ്രീ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന് UTR (Unique Transaction Reference) നമ്പറും ലഭ്യമായിട്ടുണ്ട് .(UTR No: RBI3582114319113). എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ യൂണിയൻ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല. പ്രസ്തുത തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ലായെന്ന വിവരം പ്രോജക്ട് ഓഫീസറിന്റെയോ, കുടുംബശ്രീ ജീവനക്കാരുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയവേളയിലാണ് (നം :35 തിയതി 19/04/23) തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ലായെന്ന വിവരം മനസിലാകുന്നത്. വെബ് സാംഖ്യയിൽ നിന്നും ലഭ്യമായ UTR സ്റ്റേറ്റ്മെന്റ് പ്രകാരം തുക ക്രഡിറ്റ് ആയതിനാലാണ് ഇത് ശ്രദ്ധിക്കപ്പെടാതിരുന്നത്. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ പ്രസ്തുത വിവരം അന്വേഷിച്ചതിന് മറുപടിയായി തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരികെ ക്രഡിറ്റു ചെയ്തുവെന്ന് ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ ട്രഷറി അക്നോളഡ്ജ് മെന്റ് രസീതിന്റെ പകർപ്പ് ലഭ്യമാക്കി. (UTR No : RBI3582114319113) ( ഹെഡ് ഓഫ് അക്കൗണ്ട് 3604-00-911-99).

ഡവലപ്മെന്റ് ഫണ്ടിൽ നിന്നും പിൻവലിച്ച തുക ഇത്തരത്തിൽ ഉപയോഗിക്കാനാകാതെ പാഴായി പോയത് നിർവഹണോദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവു കാരണമാണ്. തുക അക്കൗണ്ടിലേക്ക് നൽകിയ വിവരം കുടുംബശ്രീയെ നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിന് ലഭ്യമാകാനുള്ള തുകയുടെ വിവരം കുടുംബശ്രീ ജീവനക്കാരും അന്വേഷിച്ചില്ല. ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് വിഭാഗമാണ് ഇവ. പ്രോജക്ട് മുഖാന്തിരം തുക ട്രാൻസ്ഫർ ചെയ്യുന്ന വിവരം ഇ-മെയിൽ മുഖാന്തിരമെങ്കിലും അറിയിക്കുന്നതിന് നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിച്ചില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വെബ് സാംഖ്യയിലെ പിഴവുകൾ പണാപഹരണത്തിനും മറ്റും കാരണമാകാൻ സാധ്യതയുണ്ട്. ആയതിനാൽ വെബ് സാംഖ്യ സോഫ്റ്റ് വെയറിലെ ഇത്തരം അപാകതകൾ മേലധികാരികളുടെ ശ്രദ്ധയിൽപെടുത്തി പിഴവുകൾ പരിഹരിക്കാൻ ഐ.കെ.എം നോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ അധിക തുക നൽകി - 10500/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം, പേര് - 265/21-22 വനിതകൾക്ക് ഓപ്പൺ ജിം

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 5 ലക്ഷം (ധനകാര്യകമ്മിഷൻ ഗ്രാന്റ് - Untied)

ചെലവ് - 498525 ( ACR Bill No 392/28.03.2022 )

എം ബുക്ക് നം. - 82/21-22

കരാറുകാരൻ - അനിൽ ആർ (Payment Advice No C032277075970 Dated 28.03.2022 For Rs 480721/- )

കോസ്റ്റ് ഇൻഡക്സ് - 35.59%

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മുനിസിപ്പൽ എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭ്യമായ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഡി.എ.ആർ പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളും, ഒറിജിനൽ ബിൽ ലഭ്യമാക്കി അനുവദിക്കാവുന്ന ജിം ലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളുമാണുള്ളത്. (Tredmill Hercues TM29, Maganetic Machince EL10)

എം ബുക്ക് പേജ് നം 22, 30 പ്രകാരം Supplying And Fixing Tred Mill Dumbil Barrel Earth എന്നയിനത്തിന് ലഭ്യമാക്കിയ ഒറിജിനൽ ബില്ലിന്റെ (Jaya Lights And Agencies, Neyyattinkara, Invoice No JE21/0789 Dated 26.03.2022) അടിസ്ഥാനത്തിൽ 87,500/-രൂപ (ജി.എസ്.ടി തുക18% ബില്ലിൽ ക്ലെയിം ചെയ്തിട്ടുണ്ട്) അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഇനങ്ങളിൻമേൽ കോമ്പൻസേഷൻ ആയി നൽകുന്ന 12% ജി.എസ്.ടി. അനുവദിക്കേണ്ടതില്ല.. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഈയിനം കൂടി ഉൾപ്പെടുത്തിയ തുകയ്ക്കാണ് ജി.എസ്.ടി കോംപൻസേഷൻ 12% കണക്കാക്കിയിരിക്കുന്നത്. കൂടാതെ ജി.എസ്.ടി കോംപൻസേഷൻ ഇനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി ( Tred Millന്റെ വിലയായ 87,500/- രൂപ ഉൾപ്പെടെ ) 12% തുക കൂടി കൂട്ടിയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. അതായത് GST യിനത്തിലെ തുക ഒരിക്കൽ അനുവദിച്ച ബില്ലിന് വീണ്ടും കോംപൻസേഷൻ നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(3)മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വനിതാ ഓപ്പൺ ജിം നിലവിൽ വനിതകൾക്കായി തുറന്നുകൊടുത്ത് പ്രയോജനപ്രദമാക്കിയിട്ടുണ്ടോയെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-47 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർനടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 30.05.2009 ലെ ജി.ഒ (ആർ.റ്റി) 1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നഗരസഭയുടെ കീഴിലുള്ള മുള്ളറവിള കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഇതു വരെ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 447/-രൂപ തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (52/24.04.2023) മറുപടി ഹാജരാക്കിയില്ല. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല- പിഴ 3172/-രൂപ ഈടാക്കിയിട്ടില്ല

പ്രോജക്ട് നം , പേര് - 327/22 പനങ്ങാട്ടുകരി വാർഡിൽ കോരകുളം കടവ് നവീകരണം (സ്പിൽ ഓവർ)

അടങ്കൽ 3,60,840 ( ധനകാര്യകമ്മിഷൻ അവാർഡ്- ടൈഡ് ഗ്രാന്റ് )

ചെലവ് 3,56,013 (എ.സി.ആർ ബിൽനം 234/29.01.2022)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ - മധു ജെ

സാങ്കേതിക അനുമതി -26216/2020-2021

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ ക്ഷണിച്ചതിൽ ആകെ രണ്ടു ടെണ്ടറുകളാണ് ലഭ്യമായിരിക്കുന്നത്. ശ്രീ റോബിൻസൺ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 9.99% നിരക്ക് കുറവായും മധു ജെ എന്ന കരാറുകാരൻ എസ്റ്റിമേററ് നിരക്കിൽ നിന്നും 10.99% നിരക്ക് കുറവായും ക്വാട്ട് ചെയ്തിരിക്കുന്നു. മധു ജെ എന്നയാളുടെ ടെണ്ടറാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. ടെണ്ടർ ഷെഡ്യൂളിൽ മധു ജെ ക്വാട്ട് ചെയ്തിരിക്കുന്ന ടെണ്ടർ നിരക്ക് തിരുത്തിയിരിക്കുന്നതായി കാണുന്നു. തിരുത്തൽ കരാറുകാരൻ ഇനിഷ്യൽ ചെയ്യുകയോ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തിരുത്തിയ ടെണ്ടർ നിരക്ക് അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. കരാറുകാരന് 03.07.2020ൽ സെലക്ഷൻ നോട്ടീസ് നൽകുകയും 13.07.2020 ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി സ്ഥലം രേഖാമൂലം കൈമാറിയിട്ടുണ്ടെങ്കിലും ആയതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതിക അനുമതിയിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി 6മാസം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നുവെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടില്ല.

4. പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) ലംഘിച്ചിട്ടും കേരള പൊതുമരാമത്ത് മാനുവൽ 2012 ഖണ്ഡിക 2112, മേൽ പറഞ്ഞ കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ, തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ എ.സി2/223/16 തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരമുള്ള ഒരു പിഴയും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ നഗരസഭ ഭരണ സമിതി തീരുമാനം എടുക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, പ്രായോഗികമായ സമയ ദീർഘീകരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ കരാറുകാരുമായി ഉണ്ടാക്കിയ ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തി കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം പിഴ ചുമത്തേണ്ടതുമാണ്. പിഴയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര്/അടങ്കൽ | കരാറുകാരൻ / Agreed PAC)(₹) | എഗ്രിമെന്റ് നം, തിയ്യതി, കാലാവധി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പ്രവർത്തി പൂർത്തീകരിച്ച അവസാന ചെക്ക് മെഷർമെന്റ് തിയ്യതി.എം ബുക്ക് | ഈടാക്കേണ്ടിയിരുന്ന പിഴ(₹) |
|---|---|---|---|---|---|
| 327/22 പനങ്ങാട്ടുകരി വാർഡിൽ കോരകുളം കടവ് നവീകരണം 360840 | മധു, 317197.82 | 6 മാസം NMC/AE /19/2020-21 13.07.2020 | 13.01.2021 | എം ബുക്ക് നം 121/20-21പേജ് നം10, 18.05.21 | പിഴയില്ലാതെ 18.02.21വരെ പിഴ 18.05.2021 വരെ 1%- 3172 ആകെ - 3172/- |

ഈ നടപടി കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് . പിഴ ഈടാക്കാത്തതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 50/24.04.2023) മറുപടി ലഭ്യമാക്കിയില്ല.

പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടത്തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-49 മാനുവൽ ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന ടെണ്ടർ നിരക്കുകളിൽ (ടെണ്ടർ ഷെഡ്യൂളിൽ ) നിബന്ധനകൾ പാലിക്കാതെ തിരുത്തലുകൾ വരുത്തുന്നു.

കേരള പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 10-7 പ്രകാരം ഓരോ ടെണ്ടറിലും അത് നൽകിയിട്ടുള്ള ആൾ വരുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ തിരുത്തലിന് നേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകളുടെ വിവരം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതുമാണ്. ചട്ടം 10-8 പ്രകാരം ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം കൈപ്പടയിൽ ടെണ്ടറിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. എന്നാൽ 2021-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർ നടപടിക്രമങ്ങൾ പരിശോധിച്ചപ്പോൾ മേൽ നിബന്ധനകൾ പാലിക്കാതെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | അടങ്കൽ തുക | ലഭ്യമായ ടെണ്ടറുകളുടെ വിശദാംശങ്ങൾ | | വിജയിച്ച കരാറുകാരൻ | അപാകത |
|---|---|---|---|---|---|
| | | ടെണ്ടററുടെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | | |
| മുള്ളറവിള വാർഡിൽ പഴിഞ്ഞിക്കുഴി | 5ലക്ഷം | 1. സുരേഷ് കുമാർ പി | 0.2% കൂടുതൽ എസ്റ്റിമേറ്റ് | സുരേഷ് കുമാർ കെ | വൈറ്റ്നർ ഉപയോഗിച്ച് ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് തിരുത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| അരുവിപ്പുറം റോഡ് റീടാറിംഗ് | | 2. സുരേഷ് കുമാർ കെ | നിരക്ക് | | സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| പനങ്ങാട്ടുകരി വാർഡിൽ കോരകുളം കടവ് നവീകരണം | 360840 | 1. റോബിൻസൺ<br>2. മധു ജെ | 9.99%<br>10.99% | മധു ജെ | ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ ഭാഗത്ത് മാറ്റം വരുത്തിയിരിക്കുന്നു. സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| സുഗതകുമാരി സ്ക്വയർ നിർമാണ പൂർത്തീകരണം | 450000 | മധു ജെ<br>റോബിൻസൺ | എസ്റ്റിമേറ്റ് റേറ്റ് | മധു ജെ | ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ ഭാഗത്ത് മാറ്റം വരുത്തിയിരിക്കുന്നു. |

ടെണ്ടർ നടപടികളിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയും, വിശദീകരണം നൽകാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 61/25.04.2023) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടെണ്ടർ നടപടികൾ സുതാര്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതെ ഭാവിയിൽ കുറ്റമറ്റ രീതിയിൽ പ്രവൃത്തിനിർവഹണം ഉറപ്പുവരുത്തേണ്ടതുമാണ്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-50 റിവൈസ്ഡ് എസ്റ്റിമേറ്റ് , ചെലവുവിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല- 4,50,000 /-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം , പേര് - 445/22, സുഗതകുമാരി സ്ക്വയർ നിർമാണ പൂർ ത്തീകരണം

അടങ്കൽ - 4,50,000 ( ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ് - 4,50,000 (എ.സി.ആർ ബിൽനം 425/31.03.2022)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

എസ്റ്റിമേറ്റ് നം - 2022/3266

സാങ്കേതികാനുമതി - 76131/2021-22 (DsoR 2018, കോസ്റ്റ് ഇൻഡക്സ് 35.59%)

കരാറുകാരൻ - മധു ജെ ( PFMS Payment Advice No C032293696983 Dated 31/03/2022)

എം ബുക്ക് നമ്പർ - 88/2021-22

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. പ്രോജക്ടിന്റെ ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭ്യമാകുകയും കുറഞ്ഞ നിരക്കായ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ മധു.ജെ എന്ന കരാറുകാരന്റെ ടെണ്ടർ 19.02.2022 ലെ 9-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (ശ്രീ.മധു ലഭ്യമാക്കിയ ടെണ്ടർ ഷെഡ്യൂളിൽ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക്, അഡ്രസ് എന്നിവ വെട്ടിത്തിരുത്തിയിട്ടുണ്ട്. എന്നാൽ തിരുത്തൽ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. )

.പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം സുഗതകുമാരി സ്ക്വയറിൽ കവയിത്രി സുഗതകുമാരിയുടെ കോൺക്രീറ്റ് പ്രതിമ കൊത്തിയെടുക്കുന്നതിനാണ് 4,50,000/- രൂപ വകയിരുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം Art Roomനിർമാണം (ഐറ്റം നം 6.29.1, 13.4.1,8.1.1.1, 13.43.1) , Supplying And Fixing Sugathakumari Squar Including All Charges, Electrical Work എന്നീയിനങ്ങളിലാണ് (GST കോംപൻസേഷൻ ഉൾപ്പെടെ) 4,50,000/- രൂപ വകയിരുത്തിയിരുന്നത്. പ്രോജക്ട് ഫയലിൽ വർക്കിന്റെ നിർവഹണ ഘട്ടത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ചില ഐറ്റങ്ങളിലും അളവിലും വരുത്തേണ്ടതായിട്ടുള്ളതിനാൽ അടങ്കൽ തുകയിൽ നിലനിർത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 16.03.2022 ലെ 48(9) കൌൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ശുപാർശ, അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് , താരതമ്യ പത്രിക എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

. കേരള ലളിതകലാ അക്കാഡമി എക്സിക്യൂട്ടീവ് മെമ്പർ ലഭ്യമാക്കിയ 4,75,000/- രൂപയുടെ എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്ഷമതയുള്ള സാങ്കേതിക വിദഗ്ധരുടെ അംഗീകാരം എസ്റ്റിമേറ്റിന് ലഭ്യമാക്കിയിട്ടില്ല.

. 05.03.2022 ൽ വർക്ക് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. എം ബുക്കിൽ ആകെയുള്ള ഒരു പ്രവർത്തിയുടെ വിവരം (പ്രതിമ സ്ഥാപിച്ചത് ) രേഖപ്പെടുത്തിയിരിക്കുന്നത് 15.03.2022 ലാണ്. അതേ തീയതിൽ തന്നെ രേഖപ്പെടുത്തൽ എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. 17.03.2022 ൽ അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി റിവൈസ് ചെയ്തത് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത് 16.03.2022 ലാണ്. എം.ബുക്ക് പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട യാതൊരു പ്രവർത്തികളും ചെയ്തിട്ടുമില്ല. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് മുനിസിപ്പൽ

എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാകാതെ നിർവഹണം നടത്തി തുക ചെലവഴിച്ചത് പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമല്ലാത്തതിനാൽ ആയതിലുൾപ്പെട്ട ഇനങ്ങൾക്കാണോ പ്രവർത്തി നിർവഹിച്ചിരിക്കുന്നതെന്ന് പരിശോധനിക്കാനായിട്ടില്ല.

. എം ബുക്ക് പേജ് നം (1,2)പ്രകാരം Construction Of Sculpture Of Poet Smt. Sugathakumari And Sculpture Of Forest Scence (As Per The Valuation Certificate From Executive Member Kerala Lalitha Kala Academi TVM Asper Bill) എന്നയിനത്തിന് 4,50,000 (401785+48214.74) രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ശിൽപകലയുമായി ബന്ധപ്പെട്ട പ്രവർത്തിയുടെ വിശദാംശങ്ങൾ (മസ്റ്റർ റോളുകൾ, ബില്ലുകൾ ) എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ക്ഷമതയുള്ള സാങ്കേതിക വിദഗ്ധർ അംഗീകരിച്ച/സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അഭാവത്തിൽ ( വാലുേഷൻ സർട്ടിഫിക്കറ്റ് ) തുക നൽകിയതിനാലും , ടെണ്ടറിൽ ക്വാട്ട് ചെയ്യാത്ത ഇനങ്ങൾക്കും കരാറുകാരന് 4,32,000 (നികുതികൾ കുറച്ച്) അനുവദിച്ചതിനാലും , മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കാത്തതിനാലും ചെലവു തുക 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 47/20.04.2023 ) മറുപടി ലഭ്യമാക്കിയില്ല.

കുറിപ്പ് - പ്രവർത്തി സ്ഥലത്ത് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയർമാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കമ്പി കൊണ്ടുള്ള ചുറ്റുമതിലും അതിനോടനുബന്ധമായി ഏകദേശം 50cm ലധികം വീതിയിൽ സ്ലാബ് പതിച്ച് 3 വശങ്ങളിലും സന്ദർശകർക്കിരിക്കാവുന്നവിധത്തിൽ സജ്ജീകരിച്ച് നടുമുറ്റത്ത് വഴിവിളക്കുകൾ, മരം, ചുമർചിത്രങ്ങൾ ഉടങ്ങിയവയുപയോഗിച്ച് മോടിപിടിപ്പിച്ചിരിക്കുന്നതായും സ്ക്വയറിൽ ക്യാമറകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംരക്ഷിച്ചിരിക്കുന്നതായും കണ്ടു. എന്നാൽ നഗരസഭയിൽ 2021-22, 2022-23 വർഷങ്ങളിലായി ആകെ രണ്ടു പ്രോജക്ടുകളാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ഇപ്രകാരമുള്ള പ്രവർത്തികൾ ചെയ്തതായി കാണുന്നില്ല. കൂടാതെ പ്രവൃത്തി സ്ഥലത്തും പ്രവർത്തി നിർവഹണം സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല (അടങ്കൽ,ചെലവ്, നിർവഹണം ഉടങ്ങിയവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ നെയിംബോർഡ് മുതലായവ) സുഗതകുമാരി സ്ക്വയർ നിർമാണത്തിന് മറ്റേതെങ്കിലും ഏജൻസികളിൽ നിന്നും (ഉദാ- ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ മുതലായവ ) സ്പോൺസർഷിപ്പ് മുഖേനയോ മറ്റേതെങ്കിലും ഇനത്തിലോ സാമ്പത്തിക സഹായമോ, മറ്റ് സൌകര്യങ്ങളോ ലഭ്യമായിരുന്നോയെന്നും സഹായം ലഭ്യമായിട്ടുണ്ടെങ്കിൽ ആയവ സംബന്ധിച്ച രസീതുകൾ, വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ഉടങ്ങിയവ ലഭ്യമാക്കാനാവശ്യപ്പെട്ട് നഗരസഭസെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ( നമ്പർ 48/20.04.2023)

സുഗതസ്മൃതി മണ്ഡപത്തിന്റെ ഉദ്ഘാടനം സംബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ സംപ്രേക്ഷണം ചെയ്ത വാർത്തകൾ പ്രകാരം (28.04.2022 മലയാള മനോരമ ന്യൂസ് ) നെയ്യാർ വരമൊഴി എന്ന സാംസ്കാരിക സംഘടന, കാനറാബാങ്ക് എന്നിവർ നഗരസഭയുമായി ഒത്തുചേർന്ന് സ്പോൺസർഷിപ്പിലൂടെയാണ് സ്മാരകം ഒരുക്കിയിരിക്കുന്നതെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരം വിവിധ ഏജൻസികൾ സംയുക്തമായി നിർവഹണം നടത്തിയ പ്രവർത്തിയ്ക്ക് രേഖകളുടെ അഭാവത്തിൽ നഗരസഭ ഫണ്ടിൽ നിന്നും പ്രോജക്ട് മുഖേന തുക ചെലവഴിക്കാനുള്ള കാരണം വ്യക്തമല്ല. നെയ്യാർ വരമൊഴി എന്ന സ്ഥാപനത്തിന്റെ വരവ് ചെലവുകണക്കുകൾ പരിശോധിച്ചാണോ നഗരസഭ ഫണ്ടിൽ നിന്നും തുക അനുവദിച്ചതെന്നതിന്റെ വിശദാംശങ്ങൾ , പ്രോജക്ട് നിർവഹണം സംബന്ധിച്ച മിനിട്സുകൾ , മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കി വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 1-51 കിണർ റീചാർജിംഗ് പദ്ധതിയിൽ അനിവാര്യമായ ഇനങ്ങൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കി , പദ്ധതി പൂർത്തിയാക്കിയില്ല - 7,28,831/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം, പേര് - 248/21-22 അക്ഷയഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധിച്ച് മഴവെള്ളക്കൊയ്ത്ത് നിർമാണം

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 7,29,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് - Tied Grant)

ചെലവ് - 7,28,831 ( ACR Bill No 423/31.03.2022 )

എം ബുക്ക് നമ്പർ - 122/21-22

സാങ്കേതികാനുമതി നമ്പർ - 17674/2021-22

കരാറുകാരൻ - അനിൽ ആർ (Payment Advice No C032293627875 Dated 31.03.2022 For Rs 7,02,799/- )

പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മഴവെള്ളക്കൊയ്ത്ത് നിർമാണത്തിന് 10ലക്ഷം രൂപ വകയിരുത്തുകയും കിണർ റീചാർജിംഗ് ഇതിലൂടെ ലക്ഷ്യമാക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ഇ ടെണ്ടർ ക്ഷണിച്ചതിൽ പ്രകാരം ലഭ്യമായ ഏറ്റവും കുറവ് നിരക്കിലുള്ള ശ്രീ.അനിൽ ആർ എന്ന കരാറുകാരന്റെ ടെണ്ടർ 27.08.21 ലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രോജക്ട് നിർവഹണ വേളയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ചില ഐറ്റങ്ങളിലും അളവിലും വ്യത്യാസം വരുത്തേണ്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് 16.03.2022 ലെ 48(9) സാധാരണകൌൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കി മുനിസിപ്പൽ എഞ്ചിനീയർ സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനടിസ്ഥാനമാക്കിയ നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

3. പ്രോജക്ടിന്റെ ഒറിജിനൽ എസ്റ്റിമേററിൽ മഴക്കുഴി റീചാർജിംഗിനുള്ള വെള്ളം കുഴിയിലേക്ക് എത്തിച്ച് സംഭരിക്കുന്നതിനുതകുന്നരീതിയിലുള്ള പി.വി.സി പൈപ്പ് ഇനങ്ങളും (DARഐറ്റം നം 50.18.8.9.1, 50.18.09.22.1, 50.18.9.22.11 - വകയിരുത്തിയ തുക 55295.81) ഉൾപ്പെടുത്തിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ മേൽ പരാമർശിച്ചിരിക്കുന്ന ഇനങ്ങൾ പൂർണമായും ഒഴിവാക്കിയിരിക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവ പ്രകാരം കിണർ റീചാർജിംഗിനായി കുഴിച്ച കുഴിയിൽ വെള്ളമെത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയതായി കാണുന്നില്ല. അടുത്ത സാമ്പത്തിക വർഷവും പ്രസ്തുത സൌകര്യങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല (2022-23 വർഷത്തെ സുലേഖ പത്രിക പ്രകാരം). 7 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് നിർവഹിച്ച പ്രോജക്ട് ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല. കിണർ റീചാർജിംഗ് ആണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നതെന്നിരിക്കെ അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയില്ല
( ഓഡിറ്റ് എൻക്വയറി നമ്പർ 65/27.04.2023 )

4. പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് , മഴവെള്ള സംഭരണിയുടെ നിലവിലെ അവസ്ഥ, പ്രവർത്തനം എന്നിവ സംബന്ധിച്ചറിപ്പോർട്ട് ലഭ്യമാക്കിയില്ല.

പദ്ധതി പ്രയോജനപ്രദമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്. അനിവാര്യമായ ഇനങ്ങൾ ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാലും മഴവെള്ളക്കൊയ്ത്ത് പ്രവർത്തനക്ഷമമാക്കാത്തതിനാലും ചെലവുതുക 7,28,831/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-52 കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവുചെയ്യാതെ കരാറുകാരന് തുക നൽകി- 2086/- രൂപ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം , പേര് - 270/22 ചുണ്ടവിള വാർഡിലെ ഓലത്താന്നി ജംഗ്ഷൻ വിക്ടറി സ്കൂൾ റോഡ് റീടാറിംഗ് (സ്പിൽ ഓവർ)

അടങ്കൽ - 3,65,000 ( മെയിന്റൻസ് ഫണ്ട് റോഡ് )

ചെലവ് - 3,64,684 ( ബിൽ നം 2/07.07.21)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ - ജിജോ പോൾ (0.02% കുറവ്)

എം ബുക്ക് നം - 82/2020-21

പ്രോജക്ട് ഫയൽ പ്രകാരം കരാറുകാരൻ ലഭ്യമാക്കിയ മണ്ണിന്റെ അളവിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറച്ചിട്ടില്ലാത്തതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Extra Item 1 Excavation For Structures Earthwork In Excavation....) എന്നയിനം പ്രകാരം പ്രവൃത്തിയുടെ ഭാഗമായി 4.86m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട് (അളവുപുസ്തകം 82/20-21 പേജ് 1 ) . എം ബുക്ക് പേജ് നം 5,6പ്രകാരം (എക്സ്ട്രാ ഐറ്റം 6) Filling With Contractors Own Earth......എന്നയിനം 22.709 $M^3$ അളവിൽ കരാറുകാരൻ ലഭ്യമാക്കിയ മണ്ണ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗവിവരം എം.ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ എക്സ്ട്രാ ഇനം നം 6 ൽ മണ്ണിന്റെ ഉപയോഗത്തിന്റെ അളവിൽ കുറവുവരുത്തുകയോ ചെയ്തിട്ടില്ല. ഈയിനത്തിൽ അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | അനുവദിക്കേണ്ട അളവ് | അനുവദനീയമായ തുക (@429.31) | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| Filling With Contractors Own Earth As Per Technical | 22.709 $M^3$ | Contractors Own Earth – 22.709 $M^3$<br>Deduct 20% Consolidation – 4.5418 $M^3$ | 5712.91 | 7799.36 | 2086.45 |

| | | | | | |
|---|---|---|---|---|---|
| Specifications | | Excavated Earth - 4.86m$^3$<br>------------------------------------<br>അനുവദനീയമായ അളവ് - 13.3072 M$^3$ | | | |

തുക അധികം നൽകാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 69/ 27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 2086/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 1-53 പനങ്ങാട്ടുകരി വാർഡ് വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗും ഇന്റർലോക്കിംഗും - കരാറുകാരന് അധിക തുക നൽകി

പ്രോജക്ട് ഫയൽ പരിശോധനയിൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പനങ്ങാട്ടുകരി വാർഡ് വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗും ഇന്റർലോക്കിംഗും (326/22) |
| അടങ്കൽ തുക | 894043/- (സി എഫ് സി ഗ്രാന്റ് ) |
| ചെലവ് തുക | 894043/- |
| ബിൽ നം. തീയതി | 84/26.10.21 ( ACR Untied Basic Grant) |
| എം ബുക്ക് നം | 57/20-21 |
| കരാറുകാരൻ | ശ്രീ. മധു ജെ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. ലോറൻസ് , അസിസ്റ്റന്റ് എഞ്ചിനീയർ |

Item No 50.2.26.1. – Filling With Contractor Own Earth ....എന്ന ഇനത്തിന് 84.8 M3ന് 801.96രൂപ നിരക്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. കരാറുകാരൻ ഈ ഇനത്തിന് എം 3ന് 247.07രൂപ ക്വാട്ട് ചെയ്തിരിക്കുന്നു. എന്നാൽ എം ബുക്ക് (57/20-21, പേജ് നം4,20 ) , KPW FORM 22 എന്നിവ പ്രകാരം പ്രസ്തുത ഇനത്തിന് 222.86 M3 ന് 55,715 രൂപ നൽകിയിരിക്കുന്നു. 247.07 രൂപ നിരക്കിൽ 55,062/- രൂപ നൽകേണ്ടതിനു പകരം 55,715 രൂപ നൽകിയതിനാൽ 653/- രൂപ അധികം നൽകി. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 74/27.04.2023) മറുപടി ലഭ്യമാക്കിയില്ല. 653/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-54 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. നെയ്യാറ്റിൻകര നഗരസഭയിൽ 2021-2022സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 26/ 19.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചതു സംബന്ധിച്ച രേഖകളൊന്നും തന്നെ ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ ലഭ്യമല്ല. ഭാവിയിൽ മേൽ സർക്കാർ ഉത്തരവുകൾ പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-55 മരാമത്ത് ബില്ലിൽ നിന്നും ടെണ്ടർ കുറവ് ചെയ്തിട്ടില്ല- 2,499/-രൂപ തിരികെ ഒടുക്കി

പ്രോ. നം 199/21-22 ടൌൺ ഹാൾ അറ്റകുറ്റപ്പണി

അടങ്കൽ തുക - 5,00,000/-(ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ് തുക – 4,99,772/-(ACRബിൽ നം./തീയതി - 403/29.03.2022)

PFMS Payment Advice No – C032287509234/30.03.2022

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരന്റെ പേര് - റോബിൻസൺ എസ്

എം ബുക്ക് നം. - 78/21-22

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

5 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന പദ്ധതിക്കായി ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മാന്വൽ ടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.5% കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ റോബിൻസൺ എസ് ന്റെ ടെണ്ടർ 27.12.2021 ലെ 26- ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

എം ബുക്ക് പ്രകാരം (പേജ് 34 )ആകെ പ്രവൃത്തി മൂല്യം 4,46,224.81/- രൂപ ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും കരാർ/ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള 0.5% ടെണ്ടർ കുറവ് ചെയ്യാതെയാണ് ബിൽ തുക അനുവദിച്ചിട്ടുള്ളത്. ഈയിനത്തിൽ നൽകിയ അധികതുകയുടെ വിശദാംശം ചുവടെ

ആകെ പ്രവൃത്തിമൂല്യം - 446224.81

(-) ടെണ്ടർ കുറവ് @0.5% - 2231.12

(+) ജി.എസ്.ടി. @12% - 53279.24

അനുവദിക്കേണ്ട തുക - 497272.92

അനുവദിച്ച തുക - 499771.79

അധികമായി അനുവദിച്ച തുക - 2499/-

അപാകത ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ(ഓഡിറ്റ് എൻക്വയറി നമ്പർ 38/ 20.04.2023) അധികമായി നൽകിയ തുക 2,499/-രൂപ കരാറുകാരൻ നഗരസഭ ഫണ്ടിൽ ഒടുക്കുവരുത്തി. ( രസീത് നം 123160100505/20.04.2023)

## 1-56 ഇ-ടെണ്ടർ ഫോറവിലയിനത്തിലെ തുക ലഭ്യമായിട്ടില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർഫീസിനത്തിൽ കളക്ട് ചെയ്ത തുകകൾ ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമായിട്ടില്ല. 2021-22സാമ്പത്തിക വർഷം അസി.എഞ്ചിനീയർ, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (മുനിസിപ്പൽ എഞ്ചിനീയർ ) എന്നിവർ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളുടെ ഇ-ടെൻഡർ ഫോറങ്ങൾ വിറ്റയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കേണ്ടതുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇ-ടെണ്ടർ ഫോറവിലയായി 3394714/- (2015 മുതൽ 2022 വരെ) രൂപയാണ് ലഭിക്കേണ്ടതെന്നും തുക ലഭ്യമാകുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാക്കി. (4/12.04.2023) .

02-10-17 ലെ സ ഉ (സാധാ) നമ്പർ 3186/2017 തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ നഗരസഭയിൽ നാളിതുവരെ ഇപ്രകാരമുള്ള ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും കിട്ടാനുള്ള തുക ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ ഇ-ടെണ്ടർ ഫീസ് നഗരസഭയുടെ അക്കൌണ്ടിൽ നേരിട്ട് വരവുവയ്ക്കുന്നതിന് ബാങ്ക് അക്കൌണ്ട് ഓപ്പൺ ചെയ്യുതടക്കമുള്ള അടിയന്തിര നടപടികൾ നടപടികൾ ആരംഭിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഇതേ വിഷയം മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിച്ചിട്ടില്ല. പരാമർശം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-57 പൊതുമരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിലെ അപാകതകൾ

അസിസ്റ്റൻറ് എൻജിനീയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2. ടെണ്ടർ രജിസ്റ്റർ പൂർണ്ണമല്ല

. നഗരസഭ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ രജിസ്റ്ററിൽ Amount Of Deposit , Orders Of The Authority Accepting Tender എന്നീ കോളങ്ങൾ പൂരിപ്പിക്കുന്നില്ല. ലഭ്യമായ ആകെ ടെണ്ടറുകളുടെ എണ്ണം രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകൾ ലഭ്യമായ തീയതി,

ടെണ്ടർ തുറന്ന തീയതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ്, കുറഞ്ഞ ടെണ്ടർ സംബന്ധിച്ച വിശദാംശം, കൗൺസിൽ തീരുമാനം എന്നിവ രേഖപ്പെടുത്തി അസി. എഞ്ചിനീയർ/മുനിസിപ്പൽ എഞ്ചിനീയർ ഒപ്പു വച്ചിട്ടില്ല. (പൊതുമരാമത്ത് മാന്വൽ പാരാ 2009.1)

. ടെണ്ടറിൽ വിജയിച്ച കരാറുകാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല

3. ഇ-ടെണ്ടറിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാ - 2021-22 വർഷം ഇ- ടെണ്ടർ മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളുടെ BOQ Summary Details ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്റർ പൂർണമല്ല.
5. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം ഉൾപ്പെടുത്തുന്നില്ല.

6. എസ്റ്റിമേറ്റ് തയാറാക്കുന്നതിന് മുൻപ് പ്രവൃത്തി സ്ഥലത്ത് പോയി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയാറാക്കാത്തത് കാരണം വലിയ ശതമാനം പ്രവൃത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരുന്നുണ്ട്.

ഉദാ- പ്രോജക്ട് നം 371/22, മരുതത്തൂർ വാർഡിൽ പാരിഷ് ഹാൾ റോഡ് ഇന്റർലോക്കിംഗ് വാറുതട്ട് ഇടവഴി ഇന്റർലോക്കിംഗ്

7. മിക്ക പ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ മാപ്പ് എന്നിവ സൂക്ഷിച്ചിട്ടില്ല.

8. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9. കരാർ പ്രകാരമുള്ള പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ പിഴ ഈടാക്കുന്നതടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുന്നില്ല.

10. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

11. റോഡ് ടാറിംഗ് പ്രവൃത്തികളിൽ വാങ്ങിയ ടാറിന്റെ ബിൽ കരാറുകാർ ഹാജരാക്കിയതിനു ശേഷം മാത്രമേ തുക നൽകാൻ പാടുള്ളൂവെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

12. പ്രവൃത്തിഫയലുകളോടൊപ്പം മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്ത് സൂക്ഷിച്ചിട്ടില്ല.

13. കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 4/12.04.2023)

## 1-58 ജി.എസ്.ടി കോംപൻസേഷൻ - കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഹാജരാക്കുന്നില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2021-22ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി

കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറിയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ 10/13.04.2023)

## 1-59 ചെലവുപത്രിക പ്രകാരമുള്ള പ്രോജക്ട് ചെലവും ബാങ്ക് അക്കൌണ്ട് മുഖേനയുള്ള ചെലവും (ധനകാര്യകമ്മിഷൻ ഗ്രാന്റ്) പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മിഷൻ ഗ്രാന്റ് ( ടൈഡ്& അൺടൈഡ്) ലഭ്യമാകുന്നതിനുള്ള ICICI ബാങ്ക് അക്കൌണ്ട് സ്റ്റേറ്റ്മെന്റ്, പി.എഫ്.എം.എസ് ബില്ലുകൾ, മരാമത്തുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയലുകൾ എന്നിവ പ്രകാരം മരാമത്ത് പ്രോജക്ടുകളുടെ ആകെ ചെലവ് വിവരങ്ങൾ സുലേഖയിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ബാങ്ക് അക്കൌണ്ടിൽ നിന്നും അതേ തുക പിൻവലിക്കുന്നതിന് പകരം, നികുതിയിനങ്ങളിലെ തുക ഒഴിവാക്കി കരാറുകാരന് നൽകേണ്ട തുക മാത്രമാണ് പിൻവലിച്ചിരിക്കുന്നതെന്ന് കാണുന്നു. നികുതിയിനത്തിലെ തുകകൾ (ആദായനികുതി, ജി.എസ്.ടി ടി.ഡി.എസ് എന്നിവ) യഥാസമയം ബാങ്കിൽ നിന്നും പിൻവലിച്ച് സർക്കാരിലേയ്ക്ക്/ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കുവരുത്തുന്നില്ല. കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8/13.04.2023) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിൽ 2021-22 വർഷത്തെ ചെലവുകൾ ട്രഷറിമുഖേനയും ICICI ബാങ്ക് അക്കൌണ്ട് മുഖേനയും നിർവഹിച്ചിട്ടുള്ളതിനാൽ ബാങ്ക് അക്കൌണ്ടിൽ അവശേഷിക്കുന്ന നികുതിയിനത്തിലെ തുകകൾ മുഴുവനും സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ട നികുതിയിനത്തിലെ തുകകൾ യഥാസമയം ഒടുക്കുവരുത്തേണ്ടതും , ബാങ്ക് അക്കൌണ്ട്, സുലേഖ പത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുത്തി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-60 ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ പ്രവൃത്തികൾ - അപാകങ്ങൾ 12,73,278/-രൂപതടസ്സപ്പെടുത്തുന്നു

ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ പ്രവൃത്തിഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ തയാറാക്കിയ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

1. അടങ്കൽ പരിധി പാലിക്കാതെ മരാമത്ത് പ്രവർത്തി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കി

02.02.2018ലെ സ.ഉ. (കൈ) നം.17/2018/ത.സ്വ.ഭ.വ. എന്ന ഉത്തരവിലെ 11.2.3(എ) പ്രകാരം 50,000/-രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ എം പി ഫണ്ട് ചെലവഴിച്ച് നടപ്പിലാക്കിയ (MP LADS) 3 പ്രോജക്ടുകൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുവാൻ ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകി. പ്രോജക്ടുകൾ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കിട്ടില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 12/16.04.2023)

2. ചെലവു രേഖകളില്ല- 12,73,278/-രൂപതടസ്സപ്പെടുത്തുന്നു.

13.11.2014ലെ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതും ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ടിന്റേയും യഥാർത്ഥ ചെലവു രേഖകളുടേയും അഭാവത്തിൽ തുക നൽകിയിട്ടുണ്ട്.

ചെലവുവിശദാംശങ്ങൾ ചുവടെ

| | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ചെക്ക് നം , തീയതി , തുക |
|---|---|---|---|
| 1 | വ്ലാങ്ങാമുറി ചമ്പയിൽ വിശ്വഭാരതി റോഡ് വീരകേരളം നഗർ ഇന്റർലോക്കിംഗ് (MPLADS 2018-2019) | 424056 രൂപ | 480200/16.06.21 Rs. 411334/-<br>480209/23.06.21 Rs 4241/-<br>480208/23.06.21 Rs 8481/- |
| 2 | പൂവൻവിള പറയ്ക്കോട്ടുകോണം ചാനൽ ബണ്ട് റോഡ് സൈഡ് വാൾ | 467016 രൂപ | 905832/06.12.21 Rs 9340/- |

| | | | |
|---|---|---|---|
| | റോഡ്കോൺക്രീററിംഗ് (MPLADS 2018-2019) | | 905833/06.12.21 Rs 453006/-<br>905835/06.12.21 Rs 4623/-,<br>കളക്ഷൻ ചാർജിനത്തിലെ തുക47/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചില്ല. |
| 3 | വ്ലാങ്ങാമുറി വാർഡിൽ ചരുവുതട്ടുസബ് റോഡിനും ചമ്പയിൽ സബ്റോഡിനും നടപ്പാത നിർമാണം സംബന്ധിച്ച് (MPLADS 2018-2019) | 382206രൂപ | 480200/23.06.21 Rs 370740/-<br>480208/23.06.21 Rs 7644/-<br>480209/23.06.21 Rs 3822/- |

ചെലവുരേഖകളില്ലാതെ തുക അനുവദിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12/16.04.2023) അപാകതയ്ക്കുള്ള മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക 12,73,278/-രൂപ തടസ്സപ്പെടുത്തുന്നു.

3. ഫൈനൽ ബില്ലിൽ നിന്നും നിശ്ചിത തുക കുറവുവരുത്തിയില്ല. 63,664/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ലിസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ (MPLADS 2018-19) താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ആകെ പ്രവൃത്തി മൂല്യം (രൂപ) | ഓവർഹെഡ് ചാർജിനത്തിൽ കുറവ് ചെയ്യേണ്ട തുക (ആകെ പ്രവൃത്തി മൂല്യത്തിന്റെ 5%) | കൺവീനർക്ക് നൽകിയ തുക | അധിക മായി നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1 | വ്ലാങ്ങാമുറി ചമ്പയിൽ വിശ്വഭാരതി റോഡ് വീരകേരളം നഗർ ഇന്റർലോക്കിംഗ് (MPLADS 2018-2019)<br>SoR- DsoR2016<br>Cost Index Applied 44.12%<br>സാങ്കേതികാനുമതി 117029/2018-19<br>അടങ്കൽ: 450000 രൂപ (Dr ശശി തരൂർ എം. പി ഫണ്ട് Cheque No 908818/05.05.21)<br>കൺവീനർ: ശ്രീ ശ്രീകാന്ത് ഐ എസ്<br>കരാർ: 8/19-20, 22.06.2019<br>അളവ് പുസ്തകം: 226-2019/20<br>ചെലവ്: 424056രൂപ (ചെക്ക് നമ്പർ 480200/16.06.21 Rs 411334/-<br>ചെക്ക് നമ്പർ 480209/23.06.21 Rs 4241/-<br>ചെക്ക് നമ്പർ 480208/23.06.21 Rs 8481/- | 424056 | 21203 | 411334 | 21203 |
| 2 | പൂവൻവിള പറയ്ക്കോട്ടുകോണം ചാനൽ ബണ്ട് റോഡ് സൈഡ് വാൾ റോഡ്കോൺക്രീററിംഗ് (MPLADS 2018-2019)<br>SoR- DsoR2016<br>Cost Index Applied 44.12% | 467016 | 23351 | 453006 | 23351 |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികാനുമതി 3958/2018-19<br>അടങ്കൽ: 490000 രൂപ (Dr ശശി തരൂർ എം. പി ഫണ്ട്<br>തുക 2021-22 ൽ ബാങ്കിൽ ക്രഡിറ്റായില്ല)<br>കൺവീനർ: ശ്രീ രാമചന്ദ്രൻ റ്റി<br>കരാർ:<br>അളവ് പുസ്തകം: 107/2020-21<br>ചെലവ്: 467016രൂപ (ചെക്ക് നമ്പർ 905832/06.12.21 Rs 9340/-<br>ചെക്ക് നമ്പർ 905833/06.12.21 Rs 453006/-<br>ചെക്ക് നമ്പർ 905835/06.12.21 Rs 4623/-, Rs .47 തനത് ഫണ്ടിൽ നിന്നും പിൻവലിച്ചില്ല. കളക്ഷൻ ചാർജിനത്തിലെ തുക | | | | |
| 3 | വ്ലാങ്ങാമുറി വാർഡിൽ ചരുവുതട്ടുസബ് റോഡിനും ചമ്പയിൽ സബ്റോഡിനും നടപ്പാത നിർമാണം സംബന്ധിച്ച് (MPLADS 2018-2019)<br>SoR- DsoR2016<br>Cost Index Applied 44.12%<br>സാങ്കേതികാനുമതി<br>അടങ്കൽ: 450000 രൂപ (Dr ശശി തരൂർ എം. പി ഫണ്ട് 908818/05.05.21)<br>കൺവീനർ: ശ്രീ ശ്രീകാന്ത് ഐ എസ്<br>അളവ് പുസ്തകം: 225/2020-21<br>ചെലവ്: 382206രൂപ (ചെക്ക് നമ്പർ 480200/23.06.21 Rs 370740/-<br>ചെക്ക് നമ്പർ 480208/23.06.21 Rs 7644/-<br>ചെക്ക് നമ്പർ 480209/23.06.21 Rs 3822/- | 382206 | 19110 | 370740 | 19110 |
| | ആകെ അധികം നൽകിയ തുക | | | | 63664 |

അധികമായി നൽകിയ 63,664/-രൂപ കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടയ്ക്കേണ്ടതാണ്.

4. റോഡ് ഗതാഗതയോഗ്യമാക്കിയിട്ടില്ല.

പൂവൻവിള പറയ്ക്കോട്ടുകോണം ചാനൽ ബണ്ട് റോഡ് സൈഡ് വാൾ റോഡ്കോൺക്രീററിംഗ് (ക്രമ നം 2) എന്ന പ്രവൃത്തിയ്ക്ക് തുക അനുവദിക്കുന്ന നടപടിക്രമങ്ങളുടെ ഭാഗമായി ജില്ലാ കളക്ടർ 09/09/2021 ൽ നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ 474/DPO/TVPM/MPLADS/ST/2018-19/14 നമ്പർ കത്തിൽ റോഡിൽ നിന്നും കെ.എസ്.ഇ.ബി ഇലക്ട്രിക്പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്ത് റോഡ് പൂർണമായും സഞ്ചാരയോഗ്യമായിട്ടില്ലായെന്ന്ചൂണ്ടിക്കാണിച്ചിരുന്നു. തുടർന്ന് സെക്രട്ടറി 26.04.2021 ലെ ഇ2/13518/17നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബിയോട് പൂവൻവിള റോഡ് കോൺക്രീറ്റിംഗിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയാറാക്കി നൽകാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുകൾ മാറ്റി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോയെന്ന വിവരം റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയെങ്കിലും അനുബന്ധ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-61 റോഡ് ടാറിംഗ് പ്രവൃത്തികളിലെ അപാകങ്ങൾ - 24,93,840/-രൂപ തടസ്സപ്പെടുത്തുന്നു.

റോഡ് ടാറിംഗ് പ്രവൃത്തികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

എ) പ്രവൃത്തി ഫയലുകളോടൊപ്പം ടാർ ബില്ലുകൾ ഹാജരാക്കിയിട്ടില്ല-

സ.ഉ (സാധാ) നം 3119/2016/തസ്വഭവ/17.11.2016തീയതി 23.08.2017പ്രകാരം കരാറുകാർ ടാർ വാങ്ങുകയാണെങ്കിൽ

കർശനമായും ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം ഡി.ബി 6/6809/2019/സി ഇ/എൽ എസ് ജി ഡി തീയതി 26.03.2021പ്രകാരം ബിററുമിൻ വാങ്ങുന്നതിന് ഇൻഡന്റ് നൽകുമ്പോൾ ആയതിൽ "ഈ ഇൻഡന്റ് പ്രകാരം നൽകുന്ന ടാറിന്റെ ബില്ലിന്റെ പകർപ്പ് ഇൻഡന്റ് അനുവദിച്ച കാര്യാലയത്തിന്റെ ഇ-മെയിലിലേയ്ക്കും അയച്ച നൽകേണ്ടതാണ്" എന്ന പരാമർശം കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് ഫയലുകളിൽ കരാർകാർ ടാർ വാങ്ങിയതിന്റെ ബില്ലുകൾ ഉൾപ്പെടുത്തുകയോ ഇന്റന്റ് നൽകുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചതായോ കാണുന്നില്ല. ചില ഫയലുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇന്റന്റ് തയാറാക്കി ടാർ വാങ്ങേണ്ടുന്ന സ്ഥാപനത്തിന് നൽകിയതായുള്ള വിവരങ്ങളും ലഭ്യമല്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തിയുടെ പേര് - കുട്ടപ്പന വാർഡിലെ പൊതിച്ചാംവിള റോഡ് റീടാറിംഗ് വിവിധ റോഡ് ഇന്റർലോക്കിംഗ്

പ്രോജക്ട് നം - 51/2021-22

കരാറുകാരൻ - ശ്രീ സുരേഷ് കുമാർ പി

അടങ്കൽ തുക – 6,10,000/-( മെയിന്റനൻസ് ഫണ്ട് റോഡ്)

പി.എ.സി – 5,44,511.21

ചെലവ് തുക - 6,09,813/- (ബിൽ നം 58തീയതി 10.03.2022)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് ഫയലിൽ ആവശ്യമായ ടാറിന്റെ അളവ് കണക്കാക്കിയിരിക്കുന്നത് ഇപ്രകാരമാണ്.

RS1 - 378.50kg

S65 - 3874.4kg

ബിൽ പ്രകാരം ലഭ്യമായ ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ

| സ്ഥാപനം,<br>ഇ വേ ബിൽ നം , തീയതി | ഇനം | വാങ്ങിയ അളവ് | കുറവ് |
|---|---|---|---|
| സിഡ്കോ,<br>581330837170/11.01.2022 | HP Bitumen VG30 PKD (161.8kg) | 19 Barrel<br>3074.4 Kg | 800kg |
| | HINCOL Emulsion RS1 (200kg) | 1 Barrel<br>200kg | 178.5kg |

ഉപയോഗിച്ച ടാറിന്റെ അളവ് പ്രത്യേകമായി എം.ബുക്കിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ലായെങ്കിലും എം.ബുക്കിലെ അളവുകൾ പ്രകാരം ഫയലിൽ കണക്കാക്കിയിരിക്കുന്ന അളവിൽ ടാർ ഉപയോഗിച്ചിട്ടുണ്ട് (എം.ബുക്ക് നം 49/2021-22, പേജ് നം 9) . ഇന്റന്റ് പ്രകാരമുള്ള ടാർ കരാറുകാരൻ വാങ്ങി ഉപയോഗിച്ചുവോ എന്ന് പരിശോധിച്ചുറപ്പുവരുത്താതെയാണ് അന്തിമ ബിൽ തയാറാക്കി കരാറുകാരന് നൽകിയിരിക്കുന്നത് (5,88,032.58 /- രൂപ)

(ഓഡിറ്റ് എൻക്വയറി നമ്പർ 13/16.04.2023)

2) പ്രവർത്തിയുടെ പേര് - പെരുംപഴുതൂർ വാർഡിൽ അറപ്പുരവിളാകം റോഡ് റീ ടാറിംഗ്

പ്രോജക്ട് നം - 66/2021-22

അടങ്കൽ തുക – 448000/-( മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ് തുക - 445668/- (ACRബിൽ നം 8തീയതി 29.01.2022)

കരാറുകാരന് നൽകിയ തുക - 429748/-

പ്രോജക്ട് ഫയലിൽ ആവശ്യമായ ടാറിന്റെ അളവ് കണക്കാക്കിയിരിക്കുന്നത് ഇപ്രകാരമാണ്

RS1 Tack Coat - 193 Kg

S65 - 1526kg

Ss1 - 510 Kg

എം ബുക്കിൽ ഉപയോഗിച്ച ടാറിന്റെ അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടാറിന്റെ ആവശ്യകത നിർണയിച്ചുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഇന്റന്റ്, ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 13/16.04.2023)

3) പ്രോജക്ട് നം , പേര് - 270/22 ചുണ്ടവിള വാർഡിലെ ഓലത്താന്നി ജംഗ്ഷൻ വിക്ടറി സ്കൂൾ റോഡ് റീടാറിംഗ്- (സ്പിൽ ഓവർ)

അടങ്കൽ - 3,65,000 ( മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് - 3,64,684 ( ബിൽ നം 2/07.07.21)

കരാറുകാരൻ - ജിജോ പോൾ (0.02% കുറവ്)

എം ബുക്ക് നം -82/2020-21

പ്രോജക്ട് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. റീടാറിംഗ് പ്രവർത്തിയ്ക്ക് Bitumen 2068kg, Bitumen Emulsion (Rs1) 161kg എന്നീ അളവുകളിൽ കരാറുകാരനായ ജെ.ജിജോ പോൾ എന്ന വ്യക്തിയ്ക്ക് ടാർ സപ്ലൈ ചെയ്യുന്നതിന് 02.02.2021 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നം 1/AEE/NTA /2019നമ്പർ കത്ത് പ്രകാരം The Teratorial Manager, BPCL, Ambalamugal ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ ബി.പി.സി. എൽ ൽ നിന്നും ലഭ്യമാക്കിയ ബിൽ പ്രകാരം VG30 എന്ന ഇനത്തിന്റെ അളവ് 45 DRK(@6728.28 , 18%GST, 348988 ,Ded 7.020) ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കൂടാതെ SR Petrochemicals , Ernakulamഎന്ന സ്ഥാപനത്തിൽ നിന്നും 20.03.2020 ലെ ഇ വേ ബില്ലിന്റെ അടിസ്ഥാനത്തിൽ RS1 – 1.400 MT, SS1 1 MTഎന്നീ അളവുകളിൽ ബിറ്റുമിൻ ലഭ്യമാക്കിയിരിക്കുന്നു . എം ബുക്ക് പ്രകാരം ആദ്യ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 29.01.2021 ലാണ്. ഏകദേശം ഒരു വർഷം മുൻപുള്ള ബില്ലാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സ.ഉ (സാധാ) നം 1320/2019/PWD Dated 14.11.2019 പ്രകാരം പൊതുമേഖലാഎണ്ണക്കമ്പനികൾക്ക് പുറമെ SIDCOയിൽ നിന്നുമാത്രമാണ് കരാറുകാർക്ക് മരാമത്ത് പ്രവർത്തികൾക്കുള്ള ബിറ്റുമിൻ വാങ്ങാൻ അനുമതിയുള്ളത്. സർക്കുലർ നമ്പർ DB6/6809/2019/CELSGD Dated 20.12.2021 പ്രകാരം മറ്റു സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന ബിറ്റുമിൻ ഉൽപന്നങ്ങൾ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവർത്തികൾ നടത്താൻ പാടില്ലായെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആയതിന് വിരുദ്ധമായാണ് ടാർ വാങ്ങൽ നടത്തിയിരിക്കുന്നത്. ആകെ എത്ര അളവിൽ ടാർ ഉപയോഗിച്ചുവെന്ന് എം ബുക്കിൽ രേഖപ്പെടുത്തുകയോ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 69/27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

4)പരിശോധിച്ച ഫയലുകളിൽ ടാർ ബിൽ ഹാജരാക്കാത്ത മറ്റ് രണ്ട് പ്രവൃത്തികളുടെ വിശദാംശങ്ങൾ കൂടി ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | കരാറുകാരൻ | അടങ്കൽ (മെയിന്റനൻസ് ഫണ്ട് റോഡ്) | ചെലവ് | ACRബിൽ നം തീയതി |
|---|---|---|---|---|
| രാമേശ്വരം വാർഡിൽ രാമേശ്വരം റെയിൽവെ ലൈൻ റോഡ് റീടാറിംഗ്( പ്രോജക്ട് നം 91/2021-22), | മധു ജെ | 535000 | 534174 | 271/16.02.22 |
| മണലൂർ വാർഡിലെ ശ്രീനിവാസൻ റോഡ് റീടാറിംഗ്(89/2021-22) | മധു ജെ | 540000 | 539501 | 285/23.02.22 |

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 71/27.4.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒറിജിനൽ ടാർ ബില്ലുകളുടെ അഭാവത്തിൽ , സർക്കാർ നിർദ്ദേശം പാലിക്കാതെ കരാറുകാരൻ തുക അനുവദിച്ചതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുതുക 24,93,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ അധിക തുക നൽകി - 10500/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം, പേര് - 265/21-22 വനിതകൾക്ക് ഓപ്പൺ ജിം

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 5 ലക്ഷം (ധനകാര്യകമ്മിഷൻ ഗ്രാന്റ് - Untied)

ചെലവ് - 498525 ( ACR Bill No 392/28.03.2022 )

എം ബുക്ക് നം. - 82/21-22

കരാറുകാരൻ - അനിൽ ആർ (Payment Advice No C032277075970 Dated 28.03.2022 For Rs 480721/- )

കോസ്റ്റ് ഇൻഡക്സ് - 35.59%

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മുനിസിപ്പൽ എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭ്യമായ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഡി.എ.ആർ പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളും, ഒറിജിനൽ ബിൽ ലഭ്യമാക്കി അനുവദിക്കാവുന്ന ജിം ലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളുമാണുള്ളത്. (Tredmill Hercues TM29, Maganetic Machince EL10)

എം ബുക്ക് പേജ് നം 22, 30 പ്രകാരം Supplying And Fixing Tred Mill Dumbil Barrel Earth എന്നായിനത്തിന് ലഭ്യമാക്കിയ ഒറിജിനൽ ബില്ലിന്റെ (Jaya Lights And Agencies, Neyyattinkara, Invoice No JE21/0789 Dated 26.03.2022) അടിസ്ഥാനത്തിൽ 87,500/-രൂപ (ജി.എസ്.ടി തുക18% ബില്ലിൽ ക്ലെയിം ചെയ്തിട്ടുണ്ട്) അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഇനങ്ങളിൻമേൽ കോമ്പൻസേഷൻ ആയി നൽകുന്ന 12% ജി.എസ്.ടി. അനുവദിക്കേണ്ടതില്ല.. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഈയിനം കൂടി ഉൾപ്പെടുത്തിയ തുകയ്ക്കാണ് ജി.എസ്.ടി കോംപൻസേഷൻ 12% കണക്കാക്കിയിരിക്കുന്നത്. കൂടാതെ ജി.എസ്.ടി കോംപൻസേഷൻ ഇനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി ( Tred Millന്റെ വിലയായ 87,500/- രൂപ ഉൾപ്പെടെ ) 12% തുക കൂടി കൂട്ടിയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. അതായത് GST യിനത്തിലെ തുക ഒരിക്കൽ അനുവദിച്ച ബില്ലിന് വീണ്ടും കോംപൻസേഷൻ നൽകിയിരിക്കുന്നു. കരാറുകാരന് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | നൽകിയ തുക (എം ബുക്ക് 82/21-22പേജ്34,35 ) |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 445111.96 |
| Add GST 12% | 53413.43 |
| Total | 498525.39 |

കരാറുകാരന് നൽകേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

Total Value Of Work Done – 445111.96

(-) ജിം ഉപകരണങ്ങളുടെ വില (ജി എസ് ടി ഉൾപ്പെടെ) – 87500/-

വ്യത്യാസം (പ്രവൃത്തി മൂല്യം) - 357611.96

(+)12%GST - 42913

ആകെ - 400524.96

(+) ജിം ഉപകരണങ്ങളുടെ വില (ജി എസ് ടി ഉൾപ്പെടെ) - 87500

ആകെ കരാറുകാരന് നൽകേണ്ട തുക (നികുതിയുൾപ്പെടെ) - 488024.96

അധികമായി നൽകിയതുക = 498525.39- 400524.96

= 10500/-

GST കോംപൻസേഷൻ ഇനത്തിൽ അധികമായി നൽകിയ തുക 10,500/- കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 64/27.04.2023)_മറുപടി ലഭ്യമാക്കിയില്ല.

(3) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വനിതാ ഓപ്പൺ ജിം നിലവിൽ വനിതകൾക്കായി തുറന്നുകൊടുത്ത് പ്രയോജനപ്രദമാക്കിയിട്ടുണ്ടോയെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 3-2 ഷീലോഡ്ജ് പൂർത്തീകരണം പദ്ധതി - കരാറുകാരന് തുക അധികം നൽകി - 94,974/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഷീലോഡ്ജ് നിർമ്മാണം പൂർത്തീകരണം (183/22) |
| അടങ്കൽ തുക | 42,00,000/- (സി എഫ് സി ഗ്രാന്റ്) |
| ചെലവ് തുക | 24,59,933/- |
| ബിൽ നം. തീയതി | 309/04.03.2022( ACR) |
| എം ബുക്ക് നം | 34/21-22, 35/21-22 |
| കരാറുകാരൻ | ശ്രീ. റോബിൻസൺ S |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ്കുമാർ എസ്. കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മറ്റ് സ്ഥലങ്ങളിൽ നിന്നും വന്ന് നഗരസഭാ മേഖലയിൽ ജോലി ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഒരുക്കുന്നതിനായി ഷീലോഡ്ജ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് മേൽ പട്ടിക പ്രകാരമുള്ള പദ്ധതി നടപ്പാക്കി. ചെലവ് തുക നൽകുന്നതിന് ബിൽ തയ്യാറാക്കിയ വേളയിൽ കരാറുകാരൻ ക്വാട്ട് ചെയ്തിനേക്കാളും, റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്ക് രേഖപ്പെടുത്തുകയും അധികം തുക അനുവദിക്കുകയും ചെയ്തു.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഭാഗം I ൽ Building, ഭാഗം 2 ൽ Water Supply And Sanitary, ഭാഗം 3 ൽToilet, ഭാഗം 4 ൽ Ground Levelling, Extra Item 2 എന്നിങ്ങനെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുലള്ളത്. ഭാഗം 2 ൽ Water Supply And Sanitary പ്രവൃത്തിയുടെ ഭാഗമായി Item No. 24 – Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering – All Works Up To Plinth Level 1:4:8 എന്ന ഇനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 35.46 M3ന് 6176.71 രൂപ നിരക്കിൽ 219026.14 രൂപ വകയിരുത്തി. കരാറുകാരൻ ഈ ഇനത്തിന് M3ന് 5250.210 രൂപ ക്വാട്ട് ചെയ്തിരിക്കുന്നു. എന്നാൽ എം ബുക്ക് (35/21-22, പേജ് നം 57) , KPW FORM 22 എന്നിവ പ്രകാരം പ്രസ്തുത ഇനത്തിന് 28.266 M3 ന് 8250.21 രൂപ നിരക്കിൽ 233200.43 രൂപ നൽകിയിരിക്കുന്നു. 5250.210 രൂപ നിരക്കിൽ 148402.43 രൂപ നൽകേണ്ടതിനു പകരം 233200.43 രൂപ നൽകിയതിനാൽ 84,798/- രൂപ അധികം കണക്കാക്കി ജി എസ് റ്റി കോമ്പൻസേഷൻ 12% ഉൾപ്പെടെ 94,974/- രൂപ (84,798 + GST 12% 10176/- ) അധികം നൽകി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 19.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/23 ന് മറുപടി ലഭ്യമാക്കിയില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യത ആകുന്നതാണ്.

## 3-3 ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം നൽകി - 6900/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

നഗരസഭയ്ക്ക് കീഴിലുള്ള എൽ.പി. സ്കൂളുകളിൽ സ്മാർട്ട് റൂം ഒരുക്കുന്ന പ്രിൻസിപ്പൽ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളുടെ ഭാഗമായി ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക (493200/-) ക്വാട്ട് ചെയ്ത RBH Business Enterprises- ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ മാറി നൽകിയപ്പോൾ ക്വാട്ട് ചെയ്തതിനേക്കാൾ അധികം തുക നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവായ തുക | ബിൽ നം. തീയതി | ക്വാട്ട് ചെയ്ത തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | 160/22 | നെയ്യാറ്റിൻകര ജെ ബി എസ്-ൽ സ്മാർട്ട് ക്ലാസ് റൂം | 500000 | 495500 | 10/21-22 03.03.22 | 493200/- | 2300/- |
| 2 | 157/22 | അമരവിള ജെ ബി എസ്-ൽ സ്മാർട്ട് ക്ലാസ് റൂം | 500000 | 495500 | 8/21-22 03.03.22 | 493200/- | 2300/- |
| 3 | 159/22 | എൽ പി എസ് വേങ്കഴിയിൽ സ്മാർട്ട് ക്ലാസ്സ് റൂം | 500000 | 495000 | 9/21-22 03.03.22 | 493200/- | 2300/- |
| | | | | | ആകെ | | 6900/ |

അധികം നൽകിയ 6900/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി | 455/22നഗരസഭയിലെ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1744676 |
| ആകെ | | | 1744676 |

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.ഡബ്ല്യു.എ. | 454/22 നഗരസഭയിലെ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 7000000 |
| ആകെ | | | 7000000 |

എ.എഫ്.എസ് പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരം

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം * | ആകെ | ചെലവ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| നിർവഹണ ഏജൻസികൾക്കു നൽകിയിട്ടുള്ള ആകെ തുക | 4971831 | 8744676 | 13716507 | 0 | 13716507 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./ തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|
| | | | | മുതൽ | |
| കെ.യു.ആർ.ഡി.എഫ്.സി | | 0 | 213040000 | 14853667 | 198186333 |

### 4-5 സ്ഥിരനിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

### 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6,31,97,781.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 33,27,16,570.00 |
| ആകെ | 39,59,14,351.43 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 31,12,01,920.00 |
| നീക്കിയിരിപ്പ് | 8,47,12,431.43 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 112374 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,78,34,267 |

(ബി)മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,500 | ശ്രീ ലോറൻസ് എൻ,<br>അസിസ്റ്ററന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-2 | 94,974 | ശ്രീ. സുരേഷ് കുമാർ എസ് കെ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | 6900 | ശ്രീ.ജോയ് ജോൺസ്<br>പ്രിൻസിപ്പൽ, ജി.ബി.എച്ച്.എസ്.എസ് |
| ആകെ | 112374 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 2,59,920 | ശ്രീ മണികണ്ഠൻ ആർ,<br>മുനിസിപ്പൽ സെക്രട്ടറി |
| 1-17 | 19,95,525 | |
| 1-18 | 70,00,000 | |
| 1-19 | 17,44,676 | |
| 1-20 | 4,74,011 | |
| 1-21 | 4,65,101 | മുനിസിപ്പൽ സെക്രട്ടറി &ഭരണസമിതി അംഗങ്ങൾ |
| 1-30 | 75,618 | ഡോ വി ശിവസെന്തിൽ കുമാർ,<br>സീനിയർ വെറ്റിനറി സർജൻ |
| 1-31 | 2,08,159 | ഡോ. ആർ.എസ്. മിനി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-37 | 1,80,000 | ശ്രീ ജോയ് ജോൺസ് , പ്രിൻസിപ്പൽ,<br>ജി.ബി എച്ച് എസ് എസ്, നെയ്യാറ്റിൻകര |
| 1-40 | 1,29,000 | ശ്രീ മണികണ്ഠൻ ആർ, മുനിസിപ്പൽ സെക്രട്ടറി |
| 1-42 | 3,56,308 | ശ്രീ മണികണ്ഠൻ ആർ, മുനിസിപ്പൽ സെക്രട്ടറി |
| 1-50 | 4,50,000 | ശ്രീ ലോറൻസ് എൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-51 | 7,28,831 | ശ്രീ ലോറൻസ് എൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-60 | 12,73,278 | ശ്രീ മണികണ്ഠൻ ആർ, മുനിസിപ്പൽ സെക്രട്ടറി |
| 1-61 | 24,93,840 | ശ്രീ ലോറൻസ് എൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1,78,34,267 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ മണികണ്ഠൻ ആർ, മുനിസിപ്പൽ സെക്രട്ടറി | സാഭിമന്യം,<br>റ്റി സി 6/2476(2)<br>കുരുവിക്കാട്,<br>വട്ടിയൂർക്കാവ് 695013 |
| ശ്രീ. സുരേഷ് കുമാർ എസ് കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | തിരുവോണം,<br>റ്റി സി 49/2163,<br>സ്റ്റുഡിയോ റോഡ്,<br>നേമം 955020 |

| | |
|---|---|
| ശ്രീ ലോറൻസ് എൻ, അസിസ്ററന്റ് എഞ്ചിനീയർ | സെന്റ് ആന്റണീസ് ഭവൻ,<br>മൈലോട്, മലയിൻകീഴ് 695571 |
| ഡോ വി ശിവസെന്തിൽ കുമാർ, സീനിയർ വെറ്ററിനറി സർജൻ | ബ്ലെസി ഭവൻ, ചാണി,<br>കാഞ്ഞിരംകുളം പി ഒ |
| ഡോ. ആർ.എസ്. മിനി, മെഡിക്കൽ ഓഫീസർ ആയുർവേദം | ശ്രുതിലയം,<br>മണ്ണന്തല പി.ഒ.,<br>തിരുവനന്തപുരം 695015 |
| ശ്രീ ജോയ് ജോൺസ് , പ്രിൻസിപ്പൽ, ജി.ബി എച്ച് എസ് എസ് | സി.എസ്.ഐ പേരയം,<br>പാല്പവള്ളി, മീൻമുട്ടി പി.ഒ,<br>തിരുവനന്തപുരം |
| ശ്രീമതി. ഷാമില എസ്<br>ഭരണസമിതി അംഗം | അൻസർ കോട്ടേജ്,<br>ആറാലുംമൂട്<br>ബാലരാമപുരം പി.ഒ |
| ശ്രീ. പ്രസന്നകുമാർ<br>ഭരണസമിതി അംഗം | ആദർശ് ഭവൻ, വാഴവിളാകം,<br>പൂജാനഗർ, ആറാലുംമൂട് പി.ഒ. |
| ശ്രീ. പി.കെ. രാജമോഹൻ<br>ഭരണസമിതി അംഗം | വൈശാഖ്, മരുത്തൂർ,<br>നെയ്യാറ്റിൻകര പി.ഒ. |
| ശ്രീ. മഹേശ്വരൻ നായർ എൻ<br>ഭരണസമിതി അംഗം | വന്ദനം,<br>റെയിൽവേ സ്റ്റേഷൻ റോഡ്,<br>നെയ്യാറ്റിൻകര പി.ഒ. |
| കെ.സി. ജയശീലി<br>ഭരണസമിതി അംഗം | പേരുവിള പുത്തൻവീട്,<br>കൂട്ടപ്പന, നെയ്യാറ്റിൻകര പി.ഒ. |
| ഗീത കെ<br>ഭരണസമിതി അംഗം | കൊട്ടറത്തല മേലേ വീട്,<br>പുന്നയ്ക്കാട്, പെരുമ്പഴുതൂർ പി.ഒ. |
| സ്മിത എസ്<br>ഭരണസമിതി അംഗം | തിനവിള പുത്തൻവീട്,<br>കളത്തുവിള, പെരുമ്പഴുതൂർ പി.ഒ. |
| അജി എൻ<br>ഭരണസമിതി അംഗം | തേരിവിള പുത്തൻവീട്,<br>വടകോട്, പെരുമ്പഴുതൂർ പി.ഒ. |
| ജെ. ജോസ് ഫ്രാങ്ക്ലിൻ<br>ഭരണസമിതി അംഗം | ജോസ് നിവാസ്,<br>നക്കോട്, പെരുമ്പഴുതൂർ പി.ഒ. |
| സി. പുഷ്പലീല<br>ഭരണസമിതി അംഗം | അഖില കോട്ടേജ്,<br>ഈരാറ്റിൻപുറം,<br>വെളിയംകോട് പി.ഒ. |
| ശശിധരൻ<br>ഭരണസമിതി അംഗം | കൊല്ലരിവിളവീട്,<br>മാമ്പഴക്കര, പെരുമ്പഴുതൂർ പി.ഒ. |
| ഷീബ സജ്ജ<br>ഭരണസമിതി അംഗം | സജ്ജ നിവാസ്,<br>പെരമ്പിൻ കുഴി,<br>പെരുമ്പഴുതൂർ പി.ഒ. |
| ജി ഗോപകുമാർ<br>ഭരണസമിതി അംഗം | രാജി സദനം,<br>പെരുമ്പഴുതൂർ പി.ഒ. |
| അഡ്വ. സ്വപ്നജിത്ത് എസ്.എസ്.<br>ഭരണസമിതി അംഗം | സരസ്വതി വിലാസം,<br>കല്ലരിക്കോണം,<br>മേലെപുത്തൻവീട്,<br>മുട്ടയ്ക്കാട്, പെരുമ്പഴുതൂർ പി.ഒ. |
| വേണുഗോപാൽ എസ് | കുറ്റിയാണിക്കൽ വീട്, |

| | |
|---|---|
| ഭരണസമിതി അംഗം | തൊഴുക്കൽ, നെയ്യാറ്റിൻകര പി.ഒ. |
| ജി സുകുമാരി<br>ഭരണസമിതി അംഗം | നന്ദനം, തട്ടാംവിള,<br>തൊഴുക്കൽ, നെയ്യാറ്റിൻകര പി.ഒ. |
| അഡ്വ. എൽ.എസ്. ഷീല<br>ഭരണസമിതി അംഗം | കുഴിയംവിള വീട്,<br>വഴുതൂർ, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. കരോളിൻ സ്മിതാ ദാസ്<br>ഭരണസമിതി അംഗം | കറ്റുവെട്ടി വീട്,<br>ഇരുമ്പിൽ, അരുവിപ്പുറം പി.ഒ. |
| ശ്രീ. സുജിൻ എസ്.എസ്.<br>ഭരണസമിതി അംഗം | മാത്തുവിളാകം വീട്,<br>മരുതത്തൂർ,<br>ചായ്ക്കോട്ടുകോണം പി.ഒ. |
| ശ്രീമതി. പത്മകുമാരി എസ്<br>ഭരണസമിതി അംഗം | പ്ലാങ്കാലവിള വീട്,<br>പറയ്ക്കോട്ടുകോണം, ചായ്ക്കോട്ടുകോണം പി.ഒ. |
| ശ്രീ. എ.ബി. സജു<br>ഭരണസമിതി അംഗം | തരിശിൽ പുത്തൻവീട്,<br>ഇലിപ്പോട്ടുകോണം, ചായ്ക്കോട്ടുകോണം പി.ഒ. |
| ശ്രീ. ബിനുകുമാർ ജി<br>ഭരണസമിതി അംഗം | വസന്ത വിലാസം,<br>കരിപ്പുറം, മരുതത്തൂർ,<br>ചായ്ക്കോട്ടുകോണം പി.ഒ |
| ശ്രീ. ഡി.എസ്. വിൻസെന്റ്<br>ഭരണസമിതി അംഗം | കാഞ്ചിവിള വീട്, ഇരുമ്പിൽ,<br>നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. അജിത ആർ<br>ഭരണസമിതി അംഗം | ടി.ആർ. ഭവൻ,<br>വടക്കേകോട്ട,<br>ഫോർട്ട് വാർഡ്,<br>നെയ്യാറ്റിൻകര പി,ഒ. |
| ശ്രീമതി. പി.എസ്. ലക്ഷ്മി ടീച്ചർ<br>ഭരണസമിതി അംഗം | നെടിയവിള പുത്തൻവീട്,<br>കൃഷ്ണപുരം, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീ. ഗ്രാമം പ്രവീൺ<br>ഭരണസമിതി അംഗം | നെടിയവിള പുത്തൻവീട്,<br>കടവട്ടാരം, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീ. ഷിബു രാജ് കൃഷ്ണ<br>ഭരണസമിതി അംഗം | അനുഗ്രഹ, അമരവിള പി.ഒ. |
| ശ്രീ. കെ. സുരേഷ്<br>ഭരണസമിതി അംഗം | നെല്ലിവിളാകം വീട്,<br>ആർ.സി. സ്ട്രീറ്റ്, അമരവിള പി.ഒ. |
| ശ്രീമതി. കല ടീച്ചർ<br>ഭരണസമിതി അംഗം | അളകാപുരി, അമരവിള, അമരവിള പി.ഒ. |
| ശ്രീമതി. സരളാരത്നം<br>ഭരണസമിതി അംഗം | സരളാലയം, പുല്ലാമല,<br>അമരവിള പി.ഒ. |
| ശ്രീമതി. അനിതകുമാരി എൻ.കെ.<br>ഭരണസമിതി അംഗം | വലിയതോട്ടത്തു വീട്,<br>മണത്തല, കടവട്ടാരം,<br>നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. എസ്. ദീപ<br>ഭരണസമിതി അംഗം | മണമേൽ വടക്കതിൽ പുത്തൻ വീട്, ഓലത്താന്നി,<br>നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. ഐശ്വര്യ എസ്.എ<br>ഭരണസമിതി അംഗം | ഏദൻസ് വില്ല,<br>ഓലത്താന്നി, നെയ്യാറ്റിൻകര പി.ഒ. |

| | |
|---|---|
| ശ്രീ. കെ.കെ. ഷിബു<br>ഭരണസമിതി അംഗം | പുതുവൽ പുത്തൻവീട്,<br>കവളാകുളം, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. ഡി. സൌമ്യ<br>ഭരണസമിതി അംഗം | വലിയവിള പുത്തൻവീട്,<br>കവളാകുളം, നെയ്യാറ്റിൻകര |
| ശ്രീമതി. അമ്മിണിക്കുട്ടി കെ<br>ഭരണസമിതി അംഗം | കാർത്തിക, കുഴിവിളാകം,<br>മേക്കരി, നെയ്യാറ്റിൻക പി.ഒ. |
| ശ്രീമതി. മിനിമോൾ എസ്.എൽ<br>ഭരണസമിതി അംഗം | ചെമ്മണ്ണുകാല വീട്,<br>മണലൂർ റോഡ്, മണലൂർ,<br>നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. സുമ എസ്<br>ഭരണസമിതി അംഗം | പണയിൽ പുത്തൻ വീട്,<br>മണലൂർ, ഊരുട്ടുകാല,<br>നെയ്യാറ്റിൻകര പി.ഒ. |
| ശ്രീ. മഞ്ചത്തല സുരേഷ്<br>ഭരണസമിതി അംഗം | എം.ആന്റ് എ മോട്ടോഴ്സ്<br>ബിൽഡിംഗ്,<br>ആലുംമൂട്, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. അലിഫാത്തിമ എം<br>ഭരണസമിതി അംഗം | ദീൻ മൻസിൽ, പ്ലാവിള,<br>റ്റി.ബി. ജംഗ്ഷൻ,<br>നെയ്യാറ്റിൻകര പി.ഒ. |
| അഡ്വ. എസ്.പി. സജിൻലാൽ<br>ഭരണസമിതി അംഗം | വൈറ്റ് ഹൌസ്,<br>അതിയന്നൂർ, ആറാലുംമൂട് പി.ഒ. |
| ശ്രീമതി. കെ.എസ്. അജിത<br>ഭരണസമിതി അംഗം | കടകമ്പ് വീട്,<br>അതിയന്നൂർ, ആറാലുംമൂട് പി.ഒ. |
| ഡോ.എം.എ സാദത്ത്<br>ഭരണസമിതി അംഗം | പ്ലാവിള പുത്തൻവീട്,<br>വഴിമുക്ക്, ബാലരാമപുരം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി(എ)4/13/99/ 01.01.1992 | 32 |
| 1997-98 | എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000/20.12.00 | 36 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.241/01/ 15.03.2003 | 31 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ.289/ 03/13.10.2003 | 57 |
| 2000-01 (ചെലവ്) | എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04/ 16.3.2005 | 63 |
| 2000-01 (ഫൈനൽ) | എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07/ 16.2.2008 | 34 |
| 2001-02 (ചെലവ്) | എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06/20.1.07,14.3.07 | 29 |
| 2001-02 (ഫൈനൽ) | എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07/ 7.4.2008 | 30 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07/ 7.4.2008 | 28 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09/ 31.03.10 | 25 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ.304/11/ 13.10.2011 | 24 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ.305/11/ 13.10.2011 | 33 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ.36/12/17.07.12 | 20 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ.37/12/17.7.12 | 18 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12/22.2.13 | 35 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14/ 18.12.14 | 25 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13/16.1.14 | 37 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016/ 18.03.16 | 42 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016/12.08.16 | 34 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016 /12.01.17 | 33 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.എൽ/1848/2017, തീ: 26.09.17 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.എൽ/2692/2018, തീ: 18/03/19 | 32 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.എൽ/329/2020, തീ: 25.05.20 | 65 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.എൽ/1974/2021, തീ: 31.01.22 | 58 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.എൽ/1265/2022, തീയതി.03.08.2022 | 72 |

ജോയിന്റ് ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്